# അദ്ധ്യായം II
# വനിതാ ശിശു വികസന വകുപ്പ്

## 2.1. സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെയും മറ്റ് ശിശു സംരക്ഷണ പദ്ധതികളുടെയും നടപ്പാക്കൽ

### 2.1.1. ആമുഖം

'ശിശു സംരക്ഷണം' എന്നത് കുട്ടികളെ, പ്രതീക്ഷിതമോ അല്ലെങ്കിൽ യഥാർത്ഥമോ ആയ അപകടത്തിൽ നിന്നോ അവരുടെ ജീവനും വ്യക്തിത്വത്തിനും ശൈശവത്തിനുമുള്ള ഭീഷണിയിൽ നിന്നോ അവരെ സംരക്ഷിക്കുന്നതിനെക്കുറിച്ചാണ്. അത് ഏതെങ്കിലും വിധത്തിലുള്ള ദ്രോഹപ്രവൃത്തിയോട് കുട്ടികൾക്കുള്ള വശംവദത്വത്തെ ലഘൂകരിക്കുന്നതും സാമൂഹിക സുരക്ഷാ വലയത്തിൽ നിന്ന് ഒരു കുട്ടിയും പുറത്ത് പോകില്ലെന്ന് ഉറപ്പാക്കുന്നതും അങ്ങനെ സംഭവിച്ച് കഴിഞ്ഞാൽ ആവശ്യമായ പരിചരണം, സംരക്ഷണം, പിന്തുണ എന്നിവയിലൂടെ അവരെ തിരിച്ച് സുരക്ഷാവലയത്തിൽ കൊണ്ടു വരുന്നതുമാണ്. സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്)[4] എന്നത് 2009-10 വർഷത്തിൽ വനിതാ ശിശുവികസന മന്ത്രാലയത്തിനു കീഴിൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയിരുന്നു. ഈ പദ്ധതി കുട്ടികൾക്ക് സ്ഥാപനപരമായ, കുടുംബപരമായ, സാമൂഹികാധിഷ്ഠിതമായ ശ്രദ്ധ ലഭ്യമാക്കുന്നതും അവരെ അപകട സാഹചര്യങ്ങൾ, അപായം, ദുരുപയോഗം എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനായുള്ള പ്രതിരോധ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യം വച്ചു. 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം[5] (നിയമം) നടപ്പാക്കാനുള്ള സാമ്പത്തിക സഹായം ഐ.സി.പി.എസ് ലഭ്യമാക്കുന്നു.

(i) ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി) (ii) നൂതനമായ പ്രോജക്റ്റുകൾ - 12 ഉപ പദ്ധതികൾ ഉൾപ്പെടെ (**അനുബന്ധം 2.1**) തുടങ്ങിയ പദ്ധതികൾക്ക് ഫണ്ടുകൾ നൽകി കേരള സർക്കാരും കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും നിർവ്വഹിക്കുന്നു.

### 2.1.2. സംഘടനാപരമായ നില

സർക്കാർ തലത്തിൽ സംസ്ഥാനത്തിന്റെ വനിതാ ശിശു വികസന വകുപ്പിനെ (ഡബ്ല്യു.സി.ഡി.ഡി) നയിക്കുന്നത് പ്രിൻസിപ്പൽ സെക്രട്ടറിയാണ്. ഫീൽഡ് തലത്തിൽ അതിനെ നയിക്കുന്നത് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ആണ്. സംസ്ഥാന, ജില്ലാ തലത്തിൽ ഐ.സി.പി.എസിന്റെ ഫലപ്രദമായ നടപ്പാക്കൽ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റിയും (എസ്.സി.പി.എസ്) 14 ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളും (ഡി.സി.പി.യു-കൾ) സ്ഥാപിച്ചു (2014 ആഗസ്റ്റ്). സംസ്ഥാനത്ത് 27 സർക്കാർ ശിശു പരിപാലന സ്ഥാപനങ്ങളും (സി.സിഐ.-

---

[4] (i) ശ്രദ്ധയും സംരക്ഷണവും വേണ്ട കുട്ടികൾക്കും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കും - ബാലനീതിക്കായുള്ള പ്രോഗ്രാം (ii) തെരുവ് കുട്ടികൾക്കായുള്ള സംയോജിത പ്രോഗ്രാം (iii) ശിശുമന്ദിരങ്ങൾക്കായുള്ള സഹായത്തിനുള്ള പദ്ധതി (ശിശു ഗ്രേഹ്) എന്നീ മൂന്ന് സ്കീമുകളാണ് സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ (ഐ.സി.പി.എസ്) ഉൾപ്പെടുത്തിയത്

[5] 2000-ലെ ബാലനീതി (ശ്രദ്ധയും സംക്ഷരണവും) നിയമം റദ്ദാക്കിക്കൊണ്ട് ഭാരത സർക്കാർ 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംക്ഷണവും) നിയമം കൊണ്ടുവന്നു.

കൾ) എൻ.ജി.ഒകൾ[6] നടത്തിയിരുന്ന 697 സി.സി.ഐ-കളും ഉണ്ടായിരുന്നു. കൂടാതെ, കുട്ടികളുടെ ദത്തെടുക്കലും ബന്ധപ്പെട്ട കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനായി എസ്.സി.പി.എസിന്റെ കീഴിൽ ഒരു യൂണിറ്റായി സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (എസ്.എ.ആർ.എ) പ്രവർത്തിച്ചു. 14 ജില്ലകളിലെ ഡി.സി.പി.യു-കളെ നയിക്കുന്നത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരാണ് (ഡി.സി.പി.ഒ-മാർ). എല്ലാ 14 ജില്ലകളിലും ശിശു പരിപാലന സ്ഥാപനങ്ങൾ[7] ശിശുക്ഷേമ സമിതികൾ (സി.ഡബ്ല്യു.സി), ബാലനീതി ബോർഡുകൾ (ജെ.ജെ.ബി) എന്നിവ പ്രവർത്തിക്കുന്നു.

### 2.1.3. ഓഡിറ്റ് ലക്ഷ്യങ്ങളും മാനദണ്ഡങ്ങളും

അനുവർത്തന ഓഡിറ്റ് നടത്തിയത് താഴെപ്പറയുന്നവ ഉറപ്പാക്കാനാണ്.

- ഭാരതസർക്കാരിന്റെ പദ്ധതിയിലും/ മാർഗ്ഗരേഖകളിലും സംസ്ഥാന സർക്കാരിന്റെ പദ്ധതികളിലും വിഭാവനം ചെയ്ത രീതിയിൽ ഐ.സി.പി.എസും മറ്റ് ശിശു സംരക്ഷണപദ്ധതികളും ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും പര്യാപ്തമായ സംവിധാനങ്ങളും ഘടനകളും ഉണ്ടായിരുന്നോ;

- പദ്ധതിയുടെ മാർഗ്ഗരേഖകൾ, നിയമം, ചട്ടങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നതുപോലെ പദ്ധതികളിലൂടെ പുനരധിവാസവും സാമൂഹിക പുനഃസംയോജനവും കൈവരിച്ചുവന്നിരുന്നോ;

- ഫലപ്രദമായും കാര്യക്ഷമമായും പദ്ധതി കൈകാര്യം ചെയ്യുന്നതിന് ഫണ്ടുകൾ പര്യാപ്തമായിരുന്നോ, അവ സമയത്ത് ലഭ്യമായിരുന്നോ അവ പിന്നീട് സൊസൈറ്റികൾക്ക്/ യൂണിറ്റുകൾക്ക് (എസ്.സി.പി.എസ് ഡി.സി.പി.യു.-കൾ, എസ്.എ.ആർ.എ തുടങ്ങിയവ) വകതിരിച്ച് കൊടുത്തിരുന്നോ;

- മാർഗ്ഗരേഖകൾ, നിയമം, ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ച് പദ്ധതികളുടെ നടപ്പിലാക്കലിന്റെ മേൽനോട്ടം, പുരോഗതി, വിലയിരുത്തൽ എന്നിവയ്ക്ക് ഫലപ്രദമായ നിരീക്ഷണ സംവിധാനം ഉണ്ടായിരുന്നോ.

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം, 2016-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) മാതൃകാ ചട്ടങ്ങൾ, ഐ.സി.പി.എസ് മാർഗ്ഗരേഖകൾ, 2017-ലെയും 2022-ലെയും അഡോപ്ഷൻ റേഗുലേഷനുകൾ എന്നിവ മുഖ്യമാനദണ്ഡങ്ങളായി ഓഡിറ്റ് സ്വീകരിക്കുകയും അതിനനുസരിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ രൂപപ്പെടുത്തുകയും ചെയ്തു. സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിലെ കാര്യക്ഷമത സർക്കാർ ഉത്തരവുകളിൽ/നിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി വിലയിരുത്തപ്പെട്ടു.

### 2.1.4. ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

വനിതാ ശിശുവികസന വകുപ്പിനാണ് സംസ്ഥാനത്ത് ഐ.സി.പി.എസിന്റെയും മറ്റ് ശിശുസംരക്ഷണ പദ്ധതികളുടെയും നടത്തിപ്പിന്റെ ഉത്തരവാദിത്തം. 2018-19 മുതൽ

---

[6] സർക്കാരിതര സംഘടന

[7] സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ, ശിശു മന്ദിരങ്ങൾ, നിരീക്ഷണ മന്ദിരങ്ങൾ, പ്രത്യേക മന്ദിരങ്ങൾ, ഓപ്പൺ ഷെൽട്ടറുകൾ, സുരക്ഷാ സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുന്നു

2022-23 വരെയുള്ള കാലയളവിലെ ശിശുസംരക്ഷണ പദ്ധതികൾ ഉൾക്കൊള്ളിച്ച് കൊണ്ട് 2023 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ഓഡിറ്റ് നടത്തപ്പെട്ടു.

സ്ട്രാറ്റിഫൈഡ് സാംപ്ലിംഗ് ഉപയോഗിച്ച് സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത അഞ്ച്[8] ജില്ലകളിലെ ശിശുസംരക്ഷണ പദ്ധതികളുടെ നടപ്പിലാക്കൽ ആയിരുന്നു ഓഡിറ്റിന്റെ വ്യാപ്തി. ഓഡിറ്റ് രീതിയിൽ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധന, സംയുക്ത ഭൗതിക പരിശോധന, സർക്കാർ, എസ്.സി.പി.എസ്, ഡി.സി.പി.യു-കൾ, ജെ.ജെ.ബി-കൾ, സി.ഡബ്ല്യു.സി-കൾ, സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികൾ (എസ്.എ.എ), സി.സി.ഐ-കൾ (**അനുബന്ധം 2.2**) തുടങ്ങിയവയ്ക്ക് അപേക്ഷ നൽകി ഡാറ്റാ ശേഖരിക്കൽ എന്നിവ ഉൾപ്പെട്ടു. സർക്കാരിൽ നിന്ന് ഗ്രാന്റ് കിട്ടിയ സി.സി.ഐ-കളെ മാത്രമേ പരിശോധനയ്ക്കായി സാംപ്ലിംഗിന് എടുത്തുള്ളൂ. 2023 മാർച്ച് 31-ന് സംസ്ഥാനത്തെ വിവിധ സി.സി.ഐ-കളിൽ 11,114 കുട്ടികൾ അന്തേവാസികളായിരുന്നു. തെരഞ്ഞെടുത്ത ജില്ലകളിലെ സി.സി.ഐ.-കളിലെ അന്തേവാസികളുടെ എണ്ണം 675 ആയിരുന്നു. സംസ്ഥാനത്ത് ശിശുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഭാഗഭാക്കുകളാകുന്ന വകുപ്പുകളായ പോലീസ്, തൊഴിൽ, ആരോഗ്യം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നിവയിൽ നിന്നും ഓഡിറ്റിന് ഡാറ്റാ ലഭിച്ചു.

2023 മേയ് 16-ന് വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ വ്യാപ്തി, രീതി, മാനദണ്ഡങ്ങൾ മുതലായവയെപ്പറ്റി ചർച്ച ചെയ്യുകയും ധാരണയിലെത്തുകയും ചെയ്തു.

വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായി 2024 മേയ് 17-ന് നടന്ന സമാപന കൂടിക്കാഴ്ചയിൽ അനുവർത്തന ഓഡിറ്റിലെ കണ്ടെത്തലുകളെപ്പറ്റി വിശദമായി ചർച്ച ചെയ്തു.

### *ഓഡിറ്റ് കണ്ടെത്തലുകൾ*

### 2.1.5. ഫണ്ടിംഗ്

സംസ്ഥാനത്ത് ഐ.സി.പി.എസ് നടപ്പിലാക്കുന്നത് ഭാരത സർക്കാരിൽ നിന്നും കേരള സർക്കാരിൽ നിന്നുമുള്ള സാമ്പത്തിക സഹായം കൊണ്ടാണ്. ഓരോ വർഷവും സംസ്ഥാന സർക്കാർ പ്രോജക്റ്റ് അപ്രൂവൽ ബോർഡിന്റെ മുമ്പാകെ ബഡ്ജറ്റ് പ്രൊപ്പോസൽ വയ്ക്കുന്നു. പ്രോജക്റ്റ് അപ്രൂവൽ ബോർഡിൽ നിന്ന് അംഗീകാരം ലഭിച്ച് കഴിഞ്ഞ് സംസ്ഥാന സർക്കാരിന്റെ പക്കൽ മുൻവർഷത്തെ ചെലവാക്കാത്ത എന്തെങ്കിലും ബാക്കി തുക ഉണ്ടെങ്കിൽ അത് തട്ടിക്കിഴിച്ചിട്ട് ഭാരത സർക്കാർ കേന്ദ്രവിഹിതം സംസ്ഥാന സർക്കാരിന് നൽകുന്നു. കേന്ദ്രവിഹിതം ലഭിക്കുമ്പോൾ, കേന്ദ്ര വിഹിതത്തിനൊപ്പം സംസ്ഥാന വിഹിതവും ചേർത്ത് സംസ്ഥാന സർക്കാർ നടപ്പിലാക്കൽ യൂണിറ്റുകൾക്ക് പണം അനുവദിക്കുന്നു.

2018-22 കാലയളവിനിടയ്ക്ക് പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ഭാരത സർക്കാർ വഹിക്കേണ്ടിയിരുന്ന സാമ്പത്തിക സഹായത്തിന്റെ അനുപാതം, പ്രോജക്റ്റ് ഘടകങ്ങളെ[9] ആശ്രയിച്ച് 35 മുതൽ 90 ശതമാനം വരെ ആയിരുന്നു. 2022-23 വർഷം

---

8 തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട്, കണ്ണൂർ

9 സംസ്ഥാന പ്രോജക്റ്റ് സപ്പോർട്ട് യൂണിറ്റ് (എസ്.പി.എസ്.യു), സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റി (എസ്.സി.പി.എസ്), സംസ്ഥാന അഡോപ്ഷണ റിസോഴ്സ് ഏജൻസി (എസ്.എ.ആർ.എ), ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ (ഡിസിപിയു), ബാലനീതി ബോർഡുകൾ (ജെ.ജെ.ബി), ശിശുക്ഷേമ സമിതികൾ (സി.ഡബ്ല്യു.സി) എന്നീ നിയന്ത്രണ സ്ഥാപനങ്ങൾ, സർക്കാർ / എൻ.ജി.ഒ-കൾ നടത്തുന്ന മന്ദിരങ്ങൾ/ എസ്.എ.എ-കൾ, ഓപ്പൺ ഷെൽട്ടറുകൾ തുടങ്ങിയ എല്ലാ ഘടനാപരമായ ഘടകങ്ങളും

മുതൽ ഫണ്ടിംഗ് രീതി പരമ്പരാഗത രീതിയിൽ[10] നിന്ന് പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് രീതിയിലേയ്ക്കും[11] കേന്ദ്രത്തിനും സംസ്ഥാനത്തിനും ഇടയിലെ ഫണ്ടിംഗിന്റെ അനുപാത രീതി 60:40 -ലേയ്ക്കും മാറ്റി.

ഭാരത സർക്കാർ കേന്ദ്ര ഫണ്ടുകൾ അനുവദിച്ചിരുന്നത് താമസസൗകര്യ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സി.സി.ഐ-കളിലെ അന്തേവാസികളുടെ സ്ഥിരം അംഗസംഖ്യ ആയ 50-ന്റെയും 25-ന്റെയും അടിസ്ഥാനത്തിൽ ആയിരുന്നു. സി.സി.ഐ-കളിലെ കുട്ടികളുടെ എണ്ണം സ്ഥിരമായി നിലനിൽക്കാത്തതിനാൽ സി.സി.ഐ-കളിലെ യഥാർത്ഥ അംഗസംഖ്യയുടെ അടിസ്ഥാനത്തിലല്ല സംസ്ഥാനം ഫണ്ടുകൾ ആവശ്യപ്പെട്ടിരുന്നത്. പകരം, പദ്ധതിയുടെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഭാരത സർക്കാരിൽ നിന്ന് അനുവദനീയമായ മുഴുവൻ ഫണ്ടുകളും സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പ്രൊപ്പോസൽ സംസ്ഥാനം മുന്നോട്ട് വച്ചു.

ഓഡിറ്റ് ചെയ്ത അഞ്ച് വർഷ കാലയളവിൽ ഭാരത സർക്കാരിൽ നിന്നും കേരള സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടുകളും ഉണ്ടായ ചെലവും താഴെയുള്ള **പട്ടിക 2.1**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.1: 2018-19 മുതൽ 2022-23 കാലയളവിൽ കിട്ടിയ ഫണ്ടുകൾ, ഉണ്ടായ ചെലവ്, ചെലവഴിക്കാത്ത തുക എന്നിവയുടെ വിശദാംശങ്ങൾ**

***(₹ ലക്ഷത്തിൽ)***

| വർഷം | കിട്ടിയ ഫണ്ടുകൾ | | | മൊത്തം ചെലവ്[12] | വരും വർഷത്തെ വിതരണതുകയിൽ പുനരംഗീകരിച്ച/ തട്ടിക്കിഴിച്ച ഭാരത സർക്കാർ വിഹിതത്തിന്റെ ചെലവഴിക്കാത്ത തുക[13] |
|---|---|---|---|---|---|
| | ഭാരത സർക്കാർ വിഹിതം[14] | കേരള സർക്കാർ വിഹിതം[15] | ആകെ | | |
| 1 | 2 | 3 | 4 (2+3) | 5 | 6 |
| 2018-19 | 1263.47 | 1383.27 | 2646.74 | 2351.89 | 216.95 |
| 2019-20 | 1487.50 | 991.67 | 2479.17 | 1093.21 | 733.20 |
| 2020-21 | 1135.82 | 1246.01 | 2381.83 | 1808.06 | 783.85 |
| 2021-22 | 607.45 | 1132.37 | 1739.82 | 1809.30 | 357.57 |
| 2022-23 | 1284.88 | 1212.54 | 2497.42 | 3005.66 | 580.24 |

*(ഉറവിടം: കേരള സർക്കാർ സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രങ്ങളും ഡീറ്റേയിൽഡ് അപ്രോപ്രിയേഷൻ അക്കൗണ്ടുകളുടെ സാരാംശവും)*

[10] സംസ്ഥാന ബഡ്ജറ്റ് വഴി ആയിരുന്നത്

[11] പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്) എന്നത്, ഭാരത സർക്കാരിന്റെ ധനകാര്യ മന്ത്രാലയം, ഡിപാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചറിലെ, കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് (സി.ജി.എ) വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്ത ഒരു വെബ്-അധിഷ്ഠിത ഓൺലൈൻ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ആണ്.

[12] ഐ.സി.പി.എസ് ഹെഡ് ഓഫ് അക്കൗണ്ട് 2235-02-102-61 (2021-22 വരെ)-ന് താഴെയും 2235-02-102-19 (2022-23 വരെ)-ന് താഴെയും അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളയുടെ ഓഫീസ് രേഖപ്പെടുത്തിയ തുകകൾ

[13] ഭാരത സർക്കാരിന് സമർപ്പിക്കപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം

[14] ഭാരത സർക്കാരിന് സമർപ്പിക്കപ്പെട്ട വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം

[15] എസ്.സി.പി.എസ് സമർപ്പിച്ച തുകകൾ

ഓരോ വർഷവും ചെലവഴിക്കപ്പെടാത്ത, ₹216.95 ലക്ഷം മുതൽ ₹783.85 ലക്ഷം വരെ വന്നിരുന്ന കേന്ദ്രഫണ്ടുകൾ ഭാരത സർക്കാർ പുനരംഗീകരിക്കുകയും അടുത്ത വർഷത്തെ ധനവിഹിതത്തിൽ തട്ടിക്കിഴിക്കുകയും ചെയ്തു.

ഓഡിറ്റിന്റെ നിർദ്ദേശം കണക്കിലെടുത്തുകൊണ്ട് അന്തേവാസികളുടെ എണ്ണം കൂടി പരിഗണിച്ചു ബഡ്ജറ്റ് കൂടുതൽ യുക്തിസഹമാക്കാനുള്ള സാധ്യത പരിശോധിക്കുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമാപന കൂടിക്കാഴ്ചയിൽ (2024 മേയ്) ഉറപ്പ് നൽകി. എല്ലാ സാമ്പത്തിക വർഷത്തിന്റെയും അവസാനം മാത്രമേ ഭാരത സർക്കാരിൽ നിന്നുള്ള രണ്ടാം ഗഡു ലഭിക്കൂ എന്നതിനാൽ, സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന പരിമിതമായ കാലയളവിനുള്ളിൽ എല്ലാ ഘടകങ്ങളും പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയില്ലെന്ന് സർക്കാർ മറുപടിയിൽ പറഞ്ഞു (2024 ആഗസ്റ്റ്).

### 2.1.6. ഐ.സി.പി.എസ് നടപ്പിലാക്കുന്നതിനുള്ള ഘടനാപരമായ ചട്ടക്കൂട്

പതിനെട്ട് വയസ്സ് തികയാത്ത ഒരു വ്യക്തിയെയാണ് ജെ.ജെ നിയമത്തിൽ ‘കുട്ടി’യായി നിർവ്വചിക്കുന്നത്. കുറ്റം ചെയ്ത ദിവസം 18 വയസ്സ് തികയാത്തതും കുറ്റം ചെയ്തതോ കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്നതോ ആയ വ്യക്തിയെയാണ് ‘നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി’യായി (സി.സി.എൽ) നിർവ്വചിക്കുന്നത്. സ്ഥിരമായ വാസസ്ഥലമില്ലാത്തതോ ജീവിക്കാൻ വകയില്ലാത്തതോ പ്രാബല്യത്തിൽ ഉള്ള തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമായി തൊഴിൽ ചെയ്യുന്നതോ ഭിക്ഷയാചിക്കുന്നതോ തെരുവിൽ കഴിയുന്നതോ, ഉപദ്രവിക്കുകയോ, ചൂഷണം ചെയ്യുകയോ, പീഡിപ്പിക്കുകയോ അവഗണിക്കുകയോ ചെയ്യുന്ന ഒരു വ്യക്തിയുടെ കൂടെ കഴിയുകയോ ചെയ്യുന്ന ഒരാളെയാണ് ‘ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഒരു കുട്ടി’യായി (സി.എൻ.സി.പി) നിർവ്വചിക്കുന്നത്. സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തീരുമാനിക്കാനായി, സി.സി.എല്ലിനെ ഒരു മെട്രോപൊലിറ്റൻ മജിസ്ട്രേറ്റ് അല്ലെങ്കിൽ ഒരു ഫസ്റ്റ് ക്ലാസ് ജ്യുഡീഷ്യൽ മജിസ്ട്രേറ്റ്, ഒരു വനിതാ ഉൾപ്പെടെ രണ്ട് സാമൂഹിക സേവകർ എന്നിവർ ചേർന്ന ഒരു ജെ.ജെ.ബി-യുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം എന്നിവയിൽ കുറഞ്ഞത് ഏഴ് വർഷം കുട്ടികളോടൊപ്പം പ്രവർത്തിച്ച് പരിചയം ഉള്ളതോ, ഒരു പ്രാക്ടീസിംഗ് പ്രൊഫഷണലോ[16], ഒരു വിരമിച്ച ന്യായാധിപനോ അംഗങ്ങളായതും ഒരു ചെയർപേഴ്സണും ഉൾപ്പെട്ട സി.ഡബ്ല്യു.സി-യുടെ മുമ്പാകെ ഒരു സി.എൻ.സി.പി-യെ ഹാജരാക്കേണ്ടതാണ്.

പദ്ധതിയുടെ ഫലപ്രദമായ നടപ്പിലാക്കലിന് നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ ഭരണസംവിധാനങ്ങളും ഘടനാസമ്പ്രദായങ്ങളും ഉണ്ടായിരുന്നോ എന്ന്, താഴെ വിവരിക്കുംവിധം ഓഡിറ്റ് പരിശോധിച്ചു.

#### *2.1.6.1. നിയമവുമായുള്ള താരതമ്യത്തിൽ പദ്ധതി മാർഗ്ഗരേഖകളിലെ വ്യവസ്ഥകളുടെ പൊരുത്തമില്ലായ്മ*

നിയമത്തിന്റെ വകുപ്പുകൾ 35-ഉം 36-ഉം പ്രകാരം അനാഥപ്പെട്ടതോ, ഏൽപ്പിക്കപ്പെട്ടതോ, ഉപേക്ഷിക്കപ്പെട്ടതായി കാണപ്പെടുന്നതോ ആയ ആറ് വയസിൽ താഴെയുള്ള ഒരു കുട്ടിയെ സി.ഡബ്ല്യു.സി-യ്ക്ക് ഒരു സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ

---

[16] ശിശുമനഃശാസ്ത്രം/ മനോരോഗചികിത്സ/ സാമൂഹികസേവനം/ സാമൂഹികശാസ്ത്രം/ മാനവ വികാസം/ നിയമമേഖലയിൽ ബിരുദമുള്ള ആൾ

ഏജൻസിയിൽ (എസ്.എ.എ) മാത്രമേ ഏൽപ്പിക്കാവൂ. കുട്ടിക്ക് ആറ് വയസ്സിന് മുകളിലാണ് പ്രായമെങ്കിൽ കുട്ടിയെ ഒരു ബാലമന്ദിരത്തിൽ ആക്കാവുന്നതാണ്.

ആറ് വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് താമസസൗകര്യമുള്ള പരിചരണം ലഭ്യമാക്കുന്ന സർക്കാരും എൻ.ജി.ഒകളും നടത്തുന്ന എസ്.എ.എ-കളെ പിന്തുണയ്ക്കാനുള്ള നടപടികൾ ഐ.സി.പി.എസിന്റെയും മിഷൻ വാൽസല്യ[17]യുടെയും മാർഗ്ഗരേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു കുട്ടിയും ഒരു വർഷത്തിൽ കൂടുതൽ എസ്.എ.എ യുടെ സംരക്ഷണയിൽ തുടരരുതെന്നാണ് ഈ മാർഗ്ഗരേഖകൾ പറയുന്നത്.

എസ്.എ.എ-യിൽ ഒരു കുട്ടി ഒരു വർഷത്തിലധികം താമസിക്കാൻ പാടില്ല എന്ന നിയന്ത്രണമേർപ്പെടുത്തുന്ന മാർഗ്ഗരേഖയിലെ മേൽപ്പറഞ്ഞ വ്യവസ്ഥ കുട്ടിയുടെ ഉത്തമ താൽപ്പര്യത്തിലായിരിക്കില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സാധാരണ രീതിയിൽ ദത്തെടുക്കപ്പെടാതെ കഴിയുന്ന ഒരു കുട്ടിയെ, ആറ് വയസ്സാകുന്നതുവരെ അല്ലെങ്കിൽ ദത്തെടുക്കപ്പെടുന്നതു വരെ, ഏതാണോ ആദ്യം വരുന്നത്, എസ്.എ.എ-യിൽ താമസിപ്പിക്കേണ്ടതാണ്. കൂടാതെ, ദത്തെടുക്കലിനല്ലാതെ, പ്രതികൂല കുടുംബസാഹചര്യങ്ങളിൽ നിന്ന് വന്ന് എസ്.എ,എ-ൽ താൽക്കാലികമായി താമസിപ്പിക്കപ്പെട്ടിരുന്ന കുട്ടികളുടെ കാര്യത്തിൽ സമയപരിധി ബാധകമാക്കാവുന്നതല്ല. അങ്ങനെ, എസ്.എ.എ-ൽ ഒരു കുട്ടിയെ താമസിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ സമയപരിധി, നിയമവുമായി പൊരുത്തപ്പെടാത്തതിനാൽ പരിഷ്കരിക്കേണ്ടതുണ്ട്.

ജെ.ജെ നിയമത്തിന്റെ വകുപ്പ് 1(4) അനുസരിച്ച്, നിലവിൽ മറ്റേത് നിയമത്തിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും ശ്രദ്ധയും സംക്ഷണവും ആവശ്യമുള്ള കുട്ടികളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതും, കുട്ടികളുടെ ഉത്തമ താൽപര്യം പരിഗണിച്ച്, നിയമം നിലനിൽക്കുന്നതുമാണ് എന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

### *2.1.6.2. സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കാത്തത്*

നിയമത്തിന്റെ ലക്ഷ്യങ്ങൾ നിർവ്വഹിക്കാനായി സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് നിയമത്തിന്റെ വകുപ്പ് 110 ആവശ്യപ്പെടുന്നു. ശിശുസംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും ശിശുസംരക്ഷണ ലക്ഷ്യങ്ങൾ നേടുന്നതിനുമായി 2015 സെപ്റ്റംബറിലെ കേന്ദ്ര നിയമവും 2014 സെപ്റ്റംബറിലെ പദ്ധതിയുടെ മാർഗ്ഗരേഖകളും രൂപീകരിച്ചെങ്കിലും, സംസ്ഥാനം ചട്ടങ്ങളൊന്നും രൂപീകരിച്ചില്ല. ഭാരത സർക്കാർ പുറത്തിറക്കിയ 2022-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) മാതൃകാ ഭേദഗതി ചട്ടങ്ങളാണ് നിലവിൽ സംസ്ഥാന സർക്കാർ പിന്തുടരുന്നതും, എല്ലാ പ്രവർത്തനങ്ങളും ഈ മാതൃകാചട്ടങ്ങൾക്കനുസൃതമായാണ് ചെയ്യുന്നതും.

ഓഡിറ്റിനിടയിൽ ഒരു വ്യവസ്ഥ/റെഗുലേഷൻ എന്ന രൂപത്തിൽ സർക്കാരിന്റെ പ്രത്യേക ഇടപെടൽ വേണ്ടി വരുന്ന സന്ദർഭങ്ങൾ ഖണ്ഡിക 2.1.6.3-ൽ വിവരിക്കും വിധം, ശ്രദ്ധയിൽപ്പെട്ടു. നിയമത്തിന്റെ നടപ്പിലാക്കലിനു വേണ്ടി സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നത്, സംസ്ഥാന നിർദ്ദിഷ്ട സാഹചര്യങ്ങളിൽ നിയമത്തിന്റെ വ്യവസ്ഥകൾ

---

[17] 2017-ൽ ഐ.സി.പി.എസ് ശിശു സംരക്ഷണ സേവന പദ്ധതി എന്ന് പുനഃർനാമകരണം ചെയ്യുകയും 2022-23 മുതൽ മിഷൻ വാത്സല്യയുടെ കീഴിൽ ഉൾപ്പെടുത്തുകയും ചെയ്തു.

പാലിക്കുന്ന കാര്യത്തിൽ, എസ്.സി.പി.എസിന്റെയും ഡി.സി.പി.യു-കളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കും.

2022-ൽ ജെ.ജെ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിക്കനുസൃതമായി സംസ്ഥാന കരട് ചട്ടങ്ങളുടെ പുനർരൂപകൽപ്പന പുരോഗതിയിലാണെന്നും വേഗം സമർപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *2.1.6.3. സാധുവായ രജിസ്ട്രേഷൻ ഇല്ലാതെയുള്ള സി.സി.ഐ കളുടെ പ്രവർത്തനം*

എല്ലാ സ്ഥാപനങ്ങളും, അവ സംസ്ഥാന സർക്കാരോ സ്വയംസേവന/ സർക്കാരിതര സംഘടനകളോ നടത്തുന്നവ ആകട്ടെ, കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്ന് ഗ്രാന്റ് കിട്ടുന്നതോ അല്ലാത്തതോ എന്ന് പരിഗണിക്കാതെ, രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെന്നാണ് നിയമത്തിന്റെ വകുപ്പ് 41(1) പ്രസ്താവിക്കുന്നത്. രജിസ്ട്രേഷന്റെ കാലാവധി അഞ്ച് വർഷം ആയിരിക്കുന്നതും അഞ്ച് വർഷ കാലാവധിയിൽ പുതുക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ/ പുതുക്കലിന് വേണ്ടിയുള്ള അപേക്ഷ സർക്കാരിന് സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് സ്ഥാപനത്തിന്റെ സ്ഥാപിത ശേഷിയും ഉദ്ദേശ്യവും സംസ്ഥാന സർക്കാർ നിർണ്ണയിക്കേണ്ടതും രേഖപ്പെടുത്തേണ്ടതുമാണ്.

രജിസ്ട്രേഷൻ കാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പായി സി.സി.ഐ-കൾ പുതുക്കൽ തേടേണ്ടതും രജിസ്ട്രേഷന്റെ അപേക്ഷ അത് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്. രജിസ്ട്രേഷൻ കഴിഞ്ഞ് സർക്കാർ എല്ലാ വർഷവും സി.സി.ഐ-കളിലെ സൗകര്യങ്ങൾ, ജീവനക്കാരുടെ അംഗബലം, അടിസ്ഥാന സൗകര്യങ്ങൾ, പരിചരണത്തിലെ നിലവാരം ഉറപ്പുവരുത്തൽ, പുനരധിവാസ പുനഃസംയോജന സേവനങ്ങൾ, ഭരണ നിർവ്വഹണം എന്നിവ പരിശോധിക്കണം എന്നാണ് 2016-ലെ ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 21(6) പ്രതിപാദിക്കുന്നത്. ഏത് വർഷമാണോ പുതുക്കലിന് അപേക്ഷിക്കുന്നത്, ആ വർഷത്തെ വാർഷിക അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം രജിസ്ട്രേഷൻ പുതുക്കൽ നടത്തേണ്ടത്. 2022 സെപ്റ്റംബർ വരെ സംസ്ഥാന സർക്കാരിന്റെ ചട്ടങ്ങളോ ഉത്തരവുകളോ ഒന്നും സി.സി.ഐ-കളിലെ വാർഷികാവലോകനം നടത്തുവാനായി ഒരു അധികാരിയെ ചുമതലപ്പെടുത്തിയില്ല. എന്നാൽ 2022 സെപ്റ്റംബർ കഴിഞ്ഞ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സി.സി.ഐ-കളിലെ വാർഷിക പരിശോധന നടത്താൻ ജില്ലാ മജിസ്ട്രേറ്റിനെ (ഡി.എം) അധികാരപ്പെടുത്തി. സി.സി.ഐ-കളിൽ നിന്ന് ലഭിക്കുന്ന രജിസ്ട്രേഷനായുള്ള അപേക്ഷകൾ ഡി.സി.പി.യു-കൾ സൂക്ഷ്മപരിശോധന നടത്തേണ്ടതും ഡി.എം-ന് അയയ്ക്കേണ്ടതും, ഡി.എം., സി.സി.ഐ-കളിൽ പരിശോധന നടത്തിയിട്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഡബ്ല്യു.സി.ഡി.ഡി-യുടെ ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിൽ 2022-23 കാലയളവിൽ ആകെ 214 സി.സി.ഐ-കൾ പ്രവർത്തിച്ചിരുന്നതിൽ 165 എണ്ണം 2023 മാർച്ചിനു മുമ്പ് രജിസ്ട്രേഷൻ പുതുക്കേണ്ടതായിരുന്നു. ഇപ്പറഞ്ഞവയിൽ, കണ്ണൂർ ജില്ലയിലെ മൂന്ന് സി.സി.ഐ-കൾ മാത്രമാണ് രജിസ്ട്രേഷൻ കാലാവധി തീരുന്ന തീയതിക്ക് മുമ്പ് രജിസ്ട്രേഷൻ പുതുക്കിയത്. 2022-23 കാലയളവിൽ തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിൽ രജിസ്ട്രേഷൻ പുതുക്കലിനായി സമർപ്പിച്ച അപേക്ഷകളുടെ വിശദാംശങ്ങളും

ഡി.സി.പി.യു തലത്തിൽ നടപടി എടുക്കുന്നതിൽ വന്ന കാലതാമസത്തിന്റെ വിശദാംശങ്ങളും **പട്ടിക 2.2** വെളിപ്പെടുത്തുന്നു.

**പട്ടിക 2.2: 2022-23 കാലയളവിൽ അപേക്ഷകൾ സമർപ്പിക്കുന്നതിലും നടപടി എടുക്കുന്നതിലുമുണ്ടായ കാലതാമസത്തിന്റെ വിശദാംശങ്ങൾ***

| | തിരുവനന്തപുരം | ആലപ്പുഴ | എറണാകുളം | വയനാട് | കണ്ണൂർ | ആകെ |
|---|---|---|---|---|---|---|
| 2022-23 കാലയളവിൽ ആകെ സിസിഐകളുടെ എണ്ണം | 84 | 26 | 71 | 12 | 21 | **214** |
| 2023 മാർച്ച് 31-ന് മുമ്പ് രജിസ്ട്രേഷൻ ആവശ്യമുള്ള സിസിഐകളുടെ എണ്ണം | 70 | 22 | 46 | 9 | 18 | **165** |
| ലഭിച്ച അപേക്ഷകളുടെ എണ്ണം | 59 | 21** | 45 | 9 | 18 | **152** |
| അപേക്ഷിക്കാത്ത സിസിഐകളുടെ എണ്ണം | 11 | 01 | 0 | 0 | 0 | **12** |
| വീണ്ടും രജിസ്റ്റർ ചെയ്യപ്പെട്ട സിസിഐകളുടെ എണ്ണം | 0 | 0 | 0 | 0 | 3 | **3** |
| ഡിസിപിയു തലത്തിൽ ആറ് മാസത്തിൽ കൂടുതൽ കാലതാമസം നേരിട്ട കേസുകളുടെ എണ്ണം | 32 | 22 | 09 | 0 | 07 | **70** |

**2023 മാർച്ച് 31-ന്; ** റദ്ദാക്കലിനായി ഒരു അപേക്ഷ ലഭിച്ചു*
*(ഉറവിടം: ഡിസിപിയുകൾ സമർപ്പിച്ച വിവരങ്ങൾ)*

പുതുക്കൽ വേണ്ടിയിരുന്ന ഭൂരിപക്ഷം കേസുകളിലും ഡി.എം-ന് അപേക്ഷകൾ അയയ്ക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായത് ഡി.സി.പി.യു-ന്റെ ഭാഗത്തായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 149 സി.സി.ഐ-കൾക്ക്[18] പുതുക്കിയ രജിസ്ട്രേഷൻ നൽകാതിരുന്നത് (2023 ഒക്ടോബർ) മൂലം, സാധുവായ രജിസ്ട്രേഷൻ ഇല്ലാതെ സി.സി.ഐ കൾ പ്രവർത്തിച്ച് വരികയായിരുന്നു. 12 സി.സി.ഐ-കൾ രജിസ്ട്രേഷൻ പുതുക്കലിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടു പോലുമില്ലെന്ന് നിരീക്ഷിച്ചു. പ്രവർത്തിക്കാനായുള്ള സാധുവായ രജിസ്ട്രേഷൻ വേണ്ടത് നിയമപരമായ ആവശ്യമായതിനാൽ, രജിസ്ട്രേഷൻ കാലാവധി തീരുന്നതിന് മുമ്പ് പുതുക്കാതിരിക്കുന്നതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതും നിയമത്തിലെ വ്യവസ്ഥകൾക്ക് എതിരാണ്.

അപേക്ഷ ലഭിക്കുമ്പോൾ ഒരു സ്ഥാപനത്തിന് താൽക്കാലിക രസീത് കൊടുക്കണമെന്ന് നിർദ്ദേശിച്ച് ജില്ലാ ശിശുസംരക്ഷണ അധികാരികൾക്ക് ഒരു പരിപത്രം അയച്ചുവെന്നും ആയത് ജെ.ജെ നിയമത്തിന്റെ വകുപ്പ് 41(4) പ്രകാരം താൽക്കാലിക രജിസ്ട്രേഷൻ ആയി പരിഗണിക്കാവുന്നതാണെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). അപേക്ഷകളുടെ നടപടി സമയത്തിനുള്ളിൽ തീർക്കാൻ വേണ്ടിയുള്ള വിശദമായ നിർദ്ദേശങ്ങൾ ഡി.എം-കൾക്ക് നൽകുമെന്നും സി.സി.ഐ. രജിസ്ട്രേഷന്റെ നടപടിക്കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ എസ്സിപിഎസ് നിരീക്ഷിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു.

അപേക്ഷ സ്വീകരിച്ചതിന്റെ അംഗീകാരമായി താൽക്കാലിക രസീത് നൽകുന്നത് താൽക്കാലിക രജിസ്ട്രേഷനായി കണക്കാക്കാനാവില്ല. അതിനാൽ, താൽക്കാലിക

[18] 152 (പുതുക്കൽ വേണ്ടിയിരുന്ന സി.സി.ഐ-കൾ) ന്യൂനം 3 (പുതുക്കൽ അനുവദിച്ചത്) = 149

രസീതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് പ്രവർത്തനം തുടരാമെന്ന സർക്കാരിന്റെ വാദം അംഗീകരിക്കാനാവില്ല.

#### *2.1.6.4. സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്*

നിശ്ചിത കാലയളവുകളിൽ ഓരോ സി.സി.ഐ-യെയും ഗ്രേഡ് ചെയ്യാനുള്ള യത്നം ഏറ്റെടുക്കണം എന്നാണ് 2022 ജൂലൈയിൽ പുറപ്പെടുവിച്ച മിഷൻ വാത്സല്യ മാർഗ്ഗരേഖകളുടെ ഖണ്ഡിക 6(ii) സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തുന്നത്. അടിസ്ഥാന സൗകര്യം, സേവനങ്ങളുടെ നിലവാരം, കുട്ടികളുടെ ക്ഷേമം പ്രത്യേകിച്ച് ആരോഗ്യത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാനത്തിലുള്ളത്, കുട്ടികളുടെ പുനരുദ്ധാരണവും പുനരധിവാസവും മുതലായവയുടെ അടിസ്ഥാനത്തിലായിരിക്കണം ഗ്രേഡിംഗ് ചെയ്യേണ്ടത്. മാനദണ്ഡങ്ങളുടെയും സൂചികകളുടെയും രൂപീകരണം ഉൾപ്പെടെയുള്ള സി.സി.ഐ-കളുടെ ഗ്രേഡിംഗ് ചെയ്യേണ്ടിയിരുന്നത് ബാംഗ്ലൂരിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്മെന്റുമായി (എൻ.ഐ.പി.സി.സി.ഡി) കൂടിയാലോചിച്ചിട്ടായിരുന്നു.

സി.സി.ഐ-കളുടെ കാര്യത്തിൽ അത്തരത്തിലുള്ള ഗ്രേഡിംഗ് നാളിതുവരെ (2024 ഫെബ്രുവരി) സംസ്ഥാന സർക്കാർ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

യുണൈറ്റഡ് നേഷൻസ് ചിൽഡ്രൻസ് ഫണ്ടിന്റെ (യൂണിസെഫ്) സഹകരണത്തോടെ സംസ്ഥാനത്തുള്ള എല്ലാ സ്ഥാപനങ്ങളുടെയും ഒരു സാമൂഹ്യഓഡിറ്റ് ആരംഭിച്ചതായി സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ആയതിനെ ഗ്രേഡിംഗിന്റെ ആരംഭപ്രക്രിയയായി പരിഗണിക്കണമെന്നും, സാമൂഹിക ഓഡിറ്റിനു ശേഷം, സ്ഥാപനങ്ങളുടെ ഗ്രേഡിംഗിനുള്ള തുടർ പിന്തുണയ്ക്കായി ബാംഗ്ലൂർ എൻ.ഐ.പി.സി.സി.ഡി-യെ ബന്ധപ്പെടാൻ സംസ്ഥാനം ആലോചിക്കുന്നതായും പറയുകയുണ്ടായി.

സാമൂഹിക ഓഡിറ്റ് പ്രക്രിയ ഗ്രേഡിംഗിന് പര്യാപ്തമാകില്ലെന്നതിനാൽ മറുപടി സ്വീകാര്യമല്ല. മാർഗ്ഗരേഖകൾക്കനുസൃതമായി നിയമപരമായി നടപ്പിലാക്കപ്പെടേണ്ട ഗ്രേഡിംഗ് പ്രക്രിയ നടപ്പിലാക്കപ്പെടാതെ തുടരുന്നു എന്ന വസ്തുത ഗ്രേഡിംഗ് പ്രക്രിയ നടപ്പാക്കുന്നതിൽ സർക്കാരിന് താത്പര്യം ഇല്ലായിരുന്നു എന്നാണ് സൂചിപ്പിക്കുന്നത്.

### 2.1.7. പുനരധിവാസവും സാമൂഹിക പുനഃസംയോജനവും

കുടുംബത്തിലേയ്ക്കോ അഥവാ രക്ഷകർത്താവിലേയ്ക്കോ തിരികെ എത്തിക്കൽ, ദത്തെടുക്കൽ, ഫോസ്റ്റർ കെയർ എന്നീ കുടുംബാധിഷ്ഠിത പരിപാലനത്തിലൂടെയായിരുന്നു കുട്ടികളുടെ പുനരധിവാസത്തിന്റെയും പുനഃസംയോജനത്തിന്റെയും നടപടി കഴിവതും ചെയ്യേണ്ടിയിരുന്നത്. ഇത് തെരഞ്ഞെടുത്തില്ലെങ്കിൽ, പുനരധിവാസവും സാമൂഹിക പുനഃസംയോജനവും സ്ഥാപനത്തിലെ പരിപാലനത്തിലൂടെയായിരുന്നു പ്രാപിക്കേണ്ടിയിരുന്നത്. പുനരധിവാസത്തിന്റെയും സാമൂഹിക പുനഃസംയോജനത്തിന്റെയും പാതയിൽ കുട്ടികളുടെ ക്ഷേമം ഉറപ്പാക്കാനായി സ്വീകരിച്ച നടപടികളിൽ ഓഡിറ്റ് ശ്രദ്ധിച്ച പോരായ്മകൾ താഴെ വിശദമാക്കുന്നു.

#### *2.1.7.1. സാമൂഹിക അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയതിലെ പോരായ്മകൾ*

കുട്ടിയുടെ സാഹചര്യങ്ങൾ, കുട്ടിയുടെ സാമ്പത്തിക, സാമൂഹിക, മാനസിക-സാമൂഹ്യ, മറ്റ് പ്രസക്ത ഘടകങ്ങളുടെ സ്ഥിതി, ഇവയിന്മേലുള്ള ശിപാർശ എന്നിവയെപ്പറ്റിയുള്ള

വിശദമായ വിവരമാണ് സാമൂഹിക അന്വേഷണ റിപ്പോർട്ട്[19] (എസ്.ഐ.ആർ) അവതരിപ്പിക്കുന്നത്. ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 19(3) പ്രകാരം, സി.ഡബ്ല്യു.സി ഒരു കുട്ടിയുടെ കേസ് സാമൂഹികാന്വേഷണം നടത്തുന്നതിനായി ഒരു സാമൂഹിക പ്രവർത്തകൻ/ കേസ് വർക്കർ/ ശിശുക്ഷേമ അധികാരിക്കോ ഏതെങ്കിലും അംഗീകൃത എൻ.ജി.ഒ-യ്ക്കോ ആണ് നൽകേണ്ടത്. കുട്ടിയെ ഹാജരാക്കുന്ന ആളുകൾ സമർപ്പിക്കുന്ന തെളിവിനോടൊപ്പം പ്രൊബേഷൻ ഓഫീസറോ എൻ.ജി.ഒ-യോ യഥാക്രമം ഫോറം 6-ലും ഫോറം 22-ലും തയ്യാറാക്കുന്ന എസ്.ഐ.ആർ, ജെ.ജെ.ബി-യും സി.ഡബ്ല്യു.സി.യും പരിഗണിക്കേണ്ടതാണ്. അങ്ങനെ ശേഖരിക്കുന്ന വിവരമാണ്, കുട്ടിയുടെ മേൽനോട്ടം/ സൂക്ഷിപ്പ് സംബന്ധിച്ച് എടുക്കേണ്ട ഭാവി നടപടികളെപ്പറ്റി നിഗമനത്തിൽ എത്തുന്നതിനുള്ള അടിസ്ഥാനം. ജെ.ജെബി-യുടെ/ സി.ഡബ്ല്യു.സി-യുടെ മുമ്പാകെ ആദ്യമായി ഹാജരാക്കിയ തീയതി മുതൽ 15 ദിവസത്തിനകം സാമൂഹിക പ്രവർത്തകൻ എസ്.ഐ.ആർ പൂർത്തിയാക്കുകയും സമർപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു.

2018-23 കാലയളവിൽ തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിലെ ജെ.ജെ.ബി-യുടെയും സി.ഡബ്ല്യു.സി-യുടെയും മുമ്പാകെ അവതരിപ്പിക്കപ്പെട്ട 100 വീതം കേസുകളിൽ എസ്.ഐ.ആറുകൾ സമർപ്പിച്ചതിലെ സമയനിഷ്ഠ സംബന്ധിച്ച് ഒരു വിലയിരുത്തൽ ഓഡിറ്റ് ഏറ്റെടുത്തു (**അനുബന്ധം 2.3**). ജെ.ജെ.ബി-യ്ക്കും സി.ഡബ്ല്യു.സി-യ്ക്കും എസ്.ഐ.ആറുകൾ സമർപ്പിക്കുന്നതിൽ യഥാക്രമം 364 ദിവസത്തിന്റെയും 447 ദിവസത്തിന്റെയും കാലതാമസം ഉണ്ടായിരുന്നതായി കാണപ്പെട്ടു.

എറണാകുളം ജില്ലയിൽ ഒരു പ്രത്യേക സന്ദർഭത്തിൽ, എസ്.ഐ.ആർ തയ്യാറാക്കാതിരുന്ന സി.സി.ഐ-യിൽ താമസിപ്പിച്ചിരുന്ന ഒരു കുട്ടിയെ 4½ വയസ്സിൽ ഫോസ്റ്റർ കെയറിലേക്ക് അയയ്ക്കുകയും (2011) പിന്നീട് ഒരു ദത്തുകുടുംബം 2016-ൽ കുട്ടിയെ സ്വീകരിക്കുകയും ചെയ്തു. കുട്ടിയുടെ മാതാവ് 2019 മേയിൽ, കുട്ടിയെ വീട്ടിൽ പാർപ്പിക്കുന്നതിൽ പ്രയാസം കാണിച്ച് സ്ഥാപനത്തിലെ പരിപാലനത്തിനായി മടക്കി അയച്ചു. എന്നാൽ ഈ ഘട്ടത്തിൽ പോലും കുട്ടിയുടെ എസ്.ഐ.ആർ തയ്യാറാക്കിയതായി കണ്ടില്ല. കുട്ടി പിന്നീട് സ്ഥാപനത്തിൽ ആത്മഹത്യ ചെയ്തതായി (2020 ജൂലൈ) ഓഡിറ്റ് നിരീക്ഷിച്ചു.

കുറഞ്ഞ പക്ഷം ദത്തു രീതിയിൽ നിന്ന് സ്ഥാപനത്തിലെ പരിപാലനത്തിലേയ്ക്ക് തിരിച്ച് ചെല്ലുമ്പോഴെങ്കിലും കുട്ടിയുടെ എസ്.ഐ.ആർ സമയബന്ധിതമായി തയ്യാറാക്കിയിരുന്നെങ്കിൽ, കുട്ടിയുടെ മാനസിക-സാമൂഹിക സ്ഥിതിയിലും മാനസിക വളർച്ചയിലും ഒരു ഉൾക്കാഴ്ച നേടുന്നതിന് സി.ഡബ്ല്യു.സി-ക്ക് സഹായകമാവുകയും ആയവ ഫലപ്രദമായ കൗൺസലിംഗ് നടപടികൾ സാധ്യമാക്കുകയും ചെയ്യുമായിരുന്നു. ജെ.ജെ.ബി-യുടെയും/ സി.ഡബ്ല്യു.സി-യുടെയും തീരുമാനമെടുക്കൽ പ്രക്രിയയിൽ എസ്.ഐ.ആറുകൾ നിർണ്ണായക പങ്ക് വഹിക്കുന്നതിനാൽ, അവ തയ്യാറാക്കുന്നതിലെ കാലതാമസം കുട്ടിയെ പ്രതികൂലമായി ബാധിച്ചേക്കാം.

ഡി.സി.പി.യു-കളിലെ ജീവനക്കാരുടെ അപര്യാപ്തത, പ്രത്യേകിച്ച് അവരുടെ ബന്ധപ്പെട്ട ജില്ലകളിൽ പരിഹരിക്കേണ്ട അനവധി കേസുകൾ പരിഗണിക്കുമ്പോൾ, എസ്.ഐ.ആർ പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടാക്കിയെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഡി.സി.പി.യു-കൾക്ക് അധികമായി ഒരു സാമൂഹ്യ പ്രവർത്തകനെ നിയമിക്കുന്നതിനുള്ള ഒരു നിർദ്ദേശം സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സാമൂഹിക അന്വേഷണം സമയത്ത്

[19] ജെ.ജെ. ചട്ടങ്ങളിലെ ചട്ടം 2 (xvii)

തീർക്കാനുള്ള നടപടികൾ എടുക്കാനുള്ള നിർദ്ദേശം ഡി.സി.പി.ഒ-മാർക്ക് നൽകുമെന്നുള്ള ഉറപ്പും നൽകി.

### *2.1.7.2. വ്യക്തിഗത ശ്രദ്ധാ പദ്ധതിയുടെ തയ്യാറാക്കലിലും അവലോകനത്തിലുമുള്ള വീഴ്ചകൾ*

ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 2(xi) അനുസരിച്ച്, ഒരു കുട്ടിയുടെ ആത്മാഭിമാനം, അന്തസ്സ്, ആത്മമൂല്യം എന്നിവ വീണ്ടെടുക്കാനും കുട്ടിയെ ഒരു ഉത്തരവാദിത്തപ്പെട്ട പൗരനായി വളർത്തിയെടുക്കാനുമുള്ള ലക്ഷ്യത്തോടെ കുട്ടിയുമായി ആലോചിച്ചിട്ട് കുട്ടിയുടെ പ്രായ-ലിംഗപരമായ പ്രത്യേക ആവശ്യങ്ങൾ, കേസ് ഹിസ്റ്ററി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന ഒരു സമഗ്ര വികസന പദ്ധതി ആണ് വ്യക്തിഗത ശ്രദ്ധാ പദ്ധതി (ഐ.സി.പി). തദനുസരണം ഒരു കുട്ടിയുടെ ആരോഗ്യം, പോഷണം, വൈകാരികവും മാനസികവുമായ പിന്തുണ, വിദ്യാഭ്യാസം, പരിശീലനം മുതലായ കാര്യങ്ങൾക്ക് ഐ.സി.പി പരിഹാരം കാണണം. സ്ഥാപനത്തിലെ പരിപാലനം വേണ്ടി വരുന്ന ഒരു കുട്ടിയുടെ വ്യക്തിഗതവിവരങ്ങളും പ്രോഗ്രസ് റിപ്പോർട്ടും ഉൾച്ചേർത്തുകൊണ്ട് ജെ.ജെ മാതൃകാ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്നത് പോലെ, ശിശു ക്ഷേമ അധികാരിയോ കേസ് വർക്കറോ ഫോറം 7-ൽ ഐ.സി.പി തയ്യാറാക്കേണ്ടതാണ്. കുട്ടിയുടെ പ്രോഗ്രസ് റിപ്പോർട്ട് ആദ്യ മൂന്ന് മാസങ്ങളിൽ ഓരോ രണ്ടാഴ്ചയിലും, അനന്തരം ഓരോ മാസത്തിലും തയ്യാറാക്കേണ്ടതായിരുന്നു. കൂടാതെ, ഐ.സി.പി.-കൾ രണ്ടാഴ്ചയ്ക്കകം അംഗീകാരത്തിനായി സി.ഡബ്ല്യു.സി-യ്ക്ക് അയയ്ക്കണമായിരുന്നു. സ്ഥാപനത്തിന്റെ മാനേജ്മെന്റ് കമ്മിറ്റി[20] ഐ.സി.പി.കളുടെ ത്രൈമാസിക അവലോകനം ചെയ്യേണ്ടതായിരുന്നു.

തെരഞ്ഞെടുത്ത 17 സി.സി.ഐ-കളിൽ ഒന്നിലും ചട്ടങ്ങളിൽ പ്രതിപാദിച്ച പ്രകാരം ഐ.സി.പി-കൾ പുതുക്കിയിരുന്നില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ഐ.സി.പി-കൾ, സി.ഡബ്ല്യു.സി-യ്ക്ക് അയയ്ക്കുകയോ മാനേജ്മെന്റ് കമ്മിറ്റി അവയെ അവലോകനം ചെയ്യുകയോ ചെയ്തില്ല. വയനാട് എസ്.എ.എ-യിൽ ഐ.സി.പി-കൾ തയ്യാറാക്കിയിരുന്നെങ്കിലും അവ സി.ഡബ്ല്യു.സി-യ്ക്ക് അയച്ചതായി കണ്ടില്ല. കൗൺസലർമാരുടെ കുറവും ഐ.സി.പി പുതുക്കുന്ന കാര്യത്തിൽ ലഭ്യമായ ജീവനക്കാരുടെ അറിവില്ലായ്മയുമാണ് ഐ.സി.പി-കൾ തയ്യാറാക്കുന്നതിലെ കുറവിന് ഡി.സി.പി.യു-കൾ കാരണമായി കാണിച്ചത്.

കുട്ടിയുടെ ആവശ്യങ്ങളും പുരോഗതിയും നിർണ്ണയിക്കാൻ ഐ.സി.പി-കൾ രൂപപ്പെടുത്തിയിരിക്കുന്നത് കൊണ്ട്, അവ തയ്യാറാക്കുന്നത് കുട്ടിയുടെ വളർച്ചാ ഘട്ടങ്ങളെ വിലയിരുത്തുന്നതിൽ നിർണ്ണായകമാണ്. ആകയാൽ മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്നത് പോലെ ഐ.സി.പി-കൾ ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും തയ്യാറാക്കേണ്ടതുണ്ട്.

സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും എല്ലാ കുട്ടികൾക്കും ഐ.സി.പി കളുടെ ലഭ്യത പരിശോധിക്കുന്നതിനുമായി ജില്ലാ തലത്തിൽ ഒരു മിന്നൽ പരിശോധനാ സമിതി രൂപീകരിക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഐ.സി.പി തയ്യാറാക്കുന്നതിനെക്കുറിച്ച് കൗൺസലർമാർക്ക് തുടർ പരിശീലനം ഉടനടി നടത്തുമെന്നും പ്രസ്താവിച്ചു.

---

[20] ഡി.സി.പി.ഒ ചെയർപേഴ്സൺ ആയും, മെമ്പർ സെക്രട്ടറി സ്ഥാനത്തിന്റെ ചുമതലയുള്ള വ്യക്തിയായും, പ്രൊബേഷൻ ഓഫീസർ അല്ലെങ്കിൽ ശിശുക്ഷേമ ഓഫീസർ അല്ലെങ്കിൽ കേസ് വർക്കർ, മെഡിക്കൽ ഓഫീസർ, മനഃശാസ്ത്രജ്ഞൻ അല്ലെങ്കിൽ കൗൺസലർ, വർക്ക്ഷോപ്പ് സൂപ്പർവൈസർ അല്ലെങ്കിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ മുതലായവർ അംഗങ്ങളായുമുള്ള സമിതി

### 2.1.7.3. ബാലനീതി ബോർഡുകളിലെയും ശിശുക്ഷേമസമിതികളിലെയും അപര്യാപ്തമായ സൗകര്യങ്ങൾ

ജെ.ജെ.ബി-കൾക്കും സി.ഡബ്ല്യു.സി-കൾക്കും അടിസ്ഥാന സൗകര്യം സംസ്ഥാന സർക്കാർ ലഭ്യമാക്കണമെന്ന് ജെ.ജെ ചട്ടങ്ങളുടെ യഥാക്രമം ചട്ടം 6(10) -ഉം ചട്ടം 16(12)-ഉം ആവശ്യപ്പെടുന്നു. സി.ഡബ്ല്യു.സി-യും ജെ.ജെ.ബി യും അതാതിന്റെ സിറ്റിംഗ് നടത്തുന്ന മുറിയിൽ പര്യാപ്തമായ സ്ഥലസൗകര്യം, ആവശ്യത്തിനുള്ള ഫർണിച്ചർ, ഉപകരണങ്ങൾ ഉണ്ടാകണമെന്നും അതിൽ നല്ല വെളിച്ചമുണ്ടാകണമെന്നും ശിശുസൗഹൃദ അന്തരീക്ഷം വേണമെന്നും ഐ.സി.പി.എസ് മാർഗ്ഗരേഖകളിലെ വ്യവസ്ഥകൾ നിഷ്കർഷിക്കുന്നു. നടപടിക്രമങ്ങൾ നടത്തപ്പെടുന്നത് ശിശു സൗഹൃദ രീതിയിൽ ആയിരിക്കണമെന്നും നടപടി സ്ഥലം കുട്ടിക്ക് ഭയമുളവാക്കുന്ന രീതിയിൽ പതിവ് കോടതികളെപ്പോലെ ആകരുതെന്നും ജെ.ജെ നിയമത്തിന്റെ വകുപ്പ് 7 ജെ.ജെ.ബി-യോട് നിഷ്കർഷിക്കുന്നു. ജെ.ജെ.ബി ഒരു ഉയർന്ന വേദിയിൽ ഇരിക്കരുതെന്ന് ജെ.ജെ മാതൃകാചട്ടങ്ങൾ നിർദ്ദേശിക്കുന്നു. കുട്ടികൾക്കും കുടുംബങ്ങൾക്കും ഉള്ള കാത്തിരിപ്പു മുറികളിൽ കുടിവെള്ളത്തിനുള്ള സൗകര്യവും കുട്ടികൾക്ക് മനോരഞ്ജന സൗകര്യവും ഉണ്ടാകേണ്ടതാണ്. തെരഞ്ഞെടുത്ത ജില്ലകളിൽ ജെ.ജെ.ബി-കളിലെയും സി.ഡബ്ല്യു.സി -കളിലെയും ലഭ്യമായിരുന്ന/കുറവുണ്ടായിരുന്ന സൗകര്യങ്ങളുടെ പട്ടിക **അനുബന്ധം 2.4**-ൽ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ ജെ.ജെ.ബി.യ്ക്ക് പ്രവർത്തനത്തിനായി ലഭ്യമാക്കിയിരുന്ന സ്ഥലത്ത് ജെ.ജെ.ബി യുടെ അംഗങ്ങൾ ഒരു ഉയർന്ന വേദിയിൽ നടപടിക്രമങ്ങൾ നടത്തിയിരുന്നതിനാൽ അതൊരു കോടതിയ്ക്ക് സമാനമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, താഴെ ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ തിരുവനന്തപുരം സി.ഡബ്ല്യു.സി-യ്ക്ക് കാത്തിരിപ്പിനായി ആവശ്യത്തിന് സ്ഥലമില്ലായിരുന്നു.



*ചിത്രം 2.1: സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ തിരുവനന്തപുരത്തെ സിഡബ്ല്യുസിക്ക് പുറത്ത് കുടുംബങ്ങളും കുട്ടികളും കാത്തുനിൽക്കുന്നു (2023 ഒക്ടോബർ)*

ജെ.ജെ.ബി-യെ/ സി.ഡബ്ല്യു.സി-യെ സമീപിക്കുന്ന കുട്ടികൾക്കും വീട്ടുകാർക്കും അടിസ്ഥാനസൗകര്യങ്ങളായ കാത്തിരിപ്പു മുറി, കുടിവെള്ളം, തുടങ്ങിയവയും ശിശു സൗഹൃദ അന്തരീക്ഷവും സർക്കാർ ഉറപ്പാക്കേണ്ടതാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ ജെ.ജെ.ബി-കൾക്ക്/ സി.ഡബ്ല്യു.സി-കൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച നിരാവർത്തിത നിധി ഈ ബോർഡുകളിലെയും കമ്മിറ്റികളിലെയും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ഉപയോഗിക്കാമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). മറ്റ് ജില്ലകൾക്ക് വേണ്ടിയുള്ള സൗകര്യങ്ങൾക്ക് സംസ്ഥാന നിധിയിൽ നിന്ന് സാമ്പത്തിക സഹായം നൽകാമെന്നും പ്രസ്താവിച്ചു.

### *2.1.7.4. കണ്ണൂരിലെ, പെൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരത്തിലെ അപര്യാപ്തമായ സൗകര്യങ്ങൾ*

ഒരു സി.സി.ഐ-ൽ വേണ്ടുന്ന ഭൗതികമായ അടിസ്ഥാന സൗകര്യങ്ങൾ ഏതൊക്കെയാണെന്ന് ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 29 (iv)-ൽ പ്രതിപാദിച്ചിട്ടുണ്ട്. ഡോർമിറ്ററികൾ, അസുഖമുള്ളവർക്കുള്ള മുറി, മനോരഞ്ജന മുറി, മുതലായവ ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

കണ്ണൂരിലെ പെൺകുട്ടികൾക്കായുള്ള സർക്കാർ ശിശുമന്ദിരത്തിൽ (ജി.സി.എച്ച്) സ്ഥാപനാധികാരികളോടൊപ്പം നടത്തിയ ഒരു സംയുക്ത പരിശോധനയിൽ (2023 സെപ്റ്റംബർ) വെളിപ്പെട്ടത്, സി.സി.ഐ-യിൽ അസുഖമുള്ളവർക്കുള്ള മുറി, കളിസ്ഥലം, ഗ്രന്ഥശാല, കൗൺസലിംഗ് മുറി എന്നിവ ഇല്ലായിരുന്നു എന്നാണ്. ശിശുമന്ദിരത്തിൽ 26 അന്തേവാസികൾക്ക് ആവശ്യമുള്ള കിടക്കകൾ ഇല്ലായിരുന്നെന്നും സ്റ്റോർ മുറി തിങ്ങിനിറഞ്ഞിരുന്നെന്നും ഓഡിറ്റ് നിരീക്ഷിച്ചു.



*ചിത്രം 2.2: കണ്ണൂരിലെ, പെൺകുട്ടികൾക്കായുള്ള ജി.സി.എച്ചിൽ കൂടുതൽ കുട്ടികളെ ഉൾക്കൊള്ളിക്കുന്നതിനായി, അകലം പാലിക്കാതെ കിടക്കകൾ ക്രമീകരിച്ചിരിക്കുന്നു (2023 സെപ്റ്റംബർ)*

കുട്ടിയുടെ വളർച്ചയ്ക്കാവശ്യമായ അനുകൂല സാഹചര്യം ഉണ്ടാവു എന്ന ഉദ്ദേശ്യത്തോടെ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

കണ്ണൂർ സർക്കാർ ശിശുമന്ദിരത്തിന് അടിസ്ഥാന സൗകര്യപ്രവൃത്തികൾക്കും നവീകരണപ്രവൃത്തികൾക്കുമായി ₹25 ലക്ഷം അനുവദിച്ചതായും ഈ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ മനോരഞ്ജനമുറി, ഗ്രന്ഥശാല, കൗൺസലിംഗ് മുറി, സ്റ്റോർ മുറി എന്നിവ ഉണ്ടാക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### 2.1.7.5. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നിർദ്ദിഷ്ട സൗകര്യങ്ങൾ ലഭ്യമാക്കാത്തത്

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പുനരധിവാസത്തിലും പുനഃസംയോജനത്തിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ വീൽ-ചെയറുകൾ, കൃത്രിമ ഉപകരണങ്ങൾ, ശ്രവണ സഹായികൾ, ബ്രെയിലികിറ്റുകൾ മുതലായവ കുട്ടികൾക്ക് നൽകണമെന്നും അവർക്ക് ഉചിതമായ വിദ്യാഭ്യാസം നൽകണമെന്നും നിയമത്തിന്റെ വകുപ്പ് 53.1 (ii, iii) നിഷ്കർഷിക്കുന്നു. ശാരീരികമോ മാനസികമോ ആയ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിശേഷീകൃത പരിശീലകരെയും വിദഗ്ധരെയും നിയമിക്കണമെന്ന് ജെ.ജെ ചട്ടങ്ങളുടെ ചട്ടം 36(4) പ്രസ്താവിക്കുന്നു. പഠന വൈകല്യങ്ങൾ തിരിച്ചറിയുകയും നിർണ്ണയിക്കുകയും ഐ.സി.പി-യിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതും പരിശീലനം സിദ്ധിച്ച വിദഗ്ധർ കുട്ടിക്ക് തുടർ സഹായം നൽകേണ്ടതുമാണ്.

താഴെപ്പറയുന്ന സന്ദർഭങ്ങളിൽ, ചില സി.സി.ഐ-കൾ മേലുദ്ധരിച്ച നിയമങ്ങൾ പാലിച്ചിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

- വടുതലയിലെ അനാഥരും അശരണരുമായ കുട്ടികൾക്ക് (ആൺകുട്ടികൾ) വേണ്ടിയുള്ള മന്ദിരം എറണാകുളം ജില്ലയിലെ അഞ്ച് വർഷക്കാലാവധിയിൽ ഒരു സി.സി.ഐ ആയി രജിസ്റ്റർ ചെയ്യപ്പെടുകയും 35 അന്തേവാസികളെ ഉൾക്കൊള്ളിച്ച് ഒരു ശിശുമന്ദിരമായി പ്രവർത്തിക്കാനായി രജിസ്ട്രേഷൻ നൽകുകയും ചെയ്തു (2017 ഡിസംബർ). 2018-23 കാലയളവിൽ 13 മുതൽ 35 വരെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ സി.സി.ഐയിൽ താമസിച്ചിരുന്നുവെങ്കിലും കുട്ടികളെ പരിശീലിപ്പിക്കാനായി വിശേഷീകൃത പരിശീലകരെ നിയമിക്കുകയോ പഠന വൈകല്യങ്ങൾ നിർണ്ണയിക്കുകയോ അവ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

- എറണാകുളം ഡി.സി.പി.യു-ൽ സി.സി.ഐ-യുമായി ബന്ധപ്പെട്ട ഫയലുകൾ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ, സി.സി.ഐ യുടെ രജിസ്ട്രേഷൻ പുതുക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലാ മജിസ്ട്രേറ്റ് പരിശോധന നടത്തിയിരുന്നതായി (2023 ഏപ്രിൽ) ഓഡിറ്റ് ശ്രദ്ധിച്ചു. സി.സി.ഐ ലഭ്യമാക്കിയിരുന്ന സൗകര്യങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ആവശ്യങ്ങൾക്ക് അപര്യാപ്തമാണെന്ന് കണ്ട് സി.സി.ഐയ്ക്ക് ജില്ലാ മജിസ്ട്രേറ്റ് നോട്ടീസ് നൽകി (2023 ജൂലൈ). എന്നാൽ, സ്ഥാപനത്തിൽ നടത്തിയ ഭൗതിക പരിശോധനയുടെ റിപ്പോർട്ട് ഡി.സി.പി.യു-ൽ ലഭ്യമല്ലായിരുന്നു. സി.സി.ഐ-ൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് ജില്ലാ മജിസ്ട്രേറ്റിനോട് ഓഡിറ്റ് ആവർത്തിച്ച് ചോദിച്ചെങ്കിലും, അത് ലഭ്യമാക്കിയില്ല (2024 ഫെബ്രുവരി). അതുമൂലം ഓഡിറ്റിന് ഏതു പോരായ്മകളുടെ പേരിലാണ് ജില്ലാ മജിസ്ട്രേറ്റ് സി.സി.ഐ-യ്ക്ക് നോട്ടീസ് കൊടുത്തത് എന്ന വിവരം ശേഖരിക്കാൻ സാധിച്ചില്ല. കൂടാതെ, ഈ വിഷയത്തിൽ സി.സി.ഐ യുടെ ഭാഗത്ത് നിന്നും എന്ത് നടപടിയുണ്ടായെന്നും തീർച്ചപ്പെടുത്താൻ കഴിഞ്ഞില്ല.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സ്ഥാപനങ്ങളിൽ പരിപാലിക്കുന്നതിനായി ഒന്നുകിൽ നിലവിലെ മന്ദിരങ്ങൾക്കുള്ളിൽ വിശേഷീകൃത യൂണിറ്റ് സ്ഥാപിക്കുകയോ, അല്ലെങ്കിൽ അത്തരം കുട്ടികൾക്കു വേണ്ടി വിശേഷീകൃത അഭയകേന്ദ്രം സ്ഥാപിക്കുകയോ ചെയ്യണമെന്നാണ് ഐ.സി.പി.എസ് മാർഗ്ഗരേഖകൾ പ്രസ്താവിക്കുന്നത്. ഓഡിറ്റ് കാലയളവിൽ,

പരിശോധന നടത്തിയ ഏഴ് ശിശുമന്ദിരങ്ങളിൽ മൂന്നെണ്ണത്തിൽ, പ്രത്യേക പരിഗണന അർഹിക്കുന്ന 24 കുട്ടികളെ[21] പാർപ്പിച്ചിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ശ്രദ്ധിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമായി വിശേഷീകൃത യൂണിറ്റുകൾ ഈ മന്ദിരങ്ങളിൽ സ്ഥാപിച്ചിരുന്നില്ല.

- എറണാകുളം സി.ഡബ്ല്യു.സി-യുടെ നിർദ്ദേശപ്രകാരം, 2012-ലെ പോക്സോ[22] നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട, ലൈംഗിക ചൂഷണത്തിന് വിധേയായ 12 വയസുള്ള, മാനസികമായും ശാരീരികമായും വെല്ലുവിളി നേരിട്ടിരുന്ന പെൺകുട്ടിയെ എറണാകുളത്ത് പച്ചാളത്തുള്ള അനാഥരും, അശരണരുമായ പെൺകുട്ടികൾക്ക് വേണ്ടിയുള്ള മന്ദിരത്തിൽ പ്രവേശിപ്പിച്ചു (2019 ജൂൺ). പെൺകുട്ടികളെ പാർപ്പിക്കുന്നതിനുള്ള ഒരു സി.സി.ഐ ആയി ഈ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നില്ല. എറണാകുളം ജില്ലയിൽ ഭിന്നശേഷിക്കാരായ പെൺകുട്ടികളെ പാർപ്പിക്കാനുള്ള രജിസ്റ്റേർഡ് സ്പെഷ്യൽ ഹോം ഇല്ലാതിരുന്നതിനാലാണ്, സി.ഡബ്ല്യു.സി ഈ സ്ഥാപനത്തിൽ കുട്ടിയെ പാർപ്പിച്ചിരുന്നത്. സാധാരണ കുട്ടികളുടെ ഒപ്പം പാർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഉണ്ടായിരുന്നത് കൊണ്ട്, കുട്ടിയെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റാൻ സി.സി.ഐ സി.ഡബ്ല്യു.സി-യോട് അപേക്ഷിച്ചിരുന്നതായി എറണാകുളം ഡി.സി.പി.യു-ലെ രേഖകൾ വ്യക്തമാക്കി. കുട്ടിയെ പാർപ്പിക്കാൻ മറ്റൊരു മന്ദിരമില്ലാത്തതിനാൽ ഇതേ സ്ഥാപനത്തിൽ തന്നെ തുടർന്നു താമസിപ്പിക്കാൻ സി.ഡബ്ല്യു.സി നിർദ്ദേശം നൽകി. 2021 ജനുവരിയിൽ ന്യൂമോണിയ ബാധിച്ച് മരണത്തിന് കീഴടങ്ങുന്നത് വരെ കുട്ടി സ്ഥാപനത്തിൽ തുടർന്നു. കുട്ടിയുടെ മരണശേഷം, ഐ.സി.പി.എസ് പ്രോഗ്രാം മാനേജർ കുട്ടിയുടെ മരണത്തിലേയ്ക്ക് നയിച്ച സാഹചര്യത്തെപ്പറ്റി ഒരു അന്വേഷണം നടത്തുകയും കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും നൽകാനായി സ്ഥാപനത്തിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാതിരുന്നതായും കുട്ടിയെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി ഉചിതമായ നടപടികൾ സമയത്ത് എടുത്തിരുന്നില്ല എന്നും റിപ്പോർട്ട് ചെയ്തു (2021 ഫെബ്രുവരി).

മേലുദ്ധരിച്ച സന്ദർഭങ്ങളിൽ, ജില്ലയിൽ എവിടെയും പകരം സംവിധാനം ഇല്ലാതിരുന്നതിനാൽ, കുട്ടികളെ താമസ മന്ദിരങ്ങളിൽ നിന്ന് മറ്റൊരു സംവിധാനത്തിലേയ്ക്ക് മാറ്റാൻ സി.ഡബ്ല്യു.സി-യ്ക്ക് സാധിച്ചില്ല. തൽഫലമായി, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ/ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ എന്നിവർക്കുള്ള നിഷ്കർഷിക്കപ്പെട്ട സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന സ്ഥാപനങ്ങളിൽ അത്തരം കുട്ടികളെ പാർപ്പിക്കേണ്ടതായി വന്നു. സംസ്ഥാനത്തുള്ള സി.സി.ഐ കളിൽ 96 ശതമാനവും (724-ൽ 697) എൻ.ജി.ഒ-കൾ ആണ് നടത്തിയിരുന്നത് എന്ന വസ്തുത പരിഗണിച്ചുകൊണ്ട്, ഇപ്പറഞ്ഞ സി.സി.ഐ-കൾ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന രീതിയിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും അന്തേവാസികൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും ഉറപ്പ് വരുത്താനായി സമയബന്ധിതമായ പരിശോധനകൾ സർക്കാർ നടത്തേണ്ടതാണ്.

ഓഡിറ്റ് നിരീക്ഷണങ്ങൾ അംഗീകരിച്ചുകൊണ്ട്, സംസ്ഥാനത്തെ സി.സി.ഐ-കളിൽ മിന്നൽ പരിശോധനകൾ നടത്താനായി സംസ്ഥാനതല പരിശോധന സമിതിയെ ഉടനെ

---

[21] പെൺകുട്ടികൾക്കുള്ള ജി.സി.എച്ച്, ആലപ്പുഴ - 13, ജി.സി.എച്ച് എറണാകുളം - 5, ആൺകുട്ടികൾക്കുള്ള ജി.സി.എച്ച് കണ്ണൂർ - 6

[22] ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണം

പുനഃസംഘടിപ്പിക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ജില്ലകളിലെ സി.സി.ഐകൾ നിരീക്ഷിക്കാനും പരിഹാര നടപടികൾ കൈക്കൊള്ളാനുമായി ജില്ലാതല പരിശോധന സമിതികൾക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. ജില്ലയിലെ സി.സി.ഐ-കൾക്ക് അടിസ്ഥാന സൗകര്യങ്ങളുണ്ടെന്ന് ഉറപ്പാക്കാനായി സി.സി.ഐ-കളിൽ മിന്നൽ പരിശോധന നടത്താൻ ജില്ലാതലത്തിൽ വകുപ്പു തല പരിശോധന സമിതി രൂപീകരിക്കുന്നതാണ്. സി.സി.ഐ-കളിൽ നിലവിലുള്ള സൗകര്യങ്ങൾ ഹോം പരിപാലന സമിതി നിരീക്ഷിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യുമെന്നും തുടർന്ന് പ്രസ്താവിക്കപ്പെട്ടു.

### 2.1.7.6. മാനസികരോഗമുള്ള കുട്ടികളെയും ലഹരി മരുന്ന്, മദ്യം മുതലായവയിൽ നിന്ന് വിമുക്തി വേണ്ട കുട്ടികളെയും സാധാരണ കുട്ടികൾക്കൊപ്പം പാർപ്പിക്കുന്നത്

2016-ലെ ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 80(1) അനുസരിച്ച്, മാനസികരോഗമുള്ളതോ മദ്യത്തിനോ മയക്കുമരുന്നിനോ മറ്റ് ലഹരി വസ്തുവിനോ അടിപ്പെട്ടതോ ആയ ഒരു കുട്ടിയെ ഒരു മെഡിക്കൽ ഓഫീസറോ ഒരു മാനസികാരോഗ്യ വിദഗ്ധനോ സാക്ഷ്യപ്പെടുത്തുന്ന കാലയളവിലേയ്ക്ക് കുട്ടിയുടെ ശരിയായ ചികിത്സയ്ക്ക് ഉതകും വിധം, ഉചിതമായ ഒരു കേന്ദ്രത്തിലേയ്ക്ക് ജെ.ജെ.ബി/ സി.ഡബ്ല്യു.സി/ ബാലക്കോടതി അയയ്ക്കേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിലെ സി.ഡബ്ല്യു.സി-കൾ മാനസികരോഗമുള്ള ഉള്ള 179[23] കുട്ടികളുടെയും മയക്ക് മരുന്ന്, ലഹരി വസ്തു, മദ്യം മുതലായവയിൽ നിന്ന് വിമുക്തിക്കായുള്ള സഹായം തേടിയിരുന്ന 138[24] കുട്ടികളുടെയും കേസുകൾ കൈകാര്യം ചെയ്തു.

മദ്യം, മയക്ക് മരുന്ന് മുതലായവയ്ക്ക് അടിപ്പെട്ട കുട്ടികൾക്ക് വേണ്ടി, ഉചിതമായ പ്രായഗണങ്ങളുടെ അടിസ്ഥാനത്തിൽ, സംസ്ഥാന സർക്കാർ സംയോജിതമായ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കണമെന്നാണ് 2016-ലെ ജെ.ജെ മാതൃകാ ചട്ടങ്ങളുടെ ചട്ടം 80(3) പ്രസ്താവിക്കുന്നത്. തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ തെരഞ്ഞെടുത്ത സി.ഡബ്ല്യു.സി-കളിൽ ഒന്നിലും മയക്കുമരുന്ന്, ലഹരി വസ്തു, മദ്യം എന്നിവയിൽ നിന്ന് വിമുക്തി വേണ്ടിയിരുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും ചികിത്സയും നൽകാനുള്ള ഒരു സംവിധാനം ഇല്ലായിരുന്നെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, തിരുവനന്തപുരം, എറണാകുളം, വയനാട് എന്നിവിടങ്ങളിൽ മാനസികരോഗമുള്ള കുട്ടികളുടെ സംരക്ഷണം/ ചികിത്സ/ പുനരധിവാസം എന്നിവയ്ക്ക് പ്രത്യേക മന്ദിരങ്ങൾ ഇല്ലാതിരുന്നതിനാൽ, മയക്കുമരുന്നിന് അടിമകളായ കുട്ടികളെ സാധാരണ കുട്ടികൾക്കൊപ്പം താമസിപ്പിക്കേണ്ടി വന്നത് അഭികാമ്യമല്ല.

ഓഡിറ്റിൽ താഴെപ്പറയുന്ന പ്രതികൂല സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

- 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ 55 മുതൽ 80 വരെ അന്തേവാസികൾ ഉണ്ടായിരുന്ന തിരുവനന്തപുരത്തെ ആൺകുട്ടികൾക്കായുള്ള ജി.സി.എച്ചിൽ മാനസികരോഗവും അനുബന്ധ സ്വഭാവ വൈകല്യങ്ങളുമുള്ള 11 മുതൽ 28 കുട്ടികളെ സാധാരണ കുട്ടികളുടെ കൂടെ പാർപ്പിച്ചതായി കണ്ടു.

[23] തിരുവനന്തപുരം – 26, എറണാകുളം – 5 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ നൽകിയിട്ടില്ല), കണ്ണൂർ – 9 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ ലഭ്യമല്ല), ആലപ്പുഴ – 133, വയനാട് - 6

[24] തിരുവനന്തപുരം – 76, എറണാകുളം – 16 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ നൽകിയിട്ടില്ല), കണ്ണൂർ – 0 (2018-19 മുതൽ 2020-21 വരെയുള്ള വിവരങ്ങൾ ലഭ്യമല്ല), ആലപ്പുഴ – 43, വയനാട് - 3

- അഞ്ചു വർഷ ഓഡിറ്റ് കാലയളവിൽ ആലപ്പുഴ മായിത്തറയിലുള്ള പെൺകുട്ടികൾക്കായുള്ള ജി.സി.എച്ചിൽ മാനസികരോഗചികിത്സയിലായിരുന്ന കുട്ടികളെ സാധാരണ കുട്ടികൾക്കൊപ്പം പാർപ്പിച്ചു.

- വയനാട് ജി.സി.എച്ചിൽ മനോവൈകല്യമുള്ള/ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ സാധാരണ കുട്ടികളോടൊത്ത് താമസിച്ചു.

മേൽപ്പറഞ്ഞ സി.സി.ഐ-കളിൽ മാനസിക രോഗമുള്ള കുട്ടികളെ കൈകാര്യം ചെയ്യുന്നതിന് ഒരു പ്രത്യേക സൗകര്യവും ചെയ്തിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അത്തരം കുട്ടികളെ കൈകാര്യം ചെയ്യുന്നതിന് പരിശീലനം സിദ്ധിച്ചിരുന്നില്ല. കൂടാതെ, മാനസിക രോഗമുള്ള കുട്ടികളെ സാധാരണ കുട്ടികൾക്കൊപ്പം താമസിപ്പിക്കുന്നത് രണ്ട് വിഭാഗങ്ങളിലെയും കുട്ടികൾക്ക് ഹാനികരമായേക്കാം. ലഹരി വിമുക്തി വേണ്ട കേസുകളുടെ എണ്ണം പരിഗണിച്ചും ലഹരിമരുന്ന്, ലഹരി വസ്തു എന്നിവയുടെ ഉപയോഗം യുവതലമുറയുടെ ജീവനെ അപകടത്തിലാഴ്ത്തുന്നതു കൊണ്ടും സർക്കാർ ഇക്കാര്യം ഗൗരവമായി കാണേണ്ടതും അടിയന്തിരമായി ഇടപെടേണ്ടതുമാണ്. ചട്ടം 80(3)-ൽ നിർദ്ദേശിക്കുന്ന പ്രകാരം ഉചിതമായ പ്രായ ഗണങ്ങളുടെ അടിസ്ഥാനത്തിൽ ലഹരിമരുന്നിന് അടിമകളായ കുട്ടികൾക്ക് വേണ്ടി സംയോജിത പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

ഹൈക്കോടതി ജെ.ജെ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് കുട്ടികൾക്കു വേണ്ടി പ്രത്യേകമായി ഒരു ലഹരി വിമുക്തി കേന്ദ്രം മലപ്പുറം ജില്ലയിലെ തവനൂരിൽ ആരംഭിക്കുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). മാനസിക രോഗമുള്ള കുട്ടികൾക്ക് പ്രത്യേക സൗകര്യങ്ങൾ ലഭ്യമാക്കാനായി സി.സി.ഐ-കൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പാർപ്പിക്കുവാനും ലഹരി വിമുക്തിക്കു സൗകര്യവുമുള്ള, എൻ.ജി.ഒ-കൾ നടത്തുന്ന ജെ.ജെ മന്ദിരങ്ങളെ ഉചിത സൗകര്യങ്ങളുള്ള കേന്ദ്രങ്ങളായി പ്രഖ്യാപിക്കാനും പ്രത്യേക പരിഗണന അർഹിക്കുന്ന/ ലഹരിക്കടിമകളായ കുട്ടികളെ അവിടെ പുനരധിവസിപ്പിക്കാനുമുള്ള നിർദ്ദേശം ശിശുക്ഷേമ സമിതികൾക്ക് കൊടുക്കുന്നതാണ് എന്നും പറയുകയുണ്ടായി.

### *2.1.7.7. ഓപ്പൺ ഷെൽറ്ററുകളുടെ പ്രവർത്തനം*

താമസ സൗകര്യം ആവശ്യമുള്ള കുട്ടികളെ (18 വയസ് വരെയുള്ള) അതിക്രമങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും തെരുവ് ജീവിതത്തിൽ നിന്ന് മാറ്റുന്നതിനും അകറ്റി നിർത്തുന്നതിനുമായി ഓപ്പൺ ഷെൽറ്ററുകൾ ഒരു സാമൂഹ്യാധിഷ്ഠിത കേന്ദ്രമായി പ്രവർത്തിക്കണമെന്ന് നിയമത്തിന്റെ വകുപ്പ് 43 (2) പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്ഥിരമായ താമസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനല്ല മറിച്ച്, നിലവിലെ സ്ഥാപനങ്ങളിലുള്ള പരിപാലന സംവിധാനങ്ങൾക്ക് ഒരു ഇടക്കാല അടിസ്ഥാനത്തിൽ പൂരകമായി വർത്തിക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. കുട്ടിക്ക് 24 മണിക്കൂറിൽ അധികം ശ്രദ്ധയും സംരക്ഷണവും ആവശ്യം വരുന്ന സാഹചര്യങ്ങളിൽ ഉചിതമായ തുടർ നടപടികൾക്കായി കുട്ടിയെ സി.ഡബ്ല്യു.സിയുടെ മുമ്പിൽ ഹാജരാക്കണമെന്ന് ചട്ടം 22(7) നിഷ്കർഷിക്കുന്നു

തിരുവനന്തപുരത്തെ ഓപ്പൺ ഷെൽറ്ററിൽ രണ്ട് വ്യക്തികളെ 18 വയസ് തികഞ്ഞതിനു ശേഷവും നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി താമസിക്കാൻ അനുവദിച്ചുകൊണ്ട് സി.ഡബ്ല്യു.സി ഉത്തരവ് പുറപ്പെടുവിച്ചതായി (2022 ജൂൺ, ജൂലൈ) ഓഡിറ്റ് നിരീക്ഷിച്ചു.

രണ്ട് കുട്ടികൾ ഓപ്പൺ ഷെൽറ്ററിൽ എത്തിയതിന് ശേഷം നീണ്ട കാലയളവിലേക്ക് (ഒരു വർഷവും, 2 ½ വർഷവും) തുടർന്നു താമസിച്ചതായുള്ള സംഭവങ്ങളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കുട്ടികൾക്ക് സാധാരണ ജീവിതത്തിനായി ശിശു മന്ദിരങ്ങൾ പോലെയുള്ള സൗകര്യങ്ങൾ ലഭ്യമായുള്ളപ്പോൾ താൽക്കാലിക വാസത്തിന് ഉദ്ദേശിച്ചുള്ള ഓപ്പൺ ഷെൽറ്ററിൽ കൂടുതൽ കാലം താമസം അനുവദിക്കുന്നത് നിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ദുർബലരായ കുട്ടികളുടെ സമ്പൂർണ്ണക്ഷേമം ഉറപ്പാക്കേണ്ട സി.ഡബ്ല്യുസി തന്നെ ചട്ടങ്ങൾ മറികടക്കുന്നത് നീതീകരിക്കാവുന്നതല്ല.

ഓപ്പൺ ഷെൽറ്ററുകൾ, അവയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന കുട്ടികളെപ്പറ്റിയുള്ള വിശദാംശങ്ങൾ ഫോറം 29-ൽ മാസംതോറും ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് സമർപ്പിക്കണമെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നു. തെരഞ്ഞെടുത്ത ജില്ലകളിലെ മൂന്ന് ഓപ്പൺ ഷെൽറ്ററുകളിൽ[25], 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എറണാകുളത്തെ ഒരു ഓപ്പൺ ഷെൽറ്റർ മാത്രമാണ് അതിലെ അന്തേവാസികളെപ്പറ്റി മാസംതോറും വിവരങ്ങൾ സമർപ്പിച്ചത്.

ഓപ്പൺ ഷെൽറ്ററുകളിൽ നിന്ന് മാസംതോറും വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന ഓഫീസിന് സമർപ്പിക്കാൻ ഡി.സി.പി.ഒ-മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും അക്കാര്യം തുടർച്ചയായി നിരീക്ഷിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *2.1.7.8. ഫോസ്റ്റർ കെയർ സംവിധാനത്തിന്റെ പ്രവർത്തനത്തിലെ പോരായ്മകൾ*

ഒരു കുട്ടിയുടെ ജീവശാസ്ത്രപരമായ കുടുംബത്തിലല്ലാതെ, മറ്റൊരു കുടുംബത്തിന്റെ ഭവനാന്തരീക്ഷത്തിലെ വേറിട്ട പരിചരണം ലഭിക്കുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട, അർഹതപ്പെട്ട, അംഗീകരിക്കപ്പെട്ട, നിരീക്ഷിക്കപ്പെട്ട സംവിധാനമാണ് ഫോസ്റ്റർ കെയർ സംവിധാനം. അത് ലക്ഷ്യം വയ്ക്കുന്നത്, ഒരു കുട്ടിയുടെ കുടുംബസാഹചര്യം മെച്ചപ്പെടുമ്പോൾ കാലക്രമേണ കുട്ടിയ്ക്ക് സ്വന്തം കുടുംബത്തോട് ചേരാനും തദ്വാരാ വിഷമ സാഹചര്യങ്ങളിൽ കുട്ടികളുടെ സ്ഥാപനങ്ങളിലെ വാസം തടയാനുമാണ്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ കുറച്ച് കാലത്തേയ്ക്കോ നീണ്ട കാലയളവിലേക്കോ സി.ഡബ്ല്യു.സി-യുടെ ഉത്തരവ് മുഖേന ഗ്രൂപ്പ് ഫോസ്റ്റർ കെയർ[26] ഉൾപ്പെടെയുള്ള ഫോസ്റ്റർ കെയർ കേന്ദ്രത്തിൽ പാർപ്പിക്കാവുന്നതാണ്.

ഓഡിറ്റ് നടന്ന കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിൽ ഫോസ്റ്റർ കെയർ സംവിധാനം പ്രദാനം ചെയ്തിരുന്ന കുടുംബങ്ങളുടെ എണ്ണവും അവയിൽ താമസിപ്പിച്ചിരുന്ന കുട്ടികളുടെ എണ്ണവും **പട്ടിക 2.3**-ൽ കാണിച്ചിരിക്കുന്നു.

---

[25] തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിൽ

[26] രക്ഷാകർത്തൃ പരിചരണമില്ലാത്ത, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് വേണ്ടി, കുടുംബത്തിന് സമാനവും സാമൂഹികാധിഷ്ഠിതവുമായ പരിഹാരങ്ങളിലൂടെ, അവർക്ക് വ്യക്തിപരമായ ശ്രദ്ധയും സമൂഹത്തിൽ സ്വീകാര്യതയുമുണ്ടെന്ന ബോധ്യവും സ്വത്വവും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള കുടുംബ സമാന പരിചരണമാണ്, ജെ.ജെ. നിയമത്തിന്റെ വകുപ്പ് 2 (32) പ്രകാരം, ഗ്രൂപ്പ് ഫോസ്റ്റർ കെയർ കൊണ്ട് അർത്ഥമാക്കുന്നത്.

**പട്ടിക 2.3: 2018-23 കാലയളവിൽ തെരഞ്ഞെടുത്ത ഫോസ്റ്റർ കെയർ സംവിധാനം പ്രദാനം ചെയ്ത കുടുംബങ്ങളുടെ വിശദാംശങ്ങൾ**

| | തിരുവനന്തപുരം | ആലപ്പുഴ | എറണാകുളം | വയനാട് | കണ്ണൂർ | ആകെ |
|---|---|---|---|---|---|---|
| ഫോസ്റ്റർ കെയർ സൗകര്യം നൽകിയ കുടുംബങ്ങളുടെ എണ്ണം | 46 | 27 | 11 | 22 | 36 | 142 |
| ഫോസ്റ്റർ കെയർ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയ കുട്ടികളുടെ എണ്ണം | 48 | 25 | 27 | 29 | 37 | 166 |
| ഗ്രൂപ്പ് ഫോസ്റ്റർ കെയർ യൂണിറ്റുകളുടെ എണ്ണം | 0 | 0 | 1[27] | 0 | 0 | 1 |
| ഗ്രൂപ്പ് ഫോസ്റ്റർ കെയറിന് കീഴിൽ ഉൾപ്പെടുത്തിയ കുട്ടികളുടെ എണ്ണം | 0 | 0 | 118 | 0 | 0 | 118 |

*(ഉറവിടം: എസ്.സി.പി.എസ് നൽകിയ ഡാറ്റ)*

പരിശോധന നടത്തിയ ജില്ലകളിൽ ഫോസ്റ്റർ കെയർ സംവിധാനത്തിന്റെ പ്രവർത്തനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് ശ്രദ്ധിച്ചു.

- ഓരോ ഫോസ്റ്റർ കുടുംബത്തെയും ആദ്യ മാസത്തിൽ ആഴ്ചയിൽ ഒരിക്കലും പിന്നീട് മാസത്തിലൊരിക്കലും ഔട്ട്റീച്ച് വർക്കർ[28] സന്ദർശിക്കുന്നു എന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ഐ.സി.പി.എസ് മാർഗ്ഗരേഖകൾ പ്രകാരം ഡി.സി.പി.യു-വിനാണ്. ഫോസ്റ്റർ കെയറിലുള്ള കുട്ടികൾ, പുതിയ ചുറ്റുപാടുമായി എത്രത്തോളം പൊരുത്തപ്പെടുന്നുണ്ടെന്നും അവയുമായി ഇണങ്ങിച്ചേരുന്നുണ്ടെന്നും അറിയാനായി ഇത്തരം സന്ദർശനങ്ങൾ സഹായിക്കുന്നു. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കണ്ണൂർ, വയനാട് എന്നീ തെരഞ്ഞെടുത്ത ജില്ലകളിലൊന്നിലും മേൽപ്പറഞ്ഞ സന്ദർശനങ്ങൾ നടത്തിയിരുന്നില്ല.

- കുട്ടിയുടെ ക്ഷേമമാന്വേഷണത്തിനായി ഫോസ്റ്റർ കുടുംബങ്ങളുടെ അല്ലെങ്കിൽ പോറ്റി വളർത്തുന്നവരുടെ പ്രതിമാസ പരിശോധന സി.ഡബ്ല്യു.സി നടത്തേണ്ടതുണ്ടെന്ന് ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 23 (18) ആവശ്യപ്പെടുന്നു. ഇതിൽ കുട്ടിയുമായും, കുട്ടിയുടെ വളർത്തു മാതാപിതാക്കളുമായും, വളർത്തു മാതാപിതാക്കളുടെ സ്വന്തം കുട്ടികളുമായും, സ്കൂൾ അധ്യാപകരുമായും, യഥാർത്ഥ മാതാപിതാക്കളുമായും, അയൽക്കാരുമായുമുള്ള ഇടപെടലുകൾ ഉൾപ്പെടുന്നു. ഓഡിറ്റ് കാലയളവിൽ എറണാകുളം, വയനാട് എന്നീ തെരഞ്ഞെടുത്ത ജില്ലകളിൽ ഈ രീതിയിലുള്ള ഒരു പരിശോധനയും സി.ഡബ്ല്യു.സി നടത്തിയതായി കണ്ടില്ല. കണ്ണൂരിനെ സംബന്ധിച്ച് അത്തരം പരിശോധനകളുടെ വിശദാംശങ്ങളൊന്നും രേഖയിൽ ലഭ്യമല്ലെന്ന് ഡി.സി.പി.യു മറുപടി നൽകി.

- ഫോസ്റ്റർ കെയറിൽ കഴിയുന്ന ഓരോ കുട്ടിയുടെയും രേഖ, ഫോറം 34-ൽ ഡി.സി.പി.യു സൂക്ഷിക്കണമെന്ന് ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 23(17) ആവശ്യപ്പെടുന്നു. ഐ.സി.പി-യുടെ വിശദാംശങ്ങൾ, ഹോം സ്റ്റഡി റിപ്പോർട്ട്, ചൈൽഡ് സ്റ്റഡി റിപ്പോർട്ട്, ഫോസ്റ്റർ കുടുംബത്തിലേയ്ക്ക് നടത്തുന്ന സന്ദർശനങ്ങളുടെ രേഖ എന്നിവയാണ് ഈ ഫോമിൽ കാണിക്കുന്നത്.

---

27 എസ്.ഒ.എസ് ചിൽഡ്രൻസ് വില്ലേജ്

28 ഔട്ട് റീച്ച് വർക്കർമാർ സമൂഹത്തിനും ഡി.സി.പി.യു-വിനും ഇടയിൽ ഒരു കണ്ണി ആയി വർത്തിക്കേണ്ടതും അപകടാവസ്ഥയിലുള്ള കുടുംബങ്ങളെയും കുട്ടികളെയും തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമുള്ള സേവനങ്ങൾ നൽകുന്ന കാര്യത്തിൽ ഉത്തരവാദിത്തം ഏൽക്കേണ്ടതുമാണ്.

തിരുവനന്തപുരം, എറണാകുളം, വയനാട്, കണ്ണൂർ എന്നീ തെരഞ്ഞെടുത്ത നാലുജില്ലകളിൽ ഫോസ്റ്റർ കെയറിലുള്ള കുട്ടികളെ സംബന്ധിച്ച മേൽപ്പറഞ്ഞ വിശദാംശങ്ങൾ ഫോറം 34-ൽ സൂക്ഷിച്ചിരുന്നില്ല എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

ഫോസ്റ്റർ കുടുംബത്തിലേയ്ക്ക് സി.ഡബ്ല്യു.സി-യും ഔട്ട്റീച്ച് വർക്കർമാരും കൃത്യമായ ഇടവേളകളിൽ സന്ദർശനങ്ങൾ നടത്താതിരുന്നതു കൊണ്ടും, നിർദ്ദിഷ്ട ഫോർമാറ്റിൽ ഫോസ്റ്റർ കെയറിന്റെ വിശദാംശങ്ങൾ ഡി.സി.പി.യു-കൾ കൃത്യമായി പുതുക്കാത്തത് കൊണ്ടും സൂക്ഷിക്കാതിരുന്നതുകൊണ്ടും ഫോസ്റ്റർ കെയറിലേക്ക് അയയ്ക്കുന്ന കുട്ടിയുമായി സജീവ ബന്ധം സ്ഥാപിക്കാനും, കുട്ടി അവരുടെ പരിസ്ഥിതിയുമായി എത്രമാത്രം പൊരുത്തപ്പെടുന്നു എന്ന് നിർണ്ണയിക്കാനും അധികൃതർക്ക് കഴിഞ്ഞില്ല.

നേരിട്ടോ അല്ലെങ്കിൽ ഓൺലൈൻ രീതിയിലോ, സി.ഡബ്ല്യു.സി ഫോസ്റ്റർ കുടുംബങ്ങളുടെ പരിശോധനകൾ നടത്തണമെന്നുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്നും ജില്ലാ മജിസ്ട്രേറ്റുമാരോട് ഈ പരിശോധനകൾ നിരീക്ഷിക്കാൻ നിർദ്ദേശിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). കൂടാതെ, കുട്ടിയുടെ ക്ഷേമം പതിവായി നിരീക്ഷിക്കുന്നതിനായി ഡി.സി.പി.യു-കളോട് ബന്ധപ്പെട്ടിട്ടുള്ള ഔട്ട്റീച്ച് വർക്കർമാർ/ സാമൂഹ്യപ്രവർത്തകർ ഓരോ ഫോസ്റ്റർ കുടുംബം/ ദാതാവ് എന്നിവരെ സന്ദർശിക്കുന്നു എന്ന് ഉറപ്പ് വരുത്താനുള്ള നിർദ്ദേശവും ഡി.സി.പി.ഒ-മാർക്ക് നൽകുന്നതാണ് എന്നും പറയുകയുണ്ടായി.

### *2.1.7.9. കുട്ടികൾ അവധിക്ക് പോകുന്നതും കാലാവധി കഴിഞ്ഞും അവധിയിൽ തുടരുന്നതും*

ജെ.ജെ ചട്ടങ്ങളുടെ ചട്ടം 18 പ്രകാരം, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഏതൊരു കുട്ടിയെയും സി.ഡബ്ല്യു.സി-യുടെ മുമ്പിൽ ഹാജരാക്കേണ്ടതും, കുട്ടിയുമായി സംഭാഷണം നടത്തിയശേഷം, കുട്ടിയെ ഒരു ശിശുമന്ദിരത്തിൽ പാർപ്പിക്കാനായി സി.ഡബ്ല്യു.സി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതുമാണ്. ഒരു സ്ഥാപനത്തിൽ വസിക്കുന്ന ഏതൊരു കുട്ടിക്കും, പരീക്ഷ, ബന്ധുക്കളുടെ വിവാഹം, മാതാപിതാക്കളുടെ ഗുരുതര അസുഖം അല്ലെങ്കിൽ സമാനമായ അടിയന്തിര സാഹചര്യം, തുടങ്ങിയ പ്രത്യേക അവസരങ്ങളിൽ നിരീക്ഷണത്തിന് വിധേയമായി ഒരു അവസരത്തിൽ സാധാരണയായി ഏഴ് ദിവസത്തിൽ കവിയാതെ, അവധി അനുവദിക്കാൻ സി.ഡബ്ല്യു.സി-യെയും ജെ.ജെ.ബി-യെയും ജെ.ജെ. നിയമത്തിന്റെ വകുപ്പ് 98 അധികാരപ്പെടുത്തുന്നു. അവധിയുടെ കാലാവധി കഴിയുമ്പോൾ ഒരു കുട്ടി ശിശുമന്ദിരത്തിലേയ്ക്ക് മടങ്ങാതിരുന്നാൽ, ജെ.ജെ.ബി-യ്ക്കോ സി.ഡബ്ല്യു.സി-യ്ക്കോ ആ കുട്ടിയെ ബന്ധപ്പെട്ട മന്ദിരത്തിൽ എത്തിക്കാവുന്നതോ അല്ലെങ്കിൽ മാതാപിതാക്കളുടെയോ/ രക്ഷാകർത്താവിന്റെ കൂടെയോ താമസിക്കാൻ അനുവദിച്ചു കൊണ്ട് റിലീസ് ഓർഡർ പുറപ്പെടുവിക്കാവുന്നതോ ആണ്. സി.സി.ഐ-യിൽ നിന്ന് അവധിക്ക് പോയിട്ട് സ്ഥാപനത്തിൽ തിരിച്ച് വരാതിരിക്കുകയും എന്നാൽ സമയബന്ധിതമായി തുടർനടപടികൾ എടുക്കുന്നതിൽ സി.സി.ഐ-യ്ക്കും സി.ഡബ്ല്യു.സി-യ്ക്കും വീഴ്ച പറ്റിയതുമായ, താഴെ വിവരിക്കുന്ന ചില സംഭവങ്ങൾ രേഖകളുടെ പരിശോധനയിൽ വെളിപ്പെട്ടു:

- വയനാട് എസ്.എ.എ-ൽ നിന്ന് അവധിയിൽ പോയ[29] ആറ് വയസ്സ് പ്രായത്തിനുള്ളിലുള്ള അഞ്ച് കുട്ടികൾ അവധിക്കാലം കഴിഞ്ഞും സി.സി.ഐ-യിൽ തിരിച്ചെത്തിയില്ല. ഇപ്പറഞ്ഞവരിൽ, 2023 ജനുവരി 01 ന് അവധിയിൽ

[29] 2020 മാർച്ചിൽ ഒരു കുട്ടി, 2023 ജനുവരിയിൽ മൂന്ന് കുട്ടികൾ, 2023 ഏപ്രിലിൽ ഒരു കുട്ടി

പോയ മൂന്ന് സഹോദരങ്ങളുടെ കാര്യത്തിൽ മന്ദിരത്തിലെ താമസം അവസാനിപ്പിച്ച് വീട്ടിൽ പോകാനുള്ള റിലീസ് ഓർഡർ സി.ഡബ്ല്യു.സി പുറപ്പെടുവിച്ചത് എട്ട് മാസത്തിന് ശേഷം 2023 സെപ്റ്റംബർ 12-ന് ആയിരുന്നുവെന്ന് കണ്ടു.

2023 ഏപ്രിൽ 13-ന് അവധിയിൽ പോയ നാലാമത്തെ കുട്ടി ഇതുവരെ (2024 ഫെബ്രുവരി) മന്ദിരത്തിൽ തിരിച്ചെത്തിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സി.സി.ഐ ഇക്കാര്യം സി.ഡബ്ല്യു.സി-യെ അറിയിക്കുകയോ സി.ഡബ്ല്യു.സി കുട്ടിക്കായി ഒരു റിലീസ് ഓർഡർ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

2020 മാർച്ച് 16-ന് എസ്.എ.എ-യിൽ നിന്ന് അവധിയിൽ പോയ അഞ്ചാമത്തെ കുട്ടി, അവധി കഴിഞ്ഞ് മടങ്ങിയെത്തിയില്ല എന്ന കാര്യം സി.സി.ഐ, സി.ഡബ്ല്യു.സി-യെ അറിയിച്ചില്ല. മാതാപിതാക്കളുടെ അപേക്ഷയിൽ 2022 ജനുവരി 5-ന് കുട്ടിയുടെ റിലീസ് ഓർഡർ സി.ഡബ്ല്യു.സി പുറപ്പെടുവിച്ചു.

- 2021 ഡിസംബർ 13-ന് എറണാകുളം, കാക്കനാടുള്ള ജിസിഎച്ചിൽ പ്രവേശിപ്പിച്ചിരുന്ന 11 വയസ്സുള്ള ഒരു പെൺകുട്ടി സി.ഡബ്ല്യു.സി-യുടെ ഉത്തരവിൻ പ്രകാരം പ്രവേശനത്തിന്റെ പിറ്റേന്ന് തന്നെ അവധിയിൽ പോയി. അനുവദിക്കപ്പെട്ട അവധി 2021 ഡിസംബർ 27-ന് കഴിഞ്ഞെങ്കിലും കുട്ടി ശിശു മന്ദിരത്തിൽ തിരിച്ചെത്തിയില്ല. എന്നാൽ സ്ഥാപനം ഇക്കാര്യം സി.ഡബ്ല്യു.സിക്ക് 2022 മാർച്ച് 23-ന് മാത്രമാണ് റിപ്പോർട്ട് ചെയ്തത്. കൂടാതെ, ഒൻപത് മാസം കഴിഞ്ഞ്, 2023 ജനുവരി 09-നാണ് സി.ഡബ്ല്യു.സി റിലീസ് ഓർഡർ പുറപ്പെടുവിച്ചത്.

- ആലപ്പുഴ നൂറനാട്ടെ ആൺകുട്ടികൾക്കായുള്ള ജിസിഎച്ചിലെ പ്രവേശന റജിസ്റ്റർ, ഡിസ്ചാർജ് റജിസ്റ്റർ, ഹാജർ പുസ്തകം എന്നിവ പരിശോധിച്ചപ്പോൾ, സി.ഡബ്ല്യു.സി -യുടെ ഉത്തരവിൻ പ്രകാരം സ്ഥാപനത്തിൽ നിന്ന് അവധിയിൽ പോയ (2018 നവംബർ, 2019 ഏപ്രിൽ) എട്ട് വയസുള്ള രണ്ട് കുട്ടികൾ അവധി കഴിഞ്ഞ് തിരിച്ചെത്തിയില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ കുട്ടികൾ കാലവധി കഴിഞ്ഞും അവധിയിൽ തുടരുന്നു എന്നുള്ള കാര്യം സി.സി.ഐ വളരെ വൈകി 2019 ജനുവരിയിലും 2019 ആഗസ്റ്റിലും മാത്രമാണ് സി.ഡബ്ല്യു.സി-യെ അറിയിച്ചത്. മേൽപ്പറഞ്ഞ കുട്ടികളുടെ റിലീസ് ഓർഡർ 2022 ജൂലൈയിൽ മാത്രമാണ് സി.ഡബ്ല്യു.സി പുറപ്പെടുവിച്ചതായി കണ്ടത്. ഒരു കുട്ടിക്ക് അവധിയിൽ പോകാവുന്ന ദിവസങ്ങളുടെ എണ്ണം ഏഴായി നിയമം നിഷ്കർഷിക്കുന്നുണ്ടെങ്കിലും, സി.ഡബ്ല്യു.സി-യുടെ ഓർഡറുകൾ അവധിയുടെ കാലാവധി ഏഴ് ദിവസമായി പരിമിതപ്പെടുത്തുകയോ അവധിയുടെ എണ്ണം സുവ്യക്തമാക്കുകയോ ചെയ്യുന്നില്ല. ഈ കേസിൽ കുട്ടിക്ക് നിർദ്ദിഷ്ട പരിധിയിലും വളരെ കൂടുതലായി രണ്ട് മാസത്തെ അവധി അനുവദിച്ചുകൊണ്ട് സി.ഡബ്ല്യു.സി ഉത്തരവ് പുറപ്പെടുവിച്ചു (2019 മാർച്ച്).

മേലുദ്ധരിച്ച സംഭവങ്ങളിൽ അവധി തീരുന്നതിനും റിലീസ് ഓർഡർ പുറപ്പെടുവിക്കുന്നതിനും ഇടയ്ക്കുള്ള അധികകാലയളവിൽ, കുട്ടി സ്ഥാപനത്തിൽ ഇല്ലാതെ വരുന്ന സാഹചര്യങ്ങൾക്ക് ഇട വരുത്തുന്നു. കൂടാതെ, കുട്ടി സ്ഥാപനത്തിൽ ഇല്ലാതെ വരുന്ന സമയത്ത്, കുട്ടിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാതിരിക്കുന്നതിനും കുട്ടിയുടെ സുരക്ഷാകാര്യത്തിൽ വിട്ടുവീഴ്ച ഉണ്ടാവുന്നതിനും ഇടയാക്കുന്നു. സ്ഥാപനത്തിൽ നിന്ന് ദീർഘകാലം കുട്ടിയെ കാണാതിരുന്നതിന് ശേഷം കുട്ടിയുടെ ക്ഷേമാവസ്ഥ ഉറപ്പാക്കുകപോലും ചെയ്യാതെ, സി.സി.ഐ-യിലെ അവരുടെ താമസം

അവസാനിപ്പിച്ച് കൊണ്ട് റിലീസ് ഓർഡർ പുറപ്പെടുവിക്കുന്നു. ഇത് കുട്ടികളുടെ ദുർബലമായ സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ, കാലാവധി കഴിഞ്ഞും അവധിയിൽ തുടരുക വഴി ഒരു അരുതാത്ത സംഭവം ഉണ്ടാകുന്ന പക്ഷം, കുട്ടിയുടെ സുരക്ഷാ കാര്യത്തിൽ സി.സി.ഐ/ സി.ഡബ്ല്യു.സി/ ജെ.ജെ.ബി/ സർക്കാർ എന്നിവർ നിയമപരമായി സങ്കോചമുണ്ടാക്കുന്ന സാഹചര്യത്തിൽ എത്തിപ്പെടാവുന്നതാണ്.

നിർദ്ദിഷ്ട സമയമായ ഏഴ് ദിവസത്തിനുള്ളിൽ കുട്ടികൾ മന്ദിരങ്ങളിൽ തിരിച്ചെത്തിയില്ലെങ്കിൽ, സി.സി.ഐ-കളിലെ സൂപ്രണ്ടുമാർ ആ വിവരം സി.ഡബ്ല്യു.സി ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). അവധി കഴിഞ്ഞ് തിരികെ എത്താത്ത കുട്ടികൾക്ക് സി.ഡബ്ല്യു.സി -കൾ റിലീസ് ഓർഡറുകൾ പുറപ്പെടുവിക്കുവാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുമെന്നും പ്രസ്താവിക്കപ്പെട്ടു. കുട്ടികൾക്ക് റിലീസ് ഓർഡറുകൾ അനുവദിക്കുന്നതിന് മുമ്പ്, അവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കാനായി അവധിയിൽ പോകുന്ന കുട്ടികളുടെ സ്ഥലകാല വിവരങ്ങൾ സി.ഡബ്ല്യു.സി-കൾ/ സി.സി.ഐ-കൾ സജീവമായി അന്വേഷിക്കേണ്ടതിന്റെ ആവശ്യകത ഓഡിറ്റ് അടിവരയിട്ടു പറയുന്നു.

### *2.1.7.10. ദത്തെടുക്കൽ നടപടികൾ നടപ്പാക്കുന്നതിലെ കാര്യക്ഷമത*

സി.ഡബ്ല്യു.സി ദത്തെടുക്കലിനായി, പരിഗണിക്കുന്ന അനാഥൻ അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ടതോ സറണ്ടർ ചെയ്തതോ ആയ ഒരു കുട്ടി, ഒരു ബന്ധുവിന്റെ[30] കുട്ടി, വളർത്തുമാതാപിതാക്കൾക്ക് ദത്തെടുക്കാനായി ജീവശാസ്ത്രപരമായ മാതാപിതാക്കൾ സറണ്ടർ ചെയ്ത മുൻ വിവാഹത്തിലെ പങ്കാളിയുടെ കുട്ടി എന്നിവരെയാണ്, കേന്ദ്ര അഡോപ്ഷൻ റിസോഴ്സ് ഏജൻസി (സി.എ.ആർ.എ) രൂപപ്പെടുത്തി കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച 2017-ലെയും 2022-ലെയും ദത്തെടുക്കൽ റെഗുലേഷനുകൾ ദത്തെടുക്കലിന് യോഗ്യതയുള്ളവരായി നിർവ്വചിക്കുന്നത്. രൂപീകരിക്കപ്പെട്ട റെഗുലേഷനുകൾ ദത്തെടുക്കൽ നടപടികൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാനായി സംസ്ഥാനത്ത് ഒരു സംവിധാനം ഉണ്ടായിരുന്നോ എന്ന് ഓഡിറ്റ് പരിശോധിച്ചു. ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ വിവരിക്കുന്നു.

### *ഹോം സ്റ്റഡി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും, അപ്‌ലോഡ് ചെയ്യുന്നതിലും, പുനഃസാധൂകരിക്കുന്നതിലും ഉണ്ടായ കാലതാമസം*

'ഹോം സ്റ്റഡി റിപ്പോർട്ടിൽ'[31] (എച്ച്.എസ്.ആർ) ദത്തെടുക്കാൻ താല്പര്യമുള്ള മാതാപിതാക്കളുടെയോ[32] (പി.എ.പി) വളർത്തു മാതാപിതാക്കളുടെയോ വിശദാംശങ്ങൾ കൂടാതെ, സാമൂഹിക-സാമ്പത്തിക സ്ഥിതി, കുടുംബപശ്ചാത്തലം, വീടിനെയും അതിന്റെ അന്തരീക്ഷത്തെയും സംബന്ധിച്ച വിവരണം, ആരോഗ്യ സ്ഥിതി എന്നിവയുമാണ് ഉൾപ്പെടുന്നത്. ഡി.സി.പി.യു-കൾ മുഖാന്തരമാണ് ഫോസ്റ്റർ കുടുംബത്തിന്റെ എച്ച്.എസ്.ആർ, സി.ഡബ്ല്യു.സി-യ്ക്ക് ലഭിക്കേണ്ടിയിരുന്നത്.

പി.എ.പി-കളുടെ രജിസ്ട്രേഷന്റെയും ആവശ്യമുള്ള രേഖാസമർപ്പണത്തിന്റെയും തീയതിയ്ക്ക് ഒരു മാസത്തിനുള്ളിൽ ഓരോ സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയും (എസ്.എ.എ) പി.എ.പി-കളുടെ എച്ച്.എസ്.ആർ പൂർത്തിയാക്കണമെന്ന്

---

[30] നിയമത്തിന്റെ വകുപ്പ് 2(52)-ൽ നിർവ്വചിക്കുന്ന പ്രകാരം

[31] ജെ.ജെ. ചട്ടങ്ങളുടെ ചട്ടം 2(viii)

[32] നിയമത്തിന്റെ വകുപ്പ് 57-ലെ വ്യവസ്ഥകൾ പ്രകാരം ഒരു കുട്ടിയെ ദത്തെടുക്കാൻ യോഗ്യതയുള്ള ഒരു വ്യക്തി/വ്യക്തികളെ ആണ് ദത്തെടുക്കാൻ താല്പര്യമുള്ള മാതാപിതാക്കളായി നിയമത്തിന്റെ വകുപ്പ് 2(49) നിർവ്വചിക്കുന്നത്

2017-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 29(3)(ഡി) പ്രസ്താവിക്കുന്നു. 2022-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 30(3)(ഡി)-യിലൂടെ എച്ച്.എസ്.ആർ പൂർത്തിയാക്കേണ്ട കാലാവധി രണ്ട് മാസമായി നീട്ടുകയും എച്ച്.എസ്.ആറിന്റെ പുനഃസാധൂകരണം അതിന്റെ കാലാവധി തീരുന്നതിന് മുൻപ് ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണെന്ന് ഉത്തരവാകുകയും ചെയ്തു.

ഓഡിറ്റ് കാലയളവിൽ ഹോം സ്റ്റഡി റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ വെളിപ്പെട്ടു.

- എറണാകുളം ജില്ലയിൽ ആകെയുള്ള 124 കേസുകളിൽ, എട്ടെണ്ണത്തിൽ 13 മുതൽ 58 ദിവസം വരെ വൈകിയാണ് എച്ച്.എസ്.ആറുകൾ പൂർത്തിയാക്കിയത്. വയനാട് ജില്ലയിൽ, 21 കേസുകളിലെ കാലതാമസം അഞ്ച് മുതൽ 245 ദിവസം വരെ ആയിരുന്നു. കണ്ണൂർ ജില്ലയിൽ 29 കേസുകളിൽ കാലതാമസം മൂന്ന് മുതൽ 1031 ദിവസം ആയിരുന്നു.

- എച്ച്.എസ്.ആർ. പൂർത്തിയാക്കുന്ന തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ എസ്.എ.എ നിർദ്ദിഷ്ട പോർട്ടലിൽ എച്ച്.എസ്.ആർ പോസ്റ്റ് ചെയ്യേണ്ടതാണെന്ന് റെഗുലേഷനുകൾ അനുശാസിക്കുന്നു.

  എന്നാൽ, ആലപ്പുഴ ജില്ലയിലെ ഏഴ് കേസുകളിൽ, നിർദ്ദിഷ്ടപോർട്ടലിൽ എച്ച്.എസ്.ആർ അപ്‌ലോഡ് ചെയ്യാനുണ്ടായ കാലതാമസം ഒൻപത് മുതൽ 80 ദിവസം വരെ ആയിരുന്നു. വയനാട് ജില്ലയിലെ 26 കേസുകളിൽ കാലതാമസം മൂന്ന് ദിവസത്തിനും 158 ദിവസത്തിനും ഇടയിലായിരുന്നു. കണ്ണൂർ ജില്ലയിലെ 27 കേസുകളിൽ കാലതാമസം മൂന്ന് ദിവസത്തിനും 225 ദിവസത്തിനും ഇടയിലായിരുന്നു.

- ആലപ്പുഴ ജില്ലയിലെ മൂന്ന് കേസുകളിൽ, എച്ച്.എസ്.ആറിന്റെ പുനഃസാധൂകരണം 81 മുതൽ 153 ദിവസം വരെ കാലതാമസം വരുത്തിയാണ് ചെയ്തത്. വയനാട് ജില്ലയിലെ നാല് കേസുകളിൽ, പുനഃസാധൂകരണം 2020 ഏപ്രിലിനും 2022 സെപ്റ്റംബറിനും ഇടയിൽ ചെയ്യേണ്ടതായിരുന്നെങ്കിലും നാളിതുവരെ (2023 ഒക്ടോബർ) ചെയ്തിട്ടില്ല. കണ്ണൂർ ജില്ലയിലെ 28 കേസുകളിൽ, കാലതാമസം 12 മുതൽ 390 ദിവസം വരെ ആയിരുന്നു.

കുട്ടിയെ ഫോസ്റ്റർ കെയിറിന് ഏൽപ്പിക്കുന്നതിന് മുമ്പ് ഡി.സി.പി.യു മുഖാന്തരം ഫോസ്റ്റർ കുടുംബത്തിന്റെ എച്ച്.എസ്.ആർ, സി.ഡബ്ല്യു.സി-യ്ക്ക് ലഭിക്കേണ്ടതിനാൽ, എച്ച്.എസ്.ആറിന്റെ സമയബന്ധിതമായ തയ്യാറാക്കലും അപ്‌ലോഡിംഗും ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് അനുകൂല സാഹചര്യമുള്ള ഭവനങ്ങൾ ഉറപ്പാക്കുന്ന കാര്യത്തിൽ നിർണ്ണായക ഘടകമാണ്. കൂടാതെ, ഫോസ്റ്റർ കുടുംബങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിചരിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുകയും, യോഗ്യമാണെന്ന് എച്ച്.എസ്.ആർ അംഗീകരിക്കുകയും ചെയ്താൽ മാത്രമേ ഇപ്പറഞ്ഞ കുട്ടികളെ ഫോസ്റ്റർ കുടുംബങ്ങളെ ഏൽപ്പിക്കാൻ പരിഗണിക്കുകയുള്ളൂ.

എറണാകുളം, കണ്ണൂർ, വയനാട് ജില്ലകളിലെ ഡി.സി.പി.യു-മാർക്ക് തീർപ്പാക്കാത്ത 174 കേസുകളിൽ എത്രയും വേഗം ഹോം സ്റ്റഡി നടത്താനും, ആലപ്പുഴ ഡി.സി.പി.യു-വിനോട് അപേക്ഷകരുടെ പക്കൽ നിന്നും രേഖകൾ ശേഖരിച്ച് തീർപ്പാക്കാത്ത എച്ച്.എസ്.ആർ അപ്‌ലോഡ് ചെയ്യാനും നിർദ്ദേശങ്ങൾ നൽകിയെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### തൊട്ടിൽ ഇടങ്ങളും സൂചകങ്ങളും ഏർപ്പാടാക്കാത്തത്

ഉപേക്ഷിക്കപ്പെട്ട കുട്ടികളെ സ്വീകരിക്കാൻ, എസ്.എ.എ അതിന്റെ സ്വന്തം മന്ദിരത്തിൽ ശിശുകൾക്കായുള്ള തൊട്ടിൽ ഇടങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ തുടങ്ങിയവയിൽ തൊട്ടിലുകളും സ്ഥാപിക്കണമെന്ന് 2017-ലെയും 2022-ലെയും[33] ദത്തെടുക്കൽ റെഗുലേഷനുകൾ നിഷ്കർഷിക്കുന്നു. തൊട്ടിലിലെ ശിശുവിനെ സ്വീകരിക്കുന്ന കേന്ദ്രമായി എസ്.എ.എ-യെ നാമനിർദ്ദേശം ചെയ്യേണ്ടതും അവിടെ കുഞ്ഞുങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കേണ്ടതുമാണ്. തൊട്ടിലിലെ ശിശുവിനെ സ്വീകരിക്കുന്ന കേന്ദ്രത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ ആശുപത്രികൾ/ നേഴ്സിംഗ് ഹോമുകൾ എന്നിവിടങ്ങളിലെ തൊട്ടിൽ ഇടങ്ങളുമായി ബന്ധിപ്പിക്കേണ്ടതാണ്. തൊട്ടിൽ ഇടങ്ങൾക്കായി തൊട്ടിലുകൾ സംഭരിക്കാനുള്ള സൗകര്യം ഡി.സി.പി.യു ഒരുക്കേണ്ടതാണ്. കൂടാതെ, കുട്ടികളെ സുരക്ഷിതമായി ഉപേക്ഷിക്കാൻ അവരുടെ ജീവശാസ്ത്രപരമായ രക്ഷിതാവിന്/ രക്ഷിതാക്കൾക്ക് മാർഗ്ഗനിർദ്ദേശം ലഭ്യമാക്കാനായി വിവിധ സ്ഥലങ്ങളിൽ നിർബന്ധമായി തൊട്ടിൽ സൂചകങ്ങൾ പ്രദർശിപ്പിക്കണമെന്ന് എല്ലാ എസ്.എ.എ-കൾക്കും സി.എ.ആർ.എ നിർദ്ദേശം നൽകിയിട്ടുണ്ട് (2022 സെപ്റ്റംബർ).

സംസ്ഥാനത്തെ 14 എസ്.എ.എ-കളിൽ രണ്ടിടത്ത്[34] മാത്രമാണ് തൊട്ടിൽ ഇടങ്ങൾ സ്ഥാപിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ അഞ്ച് ജില്ലകളിൽ, തിരുവനന്തപുരത്ത് മാത്രമേ എസ്.എ.എ-യിൽ തൊട്ടിൽ ഇടം ഉണ്ടായിരുന്നുള്ളൂ. എസ്.എ.എ അല്ലാതെ തൊട്ടിൽ ഇടങ്ങൾ സ്ഥാപിച്ച കേന്ദ്രങ്ങളുടെ കാര്യത്തിൽ, ആലപ്പുഴയിൽ ഒരു[35] തൊട്ടിലും എറണാകുളത്ത് രണ്ട്[36] തൊട്ടിലുകളും ഉണ്ടായിരുന്നു. വയനാട്, കണ്ണൂർ ജില്ലകളിൽ കുട്ടികളെ സുരക്ഷിതമായി ഉപേക്ഷിക്കാവുന്ന കേന്ദ്രങ്ങൾ ഇല്ലായിരുന്നു. ഐ.സി.പി.എസിന്റെ മാർഗ്ഗനിർദ്ദേശാനുസരണം തൊട്ടിലുകളുടെ സംഭരണം സാദ്ധ്യമാക്കുന്ന കാര്യത്തിൽ ഡി.സി.പി.യു-കൾ പരാജയപ്പെട്ടു എന്നാണ് നിർദ്ദിഷ്ട രീതിയിൽ തൊട്ടിലുകൾ ലഭ്യമല്ലായിരുന്നു എന്നത് സൂചിപ്പിക്കുന്നത്. കൂടാതെ, ഇപ്പറഞ്ഞ ശിശുകൾക്കായുള്ള തൊട്ടിൽ ഇടങ്ങളിൽ ഒരിടത്തും സൂചകങ്ങൾ ഇല്ലായിരുന്നു.

ശിശുക്കളെ കൈമാറാൻ കൂടുതൽ തൊട്ടിൽ ഇടങ്ങൾ പ്രോത്സാഹിപ്പിക്കുകയും അത്തരം ഇടങ്ങളുടെ സ്ഥാനം സംബന്ധിച്ച് അവബോധം നടത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ സുരക്ഷിതമല്ലാത്തതും വൃത്തിഹീനവുമായ സാഹചര്യങ്ങളിൽ നവജാത ശിശുക്കൾ ഉപേക്ഷിക്കപ്പെടുന്ന സംഭവങ്ങൾ ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ജീവഹാനിക്കുള്ള സാദ്ധ്യതയിൽ നിന്നും, മാലിന്യം, അഴുക്ക്, കുറ്റിച്ചെടികൾ തുടങ്ങിയവയിൽ മനുഷ്യത്വ രഹിതമായി വലിച്ചെറിയുന്നതു മൂലമുണ്ടാകുന്ന അപകടം, അതിക്രമം എന്നിവയിൽ നിന്നും നവജാതശിശുക്കളെ സംരക്ഷിക്കുന്നതിനും സുരക്ഷിതരീതിയിലുള്ള ഉപേക്ഷിക്കൽ വഴി സാധിക്കുന്നു. നിർദ്ദിഷ്ട രീതിയിൽ ശിശുക്കൾക്കായുള്ള തൊട്ടിൽ ഇടങ്ങൾ സ്ഥാപിക്കുന്നതും ഇടങ്ങൾ എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി സൂചകങ്ങൾ സ്ഥാപിക്കുന്നതും ഉപേക്ഷിക്കപ്പെട്ട ഒരു നവജാതശിശുവിന്റെ ജീവൻ രക്ഷിക്കാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

---

33 2022 സെപ്റ്റംബർ 23 മുതൽ

34 തിരുവനന്തപുരവും മലപ്പുറവും

35 ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി

36 അങ്കമാലി ചെറുപുഷ്പം ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലും

സംസ്ഥാനത്ത് സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിലും/ ആശുപത്രികളിലും എം.എൽ.എ ഫണ്ടുകൾ ഉപയോഗിച്ച് ശിശുക്കളെ സ്വീകരിക്കുന്ന തൊട്ടിൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനായി കേരള സംസ്ഥാന ശിശുക്ഷേമ സമിതിയ്ക്ക് നിർദ്ദേശം കൊടുത്തതായി സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

### *ദത്തെടുക്കാവുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വൈദ്യപരിശോധനയിലെ കാലതാമസം*

ആരോഗ്യപ്രശ്നങ്ങളോ അല്ലെങ്കിൽ സംശയിക്കത്തക്ക വിധം പ്രത്യേക ആവശ്യങ്ങൾ/ അവസ്ഥയിലുള്ള കുട്ടികളെ സംബന്ധിച്ച് എസ്.എ.എ-യിൽ നിന്നോ അല്ലെങ്കിൽ സി.സി.ഐ-യിൽ നിന്നോ വിവരം ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ജില്ലാ മജിസ്ട്രേറ്റ് ആ കുട്ടികളെ ജില്ലയിലെ മുഖ്യ മെഡിക്കൽ അധികാരിയുടെ (ജില്ലാ മെഡിക്കൽ ഓഫീസർ (ഡി.എം.ഒ)) അടുത്ത് പരിശോധിപ്പിക്കേണ്ടതാണ് എന്ന് 2022-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 36(8) ആവശ്യപ്പെടുന്നു. 15 ദിവസത്തിനുള്ളിൽ, ഡി.എം.ഒ കുട്ടിയുടെ ആരോഗ്യസ്ഥിതി പരിശോധിക്കേണ്ടതും കുട്ടിക്ക് എന്തെങ്കിലും അസുഖമോ പ്രത്യേക ആവശ്യങ്ങളോ ഉണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്.

തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ എസ്.എ.എ-കളിലുള്ള രേഖകൾ പരിശോധിച്ചപ്പോൾ, തിരുവനന്തപുരം എസ്.എ.എ-യിൽ നിർദ്ദിഷ്ട 15 ദിവസങ്ങൾക്കുള്ളിൽ കുട്ടികളുടെ ആരോഗ്യ സ്ഥിതിയുടെ പരിശോധന ഡി.എം.ഒ ചെയ്യുന്നുണ്ടായിരുന്നില്ല എന്നു കണ്ടു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ കാര്യത്തിൽ ഡി.എം.ഒ തിരുവനന്തപുരം പരിശോധനയിൽ വരുത്തിയ കാലതാമസം 228 മുതൽ 275 ദിവസം വരെ ആയിരുന്നു, കാലതാമസത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.4: വൈദ്യപരിശോധനയുടെ കാര്യത്തിൽ ഡി.എം.ഒ വരുത്തിയ കാലതാമസം**

| കുട്ടി | പരിശോധന നടത്തേണ്ടിയിരുന്ന തീയതി | പരിശോധന നടത്തിയ തീയതി | കാലതാമസം (ദിവസത്തിൽ) |
|---|---|---|---|
| **തിരുവനന്തപുരം** | | | |
| കുട്ടി 1 | 20.12.2022 | 20.09.2023 | 275 |
| കുട്ടി 2 | 20.12.2022 | 20.09.2023 | 275 |
| കുട്ടി 3 | 02.02.2023 | നടത്തിയിട്ടില്ല (2023 ഒക്ടോബർ) | നടത്തിയിട്ടില്ല |
| കുട്ടി 4 | 05.02.2023 | 20.09.2023 | 228 |
| കുട്ടി 5 | 25.01.2023 | 20.09.2023 | 239 |

*(ഉറവിടം: കേരള സംസ്ഥാന ശിശു ക്ഷേമ സമിതി സമർപ്പിച്ച വിവരം)*

വൈദ്യപരിശോധന നടത്തുന്നതിലെ കാലതാമസം, ഒരു കുട്ടിയെ നിയമതടസ്സമില്ലാതെ ദത്തെടുക്കുന്നതിന് യോഗ്യമാണെന്ന് പ്രഖ്യാപിക്കുന്നതിന് തടസ്സമാകുന്നു. ഇത്, ദത്തെടുക്കൽ നടപടികൾ വൈകിപ്പിക്കുമെന്നതിനാൽ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന സമയ പരിധിക്കുള്ളിൽ വൈദ്യപരിശോധന നടത്തേണ്ടതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വൈദ്യപരിശോധനാ റിപ്പോർട്ട്, (എം.ഇ.ആർ) അവരുടെ ആരോഗ്യസ്ഥിതിയുടെ വിശദമായ പരിശോധനയ്ക്കായി ചൈൽഡ് അഡോപ്ഷൻ റിസോഴ്സ് ഇൻഫോർമേഷൻ ആന്റ് ഗൈഡൻസ് സിസ്റ്റം (കെയറിംഗ്സ്) പോർട്ടൽ മുഖാന്തിരം, ഡി.എം.ഒ-മാർക്ക് കൈമാറിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഡിഎംഒയുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസം കാരണം സർക്കാർ ഈ വിഷയത്തിൽ ഇടപെട്ടുവെന്നും ഈ കുട്ടികളുടെ

എംഇആർ പൂർത്തിയാക്കിയെന്നും അത് കെയറിംഗ്സ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്നും പ്രസ്താവിച്ചു.

ഡി.എം.ഒ-യുടെ ഭാഗത്തു നിന്നുള്ള അസാധാരണമായ കാലതാമസം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ദത്തെടുക്കലിന് തെരഞ്ഞെടുക്കുവാനുള്ള സാദ്ധ്യതകളെ നിയന്ത്രിക്കുന്നതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല. അതിനാൽ, വൈദ്യപരിശോധനയ്ക്കും എംഇആർ നൽകുന്നതിനും മുൻഗണന നൽകേണ്ടതാണ്.

### *ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണങ്ങൾ നടത്തുന്നതിലെ കാലതാമസം*

എച്ച്.എസ്.ആർ തയ്യാറാക്കിയ എസ്.എ.എ, പി.എ.പി-കൾക്ക് ദത്തെടുക്കലിന് മുൻപുള്ള ഫോസ്റ്റർ കെയറിന് ഏൽപ്പിക്കുന്ന തീയതി മുതൽ രണ്ട് വർഷത്തേയ്ക്ക് ആറ് മാസാടിസ്ഥാനത്തിൽ (നാല് തുടരന്വേഷണങ്ങൾ) ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണ റിപ്പോർട്ട് തയ്യാറാക്കണമെന്ന് 2017-ലെ ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 13 പ്രസ്താവിക്കുന്നു. ഈ റിപ്പോർട്ട് കുട്ടിയുടെ ഫോട്ടോയോടൊപ്പം 'കെയറിംഗ്സ്' പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതാണ്.

പരിശോധന നടത്തിയ ജില്ലകളിൽ ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണങ്ങൾ സംഘടിപ്പിക്കുന്നതിൽ, **അനുബന്ധം 2.5**-ൽ വിവരിക്കും വിധം, കാലതാമസമുണ്ടായതായി ഓഡിറ്റ് ശ്രദ്ധിച്ചു.

നിർദ്ദിഷ്ടാനുസരണം ദത്തെടുക്കലിന് ശേഷമുള്ള തുടരന്വേഷണങ്ങൾ നടത്താതിരുന്നതിനാൽ, ദത്തെടുക്കപ്പെട്ട കുട്ടിക്ക് ദത്തെടുത്ത മാതാപിതാക്കളുമായി പൊരുത്തപ്പെടാൻ സാധിക്കുന്നുണ്ടോ എന്ന് ആനുകാലികമായി ഉറപ്പാക്കാൻ സാധിച്ചില്ല. അത്തരം കേസുകളിൽ ദത്തെടുക്കുന്ന മാതാപിതാക്കൾക്കും ദത്തെടുക്കപ്പെട്ടവർക്കും, ആവശ്യമെങ്കിൽ, കൗൺസലിംഗ് ഏർപ്പാടാക്കാൻ റെഗുലേഷനുകൾ എസ്.എ.എ-യെ ചുമതലപ്പെടുത്തിയിരിക്കുന്നതിനാൽ, പതിവായി ഇത്തരം തുടരന്വേഷണങ്ങൾ സംഘടിപ്പിക്കുന്നത് വളരെ നിർണ്ണായകമാണ്.

തീർപ്പാക്കാത്ത കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനായി എസ്.എ.എ-മാർക്ക് കർശന നിർദ്ദേശം നൽകിയതായി സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *ദത്തെടുക്കൽ ഫീസ് ദത്തെടുക്കലുമായി ബന്ധമില്ലാത്ത മറ്റ് ചെലവുകൾക്കായി വകമാറ്റിയത്*

2017-ലെയും 2022-ലെയും ദത്തെടുക്കൽ റെഗുലേഷനുകളുടെ റെഗുലേഷൻ 2(3) പ്രകാരം, പി.എ.പികളിൽ നിന്ന്, അവർ ഇന്ത്യയിൽ ജീവിക്കുന്നവരാണെങ്കിൽ നേരിട്ടും രാജ്യാന്തര ദത്തെടുക്കൽ കേസുകളിൽ അംഗീകൃത വിദേശ ദത്തെടുക്കൽ ഏജൻസി/ കേന്ദ്ര അതോറിറ്റി/ സർക്കാർ വകുപ്പ് മുഖാന്തരവും ലഭിക്കുന്ന ഫീസിനെയാണ്, ദത്തെടുക്കൽ ഫീസെന്ന് നിർവ്വചിക്കുന്നത്. ശേഖരിച്ച ദത്തെടുക്കൽ ഫീസ് കുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനും, മന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾക്കും ദത്തെടുക്കൽ പൂർത്തിയാക്കുന്നതിനുള്ള ചെലവുകൾക്കും ഉപയോഗിക്കാവുന്നതാണ്. ദത്തെടുക്കൽ ഫീസ് ഏത് ആവശ്യങ്ങൾക്കാണോ ലഭിച്ചത് അതിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ദുരുപയോഗം അല്ലെങ്കിൽ വകമാറ്റം ചെയ്താൽ ആ എസ്.എ.എ-യുടെ അംഗീകാരം സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ എസ്.എ.എ-കളിൽ സൂക്ഷിച്ചിരുന്ന കണക്കുകൾ പരിശോധിച്ചപ്പോൾ, തിരുവനന്തപുരത്തും എറണാകുളത്തും മത്സ്യകൃഷി, കോഴികൃഷി, വളർത്തുമൃഗ പരിപാലനം, കേബിൾ ഇന്റർനെറ്റ് ചാർജ്ജുകൾ, ഇരുചക്രവാഹനങ്ങളുടെ

നന്നാക്കൽ എന്നിവ സംബന്ധിച്ച ചെലവുകൾ ശേഖരിച്ച ദത്തെടുക്കൽ ഫീസിൽ നിന്ന് വഹിച്ചു എന്ന് ശ്രദ്ധയിൽപ്പെട്ടു. തിരുവനന്തപുരം എസ്.എ.എ-യിൽ ശമ്പളച്ചെലവുകൾ വഹിക്കാനായി ദത്തെടുക്കൽ ഫീസിൽ നിന്ന് ₹16.91 ലക്ഷം വകമാറ്റിയതായും ശ്രദ്ധിക്കപ്പെട്ടു. എന്നിരുന്നാലും, ദത്തെടുക്കൽ ഫീസിന്റെ അനുവദനീയമല്ലാത്ത ഉപയോഗത്തിന്റെ പേരിൽ ഒരു നടപടിയും എടുത്തതായി കണ്ടില്ല.

എസ്.എ.എ-കൾ ഗ്രാന്റ് ഇൻ എയ്ഡും, ദത്തെടുക്കൽ ഫീസും വകമാറ്റിയ കാര്യത്തിൽ, ആയതിനെ പറ്റി അന്വേഷിക്കാനും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനുമായി ബന്ധപ്പെട്ട ഡി.സി.പി.ഒ-മാർക്ക് നിർദ്ദേശം നൽകുമെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേണ്ടുന്ന നടപടി കൈക്കൊള്ളുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *2.1.7.11. ബാലനീതി ബോർഡ് അന്വേഷണ നടപടി പൂർത്തിയാക്കുന്നതിൽ വരുത്തിയ കാലതാമസം*

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുമായി ബന്ധപ്പെട്ട അധികാരം വിനിയോഗിക്കുന്നതിനും പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുമായി, ഓരോ ജില്ലയിലും സംസ്ഥാന സർക്കാർ ഒന്നോ അതിലധികമോ ജെ.ജെ.ബി-കൾ രൂപീകരിക്കണമെന്ന് നിയമത്തിന്റെയും[37] ജെ.ജെ. ചട്ടങ്ങളുടെയും[38] വ്യവസ്ഥകൾ പ്രസ്താവിക്കുന്നു. കേരളത്തിൽ 14 ജില്ലകളിലും ജെ.ജെ.ബി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തീർപ്പാകാത്ത കേസുകൾ കുറവല്ലാതിരിക്കുകയും സംസ്ഥാന സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുകയും ചെയ്യുന്ന പക്ഷം, ബോർഡ് ഒരു മജിസ്ട്രേറ്റ് കോടതിയിലെ പ്രവർത്തനത്തിന് സമാനമായ രീതിയിൽ എല്ലാ ദിവസവും ആറ് മണിക്കൂർ സമയം പ്രവർത്തിക്കേണ്ടതാണ്.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ (സി.സി.എൽ) ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയാൽ ഒരു അന്വേഷണം നടത്തണമെന്നും കേസിന്റെ സാഹചര്യം പരിഗണിച്ച്, പരമാവധി രണ്ട് മാസം വരെ അന്വേഷണം നീട്ടാവുന്നതാണ്. ആദ്യമായി ഹാജരാക്കുന്ന ദിവസം മുതൽ നാല് മാസകാലാവധിക്കുള്ളിൽ ജെ.ജെ.ബി അന്വേഷണം പൂർത്തീകരിക്കണമെന്നും ജെ.ജെ. നിയമത്തിന്റെ വകുപ്പ് 14(1), (2)-ഉം വകുപ്പ് 15-ഉം പ്രസ്താവിക്കുന്നു.

മേൽപ്പറഞ്ഞതിന് വിരുദ്ധമായി തിരുവനന്തപുരത്ത്, ഓഡിറ്റ് കാലയളവിൽ ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയ മൊത്തം 1263 കുട്ടികളുടെ അന്വേഷണം, കൗൺസലർമാർ മാനസികനില നിർണ്ണയ റിപ്പോർട്ടും അന്തിമ റിപ്പോർട്ടും വൈകിച്ചതിനാൽ, ആറ് മാസത്തിൽ കൂടുതൽ നീണ്ടതായി ഓഡിറ്റ് നിരീക്ഷിച്ചു. വയനാട് ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയ മൊത്തം 265 കുട്ടികളുടെ അന്വേഷണം, ബോർഡ് ആഴ്ചയിൽ ഒരിക്കൽ മാത്രം കൂടിയതിനാൽ ആറ് മാസത്തിൽ കൂടുതൽ നീണ്ടുപോയി. ആലപ്പുഴയിൽ, ജെ.ജെ.ബി-യുടെ മുമ്പിൽ ഹാജരാക്കിയ 213 കുട്ടികളിൽ, 64 കുട്ടികളുടെ അന്വേഷണം ആറ് മാസത്തിനപ്പുറം നീണ്ടെങ്കിലും ആയതിനുള്ള കാരണങ്ങൾ ഒന്നും നൽകിയില്ല.

---

[37] വകുപ്പ് 4

[38] ചട്ടം 3, 4

അന്വേഷണ നടപടികൾ പൂർത്തിയാക്കുന്നതിലെ കാലതാമസമാണ് ജെ.ജെ.ബി കൈകാര്യം ചെയ്ത കേസുകളുടെ കുടിശ്ശിക വർദ്ധിപ്പിച്ചതെന്ന്, **പട്ടിക 2.5**-ൽ കാണിക്കുംവിധം ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 2.5: ജെ.ജെ.ബി കൈകാര്യം ചെയ്ത കേസുകളുമായി ബന്ധപ്പെട്ട് തീർപ്പാകാത്ത കേസുകളുടെ എണ്ണവും തീർപ്പാകാതെ കിടന്ന കാലാവധിയെയും പറ്റിയുള്ള വിശദാംശങ്ങൾ**

| വർഷം | തിരുവനന്തപുരം | | ആലപ്പുഴ | | എറണാകുളം | | വയനാട് | | കണ്ണൂർ | |
|---|---|---|---|---|---|---|---|---|---|---|
| | തീർപ്പാകാത്ത കേസുകളുടെ എണ്ണം | തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ് | തീർപ്പാകാത്ത കേസുകളുടെ എണ്ണം | തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ് | തീർപ്പാകാത്ത കേസുകളുടെ എണ്ണം | തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ് | തീർപ്പാകാത്ത കേസുകളുടെ എണ്ണം | തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ് | തീർപ്പാകാത്ത കേസുകളുടെ എണ്ണം | തീർപ്പാകാതെ കിടന്ന പരമാവധി കാലയളവ് |
| 2018-19 | 273 | 7 വർഷങ്ങൾ | 109 | 5 വർഷങ്ങൾ | 384 | 6 വർഷങ്ങൾ | 10 | 4 വർഷങ്ങൾ | 296 | 1 വർഷം |
| 2019-20 | 309 | 8 വർഷങ്ങൾ | 144 | 5 വർഷങ്ങൾ | 271 | 6 വർഷങ്ങൾ | 16 | 3 വർഷങ്ങൾ | 240 | 2 വർഷങ്ങൾ |
| 2020-21 | 380 | 9 വർഷങ്ങൾ | 164 | 5 വർഷങ്ങൾ | 287 | 6 വർഷങ്ങൾ | 31 | 2 വർഷങ്ങൾ | 286 | 3 വർഷങ്ങൾ |
| 2021-22 | 425 | 10 വർഷങ്ങൾ | 172 | 5 വർഷങ്ങൾ | 207 | 6 വർഷങ്ങൾ | 37 | 1 വർഷം | 329 | 4 വർഷങ്ങൾ |
| 2022-23 | 413 | 11 വർഷങ്ങൾ | 190 | 6 വർഷങ്ങൾ | 251 | 5 വർഷങ്ങൾ | 29 | ഒരു വർഷത്തിൽ താഴെ | 256 | 5 വർഷങ്ങൾ |

*(ഉറവിടം: എസ്.സി.പി.എസും, ഡി.സി.പി.യു-കളും നൽകിയ വിവരം)*

തീർപ്പാകാതെ കിടന്ന കേസുകളുടെ കാലാവധി തിരുവനന്തപുരത്ത് 11 വർഷത്തിൽ കൂടുതലും ആലപ്പുഴ ജില്ലയിൽ 6 വർഷത്തിൽ കുടുതലുമായിരുന്നുവെന്ന് കാണാൻ സാധിച്ചു. തീർപ്പാകാതെ കിടന്ന കേസുകളുടെ എണ്ണം അധികമായിരുന്നിട്ടും ജെ.ജെ.ബി എല്ലാ ദിവസങ്ങളിലും കൂടിയില്ല.

ചീഫ് ജ്യൂഡീഷ്യൽ മജിസ്ട്രേറ്റ് (സി.ജെ.എം) അല്ലെങ്കിൽ ചീഫ് മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് (സി.എം.എം) ജെ.ജെ.ബി-യിലെ തീർപ്പാകാതെ കിടക്കുന്ന കേസുകൾ ഓരോ മൂന്ന് മാസം കൂടുമ്പോൾ അവലോകനം ചെയ്യേണ്ടതും ബോർഡിന്റെ സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ബോർഡിന് നിർദ്ദേശം നൽകേണ്ടതും അധിക ബോർഡുകൾ രൂപീകരിക്കുന്നതിന് ശിപാർശ നൽകേണ്ടതുമായിരുന്നു. കുടിശ്ശികകളുടെ സ്ഥിതിയും അവയുടെ കാരണങ്ങളും ഒരു ഉന്നതതലസമിതി[39] ഓരോ ആറ് മാസം കൂടുമ്പോഴും അവലോകനം ചെയ്യേണ്ടതുമായിരുന്നു.

മേൽപ്പറഞ്ഞതിന് വിരുദ്ധമായി സി.ജെ.എം അല്ലെങ്കിൽ സി.എം.എം വയനാട്ടിലും ആലപ്പുഴയിലും തീർപ്പാകാത്ത കേസുകളുടെ അവലോകനം ഓരോ മൂന്ന് മാസത്തിലും നടത്തിയില്ല. കൂടാതെ, സംസ്ഥാനത്ത് നാളിതുവരെ (2024 ഫെബ്രുവരി) ഉന്നതതല സമിതി രൂപീകരിച്ചിട്ടില്ല.

അന്തിമ റിപ്പോർട്ടുകൾ വേഗം സമർപ്പിക്കുന്നത് ഉറപ്പാക്കാനായി പോലീസ്, നീതിന്യായ വകുപ്പുകളുടെ സഹകരണത്തോടെ നടപടി എടുക്കുമെന്നും ജെ.ജെ.ബി-കളിൽ മുഴുവൻ സമയ നീതിന്യായ അധികാരികളെ നിയമിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). സി.ജെ.എമ്മിന്റെയും ജില്ലാ മജിസ്ട്രേറ്റിന്റെയും അവലോകനം

[39] ചെയർപേഴ്സൺ ആയി സംസ്ഥാന നിയമ സഹായ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർപേഴ്സണും, ആഭ്യന്തര വകുപ്പ് സെക്രട്ടറി, ഡബ്ല്യു.സി.ഡി.ഡിയുടെ സെക്രട്ടറി, ചെയർപേഴ്സൺ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധി എന്നിവരും ഉൾപ്പെടുന്ന സമിതി

എളുപ്പത്തിലാക്കാൻ നിർദ്ദേശം കൊടുക്കുമെന്നും, ഉന്നതതല സമിതിയുടെ രൂപീകരണം താമസംവിനാ ഉറപ്പാക്കുമെന്നും തുടർന്ന് പ്രസ്താവിച്ചു.

അന്വേഷണ നടപടിക്രമം പൂർത്തിയാക്കുന്നതിൽ ജെ.ജെ.ബി യുടെ ഭാഗത്തുണ്ടാകുന്ന കാലതാമസം ഒരു സി.സി.എൽ കടന്നു പോകുന്ന വിചാരണയുടെ കാലാവധി അകാരണമായി നീട്ടിക്കൊണ്ടു പോകുന്നതിന് ഇടയാക്കുന്നു. മാന്യതയോടെ ജീവിക്കാനുള്ള കുട്ടിയുടെ അവകാശം കണക്കിലെടുക്കുമ്പോൾ മേൽപ്പറഞ്ഞ കാലതാമസം സ്വീകാര്യമല്ല.

### *2.1.7.12. പോലീസ് സ്റ്റേഷനുകളിൽ പരിശീലനം സിദ്ധിച്ച ശിശുക്ഷേമ പോലീസ് ഓഫീസർമാരുടെ കുറവ്*

നിയമത്തിന്റെ വകുപ്പ് 107 പാലിച്ചുകൊണ്ട് കുട്ടികളുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി, എല്ലാ ജില്ലയിലും നഗരത്തിലും പോലീസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ തലവനായി സംസ്ഥാന സർക്കാർ പ്രത്യേക ബാല പോലീസ് യൂണിറ്റുകൾ (എസ്.ജെ.പി.യു) സ്ഥാപിക്കേണ്ടതാണ്. എല്ലാ പോലീസ് സ്റ്റേഷനിലും ഒന്നുകിൽ ഇരകളോ അല്ലെങ്കിൽ കുറ്റക്കാരോ ആയ കുട്ടികളെ പ്രത്യേകം കൈകാര്യം ചെയ്യുന്നതിനായി, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടറുടെ (എ.എസ്.ഐ) റാങ്കിൽ കുറയാത്ത ഒരു പോലീസ് ഓഫീസറെ ശിശുക്ഷേമ പോലീസ് ഓഫീസറായി (സി.ഡബ്ല്യു.പി.ഒ) ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ, എസ്.ജി.പി.യു-ലെ എല്ലാ പോലീസ് ഓഫീസർമാർക്കും, പ്രത്യേകിച്ച് സി.ഡബ്ല്യു.പി.ഒ ആയി ചുമതലയേൽക്കുന്ന സമയത്ത്, തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സഹായിക്കാനായി വിശേഷ പരിശീലനം കൊടുക്കേണ്ടതാണ്.

സംസ്ഥാനത്തെ 20 പോലീസ് ജില്ലകളിലും എസ്.ജെ.പി.യു രൂപീകരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. തെരഞ്ഞെടുത്ത ജില്ലകളിലെ 249 പോലീസ് സ്റ്റേഷനുകളിലും സി.ഡബ്ല്യു.പി.ഒ-മാരെ നിയമിച്ചെങ്കിലും 45[40] സ്റ്റേഷനുകളിൽ, എ.എസ്.ഐ റാങ്കിന് താഴെയുള്ള ഓഫീസർമാരെ സി.ഡബ്ല്യു.പി.ഒ-മാരായി നിയമിച്ചു.

തിരുവനന്തപുരം സിറ്റി, ആലപ്പുഴ, കൊച്ചി സിറ്റി എന്നിവിടങ്ങളിലെ രണ്ട് പോലീസ് സ്റ്റേഷനുകളിൽ വീതവും എറണാകുളം റൂറലിലെ 20 സ്റ്റേഷനുകളിലും നിയമിക്കപ്പെട്ട സി.ഡബ്ല്യു.പി.ഒ-മാർക്ക് പ്രത്യേകം പരിശീലനം ലഭിച്ചെങ്കിലും പരിശോധന നടത്തിയ ജില്ലകളിലെ മറ്റ് സ്റ്റേഷനുകളിൽ, സി.ഡബ്ല്യു.പി.ഒ-മാർക്ക് അത്തരത്തിലുള്ള പരിശീലനം കൊടുത്തില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

തെരഞ്ഞെടുത്ത പോലീസ് സ്റ്റേഷനുകൾ സമർപ്പിച്ച വിവരം അനുസരിച്ച് ഓഡിറ്റ് നടന്ന കാലയളവിൽ ജെ.ജെ.ബി.-കളുടെ മുമ്പിൽ ഹാജരാക്കാനുള്ള കുട്ടികൾ, ലഹരിമരുന്ന്/ലഹരി വസ്തു കേസുകളിൽ ഉൾപ്പെട്ട കുട്ടികൾ, ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട കുട്ടികൾ എന്നിവരുടെ ആകെ എണ്ണം യഥാക്രമം 1186, 77, 1322 ആയിരുന്നു. മേൽപ്പറഞ്ഞ കേസുകളിൽ ഉൾപ്പെട്ട കുട്ടികളുടെ എണ്ണം പരിഗണിക്കുമ്പോൾ, നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ സി.ഡബ്ല്യു.പി.ഒ-മാർക്ക് ഉചിതമായ പരിശീലനം ലഭ്യമാക്കാനായി സർക്കാർ ഗൗരവമായി നടപടി എടുക്കേണ്ടതാണ്.

പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം കാരണം പരിശീലനം ലഭിക്കാത്ത ഉദ്യോഗസ്ഥരുടെ നിയമനം നടന്നിട്ടുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി പോലീസ്

---

[40] തിരുവനന്തപുരം സിറ്റി – 2, തിരുവനന്തപുരം റൂറൽ - 2, ആലപ്പുഴ – 1, കൊച്ചി സിറ്റി – 5, എറണാകുളം റൂറൽ - 24, കണ്ണൂർ സിറ്റി – 10, വയനാട് - 1

വകുപ്പിന്റെ സഹകരണത്തോടെ എസ്ജെപിയുകളിലെ സിഡബ്ല്യുപിഒമാർക്കായി വിപുലമായ പരിശീലന പരിപാടിക്ക് ഫണ്ട്[41] അനുവദിച്ചിട്ടുണ്ടെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *2.1.7.13. കേന്ദ്ര സ്പോൺസർഷിപ്പ് പ്രോഗ്രാം നടപ്പാക്കുന്നതിലെ വീഴ്ചകൾ*

ഡി.സി.പി.യു-കൾ മുഖാന്തരം കുട്ടികൾക്കുള്ള വിവിധ സ്പോൺസർഷിപ്പ് പ്രോഗ്രാമുകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ചട്ടങ്ങൾ ഉണ്ടാക്കണമെന്ന് ജെ.ജെ നിയമത്തിന്റെ വകുപ്പ് 45-ഉം ജെ.ജെ.ചട്ടങ്ങളുടെ ചട്ടം 24-ഉം അനുശാസിക്കുന്നു. കേന്ദ്ര സ്പോൺസർഷിപ്പ് പ്രോഗ്രാമിനായി കുട്ടികളെ തെരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങളും നിബന്ധനകളും ഐ.സി.പി.എസ് മാർഗ്ഗരേഖകളുടെ അദ്ധ്യായം X ന്റെ ഖണ്ഡിക സി(3)-ൽ വിവരിക്കുന്നു. കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അവരുടെ വൈദ്യപരം/ പോഷണപരം/വിദ്യാഭ്യാസപരം/മറ്റു ചിലവുകൾ ഉള്ള കുടുംബങ്ങൾക്ക് പൂരക പിന്തുണ ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് സ്പോൺസർഷിപ്പ് പ്രോഗ്രാമുകൾക്കുള്ളത്.

വാർഷിക കുടുംബവരുമാനം നഗരങ്ങളിലും (മെട്രോ നഗരങ്ങൾ ഒഴികെ) ഗ്രാമപ്രദേശങ്ങളിലും യഥാക്രമം ₹30,000-ത്തിലും ₹24,000-ത്തിലും അധികമാകാത്ത കുടുംബങ്ങളിൽ നിന്ന് വരുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികളെയാണ് സ്പോൺസർഷിപ്പിന് പരിഗണിക്കേണ്ടതെന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നു. സ്പോൺസർഷിപ്പ് കാലാവധി മൂന്ന് വർഷം അധികരിക്കാതെ ഒരു കുട്ടിക്ക് പ്രതിമാസം ₹2000[42] ആയി സ്പോൺസർഷിപ്പ് തുക പരിമിതപ്പെടുത്തി. കുട്ടിയുടെയും രക്ഷകർത്താവിന്റെയും (അമ്മയ്ക്ക് മുൻഗണന) പേരിൽ ബാങ്കിൽ അല്ലെങ്കിൽ പോസ്റ്റ് ഓഫീസിൽ തുറന്ന ഒരു ജോയിന്റ് അക്കൗണ്ടിൽ കൂടിയാണ് ഇടപാടുകൾ നടത്തേണ്ടിയിരുന്നത്. കേന്ദ്ര സ്പോൺസർഷിപ്പിന്റെ 60 ശതമാനം കേന്ദ്രം അനുവദിച്ചപ്പോൾ ബാക്കി 40 ശതമാനം സംസ്ഥാന സർക്കാരാണ് അനുവദിച്ചത്.

തെരഞ്ഞെടുത്ത ജില്ലകളിൽ സർക്കാർ ഫണ്ടുകൾ അനുവദിച്ചതിന്റെ രീതിയും ഉണ്ടായ ചെലവുകളും **അനുബന്ധം 2.6 (എ)**-ൽ നൽകിയിരിക്കുന്നു. വയനാട് ജില്ലയിൽ പദ്ധതി നടപ്പാക്കലിൽ, ചട്ടങ്ങളിൽ നിന്ന് താഴെപ്പറയുന്ന വ്യതിയാനങ്ങൾ ഓഡിറ്റ് ശ്രദ്ധിച്ചു.

- പ്രോഗ്രാമിന് കീഴിൽ ഉൾപ്പെടുത്തിയ 88 കുട്ടികളിൽ മൂന്ന് കേസുകളിൽ, 18 വയസ്സ് കഴിഞ്ഞിട്ടും സ്പോൺസർഷിപ്പ് അനുവദിച്ചതിനാൽ ₹0.50 ലക്ഷം അധികം ചെലവായി. വിശദാംശങ്ങൾ **അനുബന്ധം 2.7**-ൽ കാണിച്ചിരിക്കുന്നു.
- പരിശോധന നടത്തിയ 18 രേഖകളിൽ രണ്ടെണ്ണത്തിൽ, പദ്ധതിയുമായി ബന്ധപ്പെട്ട ഇടപാടുകൾ, ജോയിന്റ് അക്കൗണ്ട് എന്ന നിബന്ധനയ്ക്ക് വിരുദ്ധമായി സിംഗിൾ അക്കൗണ്ട് വഴിയാണ് നടത്തിയത്.
- പരിശോധന നടത്തിയ 18 രേഖകളിലൊന്നിൽ, വാർഷിക കുടുംബവരുമാനം നിഷ്കർഷിച്ച പരിധിയായ ₹24,000 കവിഞ്ഞ[43] ഒരു കുടുംബത്തിലെ കുട്ടിക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചു.

---

[41] 2023 ഡിസംബർ 01-ലെ എസ്.സി.പി.എസ് മെമ്പർ സെക്രട്ടറിയുടെ നടപടിക്രമം അനുസരിച്ച്

[42] 2022-23 മുതൽ ₹4000 ആയി പുതുക്കി

[43] ₹30,000

ഡി.സി.പി.യു-കളുടെ ഭാഗത്ത് നിന്നുണ്ടായ ഫലപ്രദമല്ലാത്ത നിരീക്ഷണ സംവിധാനങ്ങളെയാണ് മേൽപ്പറഞ്ഞ വീഴ്ചകൾ സൂചിപ്പിക്കുന്നത്.

### 2.1.8. മറ്റ് ശിശു സംരക്ഷണ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തിൽ ശിശുപരിപാലനത്തിനും സംരക്ഷണത്തിനുമായുള്ള 12 ഉപ പദ്ധതികൾ നൂതന പ്രോജക്ടുകളുടെ കീഴിൽ ഉണ്ടായിരുന്നു. ഇപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കിയത് നിലവിലെ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടായിരുന്നോ എന്ന് ഓഡിറ്റ് വിശകലനം ചെയ്തത് താഴെയുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

#### *2.1.8.1. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ*

നാശകരമായ സ്വഭാവത്തിൽ ഉൾപ്പെട്ടതോ ഉൾപ്പെടാൻ സാദ്ധ്യതയുള്ളതോ ആയ വശംവദരായ കുട്ടികളെ തങ്ങളുടെ പൂർണ്ണകഴിവുകളെപ്പറ്റി ബോദ്ധ്യപ്പെടുത്താനും സമൂഹത്തിലെ ഫലദായക അംഗങ്ങളാക്കാനും വേണ്ടി, ജീവിത നൈപുണ്യങ്ങൾ, പിന്തുണ, അറിവ് എന്നിവ കൊണ്ട് സജ്ജരും ശക്തരുമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാൻ വേണ്ട സുരക്ഷിതവും, പരിപോഷിപ്പിക്കുന്നതുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സംസ്ഥാന സർക്കാർ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി) ആരംഭിച്ചു (2015).

ഒ.ആർ.സി പ്രവർത്തിക്കുന്നത് സ്കൂൾ, ജില്ലാ, സംസ്ഥാനം എന്നീ മൂന്ന് തലങ്ങളിലാണ്. ഐ.സി.പി.എസിന്റെ സംസ്ഥാന ഗവേണിംഗ് ബോഡി സംസ്ഥാനത്തെ എല്ലാ ഒ.ആർ.സി പ്രവർത്തനങ്ങളുടെയും മേൽനോട്ടം നിർവ്വഹിക്കുമ്പോൾ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ (ഡി.സി.പി.ഒ) കൈകാര്യം ചെയ്യുന്ന ജില്ലാതല കർമ്മ സമിതി (ഡി.എ.ജി)[44] ജില്ലയിലെ പ്രോജക്ട് നടപ്പിലാക്കുന്നു. സ്കൂൾ തലത്തിൽ, സ്കൂൾ മേലധികാരിക്കാണ് ഒ.ആർ.സി യൂണിറ്റിന്റെ[45] പൂർണ്ണമായ ചുമതല. വിദഗ്ധ വിലയിരുത്തലും മേൽനോട്ടവും ആവശ്യമുള്ള വിദ്യാർത്ഥികളെ ക്ലാസ് അധ്യാപകർ കണ്ടെത്തുകയും[46] അവരെ നോഡൽ അധ്യാപകന്റെ പക്കലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. നോഡൽ അധ്യാപകൻ കൗൺസലറുമായി ചർച്ച ചെയ്ത്, ഒരു അന്വേഷണം സംഘടിപ്പിക്കുകയും മിതമായ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് സ്കൂൾ തലത്തിൽ നടപടികൾ നിർണ്ണയിക്കുകയും, ഗുരുതരമായ പ്രശ്നങ്ങളുള്ള കുട്ടികളെ ജില്ലാ റിസോഴ്സ് സെന്ററിലേയ്ക്ക് (ഡി.ആർ.സി) അയയ്ക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് ഒ.ആർ.സി നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം 2015-ൽ 93 ആയിരുന്നെങ്കിൽ, 2022-23-ൽ ഈ പദ്ധതിയിൽ 380 സ്കൂളുകൾ ചേരുകയുണ്ടായി. തെരഞ്ഞെടുത്ത ജില്ലകളിൽ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം 110 മുതൽ 137 വരെ ആയിരുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ, പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ന്യൂനതകൾ ഓഡിറ്റ് ശ്രദ്ധിച്ചു.

- സ്കൂളുകളിൽ പ്രോജക്ടിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ ലഭിക്കുന്നതിനായി ഓരോ ത്രൈമാസത്തിലും നോഡൽ അധ്യാപകർക്കും

[44] ഒ.ആർ.സി കോ-ഓർഡിനേറ്ററും ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, പോതു വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയുടെ പ്രതിനിധികളും ഉൾപ്പെടുന്നു

[45] നോഡൽ അധ്യാപകൻ, കൗൺസലർ, സ്കൂൾ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ ഒ.ആർ.സി ടീമിൽ ഉൾപ്പെടുന്നു.

[46] സ്വഭാവ, പഠന, വൈകാരിക പ്രശ്നങ്ങളുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നു

കൗൺസലർമാർക്കുമൊപ്പം ചർച്ചാപരമായ സെഷനുകൾ ഡി.സി.പി.ഒ സംഘടിപ്പിക്കണമെന്ന് മാർഗ്ഗരേഖകൾ ആവശ്യപ്പെടുന്നു. അതുപോലെ, ഓരോ മാസത്തിലെയും 10-ാം തീയതിയ്ക്ക് മുമ്പ് ഡി.സി.പി.ഒ കൈകാര്യം ചെയ്യുന്ന ഡി.എ.ജി കൂടേണ്ടതായിരുന്നു. എന്നാൽ തെരഞ്ഞെടുത്ത നാല് ജില്ലകളിൽ[47] ഇത് പാലിച്ചതായി കണ്ടില്ല.

- സ്വഭാവ വൈകല്യങ്ങൾക്കപ്പുറം പ്രത്യേക പ്രശ്നങ്ങൾ ചികിത്സിക്കാൻ അറിയുന്ന വിദഗ്ധർ അടങ്ങുന്ന ഒരു പാനൽ ഉൾപ്പെട്ട, എക്സ്പേർട്ട് റിസോഴ്സ് ഗ്രൂപ്പ് (ഇ.ആർ.ജി) ഡി.ആർ.സി രൂപീകരിക്കേണ്ടതായിരുന്നു. ഇ.ആർ.ജി മെന്റർമാർക്കും/ വിദഗ്ധരായ അധ്യാപകർക്കും ഒരു സ്ഥിരാടിസ്ഥാനത്തിൽ പരിശീലനം ലഭ്യമാക്കേണ്ടതായിരുന്നു.

  ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ, 2018-19, 2019-20, 2020-21 വർഷങ്ങളിൽ ഇ.ആർ.ജി-യുടെ കീഴിൽ വിദഗ്ധർ ആരുമില്ലായിരുന്നു. എറണാകുളം ജില്ലയിൽ, 2018-19-ലും 2019-20-ലും ഒരു വിദഗ്ധൻ[48] മാത്രമേ ഉണ്ടായിരുന്നുള്ളൂ.

  പരിശീലനങ്ങൾ ഒരു സ്ഥിരാടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതായി രുന്നെങ്കിലും ആലപ്പുഴയിൽ 2018-19-ലും, 2019-20 ലും കണ്ണൂരിൽ 2018-19-ലും, 2020-21-ലും ഇ.ആർ.ജി പരിശീലനങ്ങളൊന്നും സംഘടിപ്പിച്ചില്ലെന്ന് കണ്ടു. തിരുവനന്തപുരത്ത്, 2018-19-ലും 2019-20-ലും പരിശീലനങ്ങളൊന്നും സംഘടിപ്പിച്ചില്ല.

ഡി.സി.പി.ഒ, നോഡൽ അധ്യാപകർ, കൗൺസലർമാർ എന്നിവർ തമ്മിൽ പതിവായും സ്ഥിരമായും ചർച്ചകൾ ഇല്ലാതിരുന്നതിനാലും ഇ.ആർ.ജി-യിൽ വിദഗ്ധർ കുറവായതിനാലും, കുട്ടികളുടെ പൂർണ്ണശേഷി മനസ്സിലാക്കുന്നതിനും അവരെ സമൂഹത്തിന്റെ ഫലദായകാംഗങ്ങളാക്കുന്നതിനുമായി അവരെ ഉചിതമായി കൈകാര്യം ചെയ്യുന്നതിന് മെന്റർമാരും, അധ്യാപകരും വേണ്ടവിധം പരിശീലനം ലഭിച്ചിരുന്നോ എന്ന് ഓഡിറ്റിന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

ഡി.സി.പി.യു കുട്ടികളെ കൈകാര്യം ചെയ്യാൻ പരിശീലനം സിദ്ധിച്ച വിരമിച്ച അധ്യാപകർ, യോഗ്യത നേടിയ മാതാപിതാക്കൾ തുടങ്ങിയവർ ഉൾപ്പെടുന്ന ജില്ലാ വോളന്ററി മെന്റർമാരുടെ (ഡി.വി.എം) ഒരു സബ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായിരുന്നു. കുട്ടികൾക്ക് മാർഗ്ഗദർശനം നൽകുന്ന കാര്യത്തിൽ ഈ മെന്റർമാർക്ക് സ്ഥിരം പരിശീലനം കൊടുക്കേണ്ടതും അവർ ആഴ്ചയിലൊരിക്കലെങ്കിലും കുട്ടികളുമായി ഇടപെടേണ്ടതുമാണ്. ഡി.വി.എം-മാരുടെ ഗണത്തിൽ നിന്ന് ജില്ലാ മെന്റർ കൊ-ഓർഡിനേറ്റർമാരെ (ഡി.എം.സി) ഡി.എ.ജി നിയമിക്കേണ്ടതാണ്. കുട്ടികൾക്ക് ലഭ്യമാക്കുന്ന പരിചരണത്തിന്റെ ഗുണനിലവാരം സ്ഥിരമായി നിരീക്ഷിക്കേണ്ടതിന്റെയും മൂന്നു മാസം കൂടുമ്പോൾ പ്രവർത്തനങ്ങളുടെ മേൽനോട്ടം നടത്താൻ എല്ലാ സ്കൂളുകളും സന്ദർശിക്കേണ്ടതിന്റെയും ഉത്തരവാദിത്തവും ഡി.എം.സികൾക്കായിരുന്നു.

- വയനാട്, കണ്ണൂർ ജില്ലകളിൽ വോളന്റിയർമാരുടെ ഗണം ഉണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വയനാട് ജില്ലയിൽ 2018-19 കാലയളവിൽ (91 ഡി.വി.എം-മാർ) മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും ഡി.വി.എം-മാർക്കായി ഒരു

---

[47] ആലപ്പുഴ, തിരുവനന്തപുരം, കണ്ണൂർ, വയനാട്

[48] ഒ.ആർ.സി. മനഃശാസ്ത്രജ്ഞൻ

പരിശീലനം[49] മാത്രമാണ് സംഘടിപ്പിച്ചതെന്നും ഓഡിറ്റ് നിരീക്ഷിച്ചു. കണ്ണൂർ ജില്ലയിൽ, ഡി.വി.എം-മാർ 2018-19 കാലയളവിലും (50 ഡി.വി.എം-മാർ) 2019-20 കാലയളവിലും (20 ഡി.വി.എം-മാർ) മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും, നാളിതുവരെ ഡി.വി.എം-മാർക്കായി ഒരു പരിശീലനം[50] മാത്രമാണ് സംഘടിപ്പിച്ചതെന്നും കണ്ടു. മറ്റ് വർഷങ്ങളിൽ ഡി.വി.എം-മാർ ഇല്ലാതിരുന്നതിനാൽ ഡി.എം.സി-കളെയും തെരഞ്ഞെടുത്തില്ല.

- എറണാകുളം ജില്ലയിൽ, ഡി.വി.എം-മാരുടെ ഒരു ഗണം നിലനിർത്തി പോന്നെങ്കിലും, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ കുട്ടികൾക്ക് മാർഗ്ഗദർശനം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രണ്ട് പരിശീലനങ്ങൾ മാത്രമേ സംഘടിപ്പിച്ചിരുന്നുള്ളൂ. എറണാകുളം ജില്ലയിൽ ഡി.എം.സി-മാരുടെ സ്കൂൾ സന്ദർശനം 2018-19-ലും 2019-20-ലും 50 ശതമാനവും, 2020-21[51]-ൽ മൂന്ന് ശതമാനവും 2021-22-ൽ 58 ശതമാനവും, 2022-23 കാലയളവിൽ 43 ശതമാനവും ആയിരുന്നു.

മാർഗ്ഗരേഖകളിൽ പ്രതിപാദിക്കുന്നതുപോലെ, കൂടിയാലോചനാ യോഗങ്ങൾ എല്ലാ ത്രൈമാസങ്ങളിലും ക്രമമായി സംഘടിപ്പിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനായി എല്ലാ ഡി.സി.പി.ഒ-മാർക്കും നിർദ്ദേശം നൽകുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ) ഇ.ആർ.ജി-കൾ പരിശീലന സെഷനുകൾക്ക് പദ്ധതിയിട്ടിട്ടുണ്ടെന്നും ജില്ലാ വോളന്ററി പ്രസ്ഥാനം പുനരുജ്ജീവിപ്പിക്കാനുള്ള ഉദ്യമങ്ങൾ പുരോഗതിയിലാണെന്നും പ്രസ്താവിക്കപ്പെട്ടു.

### *2.1.8.2. ശരണബാല്യം*

ബാലവേല, ബാലഭിക്ഷാടനം, ബാലകടത്ത് എന്നിവയിൽ നിന്ന് സംസ്ഥാനത്തെ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാന സർക്കാർ നടപ്പിലാക്കിയതാണ് ശരണബാല്യം പദ്ധതി. ബാലവേല, ബാലഭിക്ഷാടനം, ബാലകടത്ത് എന്നിവയിൽ അകപ്പെട്ട കുട്ടികളെ രക്ഷിക്കുന്നതിനായി, ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും രക്ഷാദൗത്യങ്ങൾ സംഘടിപ്പിക്കാൻ ഡി.സി.പി.ഒ-മാർക്ക് നിർദ്ദേശം നൽകി (2020 സെപ്റ്റംബർ).

തെരഞ്ഞെടുത്ത ജില്ലകളിൽ സംഘടിപ്പിച്ച രക്ഷാദൗത്യങ്ങളുടെ എണ്ണം 2021 മുതൽ 2023 വരെ ലക്ഷ്യമിട്ട എണ്ണമായ 156[52]-നേക്കാൾ, വളരെ കുറവായിരുന്നെന്ന് ഓഡിറ്റ് ശ്രദ്ധിച്ചത് ചുവടെയുള്ള **പട്ടിക 2.6**-ൽ കാണിച്ചിരിക്കുന്നു.

---

49 2018-19-ൽ

50 2019-20-ൽ

51 കോവിഡ് കാലം

52 52 ആഴ്ചകൾ x 3 പരിശോധനകൾ = 156

**പട്ടിക 2.6: 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഡി.സി.പി.ഒ-മാർ സംഘടിപ്പിച്ച രക്ഷാദൗത്യങ്ങളുടെ വിശദാംശങ്ങൾ**

| കാലയളവ് | തിരുവനന്തപുരം | | ആലപ്പുഴ | | എറണാകുളം | | വയനാട് | | കണ്ണൂർ | |
|---|---|---|---|---|---|---|---|---|---|---|
| | രക്ഷാ ദൗത്യങ്ങളുടെ എണ്ണം | രക്ഷിച്ച കുട്ടികളുടെ എണ്ണം | രക്ഷാ ദൗത്യങ്ങളുടെ എണ്ണം | രക്ഷിച്ച കുട്ടികളുടെ എണ്ണം | രക്ഷാ ദൗത്യങ്ങളുടെ എണ്ണം | രക്ഷിച്ച കുട്ടികളുടെ എണ്ണം | രക്ഷാ ദൗത്യങ്ങളുടെ എണ്ണം | രക്ഷിച്ച കുട്ടികളുടെ എണ്ണം | രക്ഷാ ദൗത്യങ്ങളുടെ എണ്ണം | രക്ഷിച്ച കുട്ടികളുടെ എണ്ണം |
| 2018-19 | 8 | 3 | 106 | 15 | 3 | 2 | 0 | 0 | 0 | 0 |
| 2019-20 | 21 | 22 | 118 | 20 | 6 | 4 | 42 | 0 | 42 | 20 |
| 2020-21 | 3 | 8 | 11 | 9 | 1 | 1 | 27 | 0 | 30 | 2 |
| 2021-22 | 8 | 7 | 16 | 11 | 2 | 11 | 25 | 0 | 47 | 1 |
| 2022-23 | 17 | 5 | 25 | 10 | 2 | 31 | 12 | 0 | 52 | 0 |
| **ആകെ** | **57** | **45** | **276** | **65** | **14** | **49** | **106** | **0** | **171** | **23** |

*(ഉറവിടം: എസ്.സി.പി.എസ് നൽകിയ വിവരം)*

ഓഡിറ്റ് കാലയളവിൽ രക്ഷാദൗത്യങ്ങൾ മുഖാന്തരം 182 കുട്ടികളെ രക്ഷപ്പെടുത്താൻ സാധിച്ചെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. അതുകൊണ്ട്, ഭിക്ഷാടനം, വേല, കടത്ത് എന്നിവയിൽ ഉൾപ്പെട്ട കുട്ടികളെ കണ്ടെത്താൻ പരിശോധനകളുടെയും/ രക്ഷാദൗത്യങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കുന്നത് അധികാരികൾ പരിഗണിക്കേണ്ടതാണ്.

നിലവിലുള്ള മൂല്യനിർണ്ണയ സൂചകങ്ങൾ പുനഃരൂപീകരിച്ചുകൊണ്ട്, ജില്ലാതല തത്പര കക്ഷികളുടെ കാര്യശേഷി വർദ്ധിപ്പിക്കാനുള്ള രൂപരേഖ വകുപ്പ് വികസിപ്പിച്ചതായും ആയതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *2.1.8.3. സംസ്ഥാന സ്പോൺസർഷിപ്പ് പ്രോഗ്രാം - വിജ്ഞാനദീപ്തി*

ഖണ്ഡിക 2.1.7.13-ൽ വിവരിക്കും വിധം കേന്ദ്ര സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി, പ്രതിവർഷം 1000 കുട്ടികൾക്ക് സ്പോൺസർഷിപ്പ് അനുവദിക്കുന്ന സംസ്ഥാന സ്പോൺസർഷിപ്പ് പദ്ധതിയായ വിജ്ഞാനദീപ്തി സംസ്ഥാന സർക്കാർ ആരംഭിച്ചു (2017 ഒക്ടോബർ). തെരഞ്ഞെടുത്ത ജില്ലകളിൽ സർക്കാർ ഫണ്ട് അനുവദിച്ച രീതിയും ഉണ്ടായ ചെലവും **അനുബന്ധം 2.6 (ബി)**-ൽ കൊടുത്തിരിക്കുന്നു. ഓഡിറ്റ് നടന്ന കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിൽ 789 കുട്ടികൾക്ക്[53] സംസ്ഥാന സ്പോൺസർഷിപ്പ് പദ്ധതിയിൽ നിന്ന് തുക അനുവദിച്ചതായി നിരീക്ഷിച്ചു. ഇപ്പറഞ്ഞ കുട്ടികൾക്ക് സ്പോൺസർഷിപ്പ് അനുവദിച്ചതുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത രേഖകളുടെ പരിശോധന നടത്തുകയും വയനാട് ഡി.സി.പി.യു-ൽ താഴെപ്പറയുന്ന പോരായ്മകൾ കണ്ടെത്തുകയും ചെയ്തു.

- 119 കേസുകളിൽ ആറെണ്ണത്തിൽ, 18 വയസ് കഴിഞ്ഞവർക്ക് സ്പോൺസർഷിപ്പ് അനുവദിച്ചത് ₹0.54 ലക്ഷത്തിന്റെ അധിക ചെലവിന് ഇടയാക്കി (**അനുബന്ധം 2.7**).

- നിർദ്ദിഷ്ട കാലാവധിയായ മൂന്ന് വർഷത്തിനെതിരെ 119 കേസുകളിൽ 20 എണ്ണത്തിൽ, അധികമായി ഏഴ് മാസത്തേയ്ക്ക് അനുവദനീയമായതിനേക്കാൾ കൂടുതൽ സ്പോൺസർഷിപ്പ് അനുവദിക്കുകയും (2018 ഫെബ്രുവരി മുതൽ 2021 ആഗസ്റ്റ് വരെ), 26 എണ്ണത്തിൽ, അധികമായി ആറ് മാസത്തേയ്ക്ക് തുക

[53] തിരുവനന്തപുരം – 305, ആലപ്പുഴ – 106, എറണാകുളം – 128, വയനാട് – 119, കണ്ണൂർ – 131

അനുവദിക്കുകയും ചെയ്തത്, ₹5.92 ലക്ഷത്തിന്റെ[54] അധിക ചെലവിന് കാരണമായി.

- പരിശോധന നടത്തിയ 10 രേഖകളിൽ മൂന്നെണ്ണത്തിൽ[55], നിർദ്ദിഷ്ട വാർഷിക കുടുംബവരുമാന പരിധിയായ ₹24,000 അധികരിച്ച കുടുംബങ്ങളിലെ കുട്ടികൾക്ക് സ്പോൺസർഷിപ്പ് അനുവദിച്ചു.

ഡി.സി.പി.ഒ-മാരിൽ നിന്ന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിച്ച് കഴിയുമ്പോൾ തുടർ നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *2.1.8.4. കേന്ദ്ര സംസ്ഥാന ഐ.സി.പി.എസ് സ്പോൺസർഷിപ്പുകൾ/ ഐ.സി.പി.എസ് സ്പോൺസർഷിപ്പും മറ്റ് വകുപ്പുകളിൽ നിന്നുള്ള സാമ്പത്തിക സഹായവും ഒരുമിച്ച് വാങ്ങിയത്*

സമാനമായ ഏതെങ്കിലും സർക്കാർ പദ്ധതിയിൽ നിന്നും സാമ്പത്തിക സഹായം കിട്ടുന്ന കുട്ടികളെ പദ്ധതിയിലെ സ്പോൺസർഷിപ്പിന് അയോഗ്യരായി കേന്ദ്ര സ്പോൺസർഷിപ്പ് മാർഗ്ഗരേഖകൾ കരുതുമ്പോൾ, കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും സാമ്പത്തിക സഹായം സ്വീകരിക്കുന്ന കുട്ടികളെ പദ്ധതിയിൻ കീഴിൽ സഹായം ലഭിക്കുന്നതിന് അയോഗ്യരായി സംസ്ഥാന സ്പോൺസർഷിപ്പ് മാർഗ്ഗരേഖകൾ കണക്കാക്കുന്നു.

ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത അഞ്ച് ജില്ലകളിൽ ആകെ 1320[56] കുട്ടികൾക്ക് സ്പോൺസർഷിപ്പ് ലഭിച്ചു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ, കേന്ദ്ര സ്പോൺസർഷിപ്പും സംസ്ഥാന സ്പോൺസർഷിപ്പും രണ്ടും താഴെക്കൊടുത്തിരിക്കുന്ന **പട്ടിക 2.7**-ൽ വിവരിക്കുംവിധം, കുട്ടികൾക്ക് ഒരേസമയം ലഭിച്ചതായി വെളിപ്പെട്ടു.

**പട്ടിക 2.7: കേന്ദ്ര, സംസ്ഥാന സ്പോൺസർഷിപ്പുകൾ ഒരേസമയം ലഭിച്ച കുട്ടികളുടെ വിശദാംശങ്ങൾ**

*(₹ ലക്ഷത്തിൽ)*

| | ജില്ല | കാലയളവ് | തുക |
|---|---|---|---|
| കുട്ടി 1 | തിരുവനന്തപുരം | 2022 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ | 0.12 |
| കുട്ടി 2 | തിരുവനന്തപുരം | 2022 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ | 0.12 |
| കുട്ടി 3 | എറണാകുളം | 2021 സെപ്റ്റംബർ മുതൽ 2022 ഡിസംബർ വരെ | 0.40 |
| കുട്ടി 4 | വയനാട് | 2021 ഡിസംബർ മുതൽ 2022 ഫെബ്രുവരി വരെ | 0.06 |

*(ഉറവിടം: ഡിസിപിയുകളിലെ വിവരങ്ങൾ)*

ആകെയുള്ള, അധികമായി കൊടുത്ത സ്പോൺസർഷിപ്പ് തുക ₹0.70 ലക്ഷമായിരുന്നു.

- പട്ടികജാതി(എസ്.സി) വിഭാഗത്തിൽപ്പെട്ട 69 കുട്ടികളും പട്ടികവർഗ്ഗ (എസ്.റ്റി) വിഭാഗത്തിൽപ്പെട്ട ആറ് കുട്ടികളും ഡബ്ല്യു.സി.ഡി.ഡി-ൽ നിന്ന് കേന്ദ്ര/ സംസ്ഥാന സ്പോൺസർഷിപ്പുകൾ സ്വീകരിച്ചിരുന്നു. ഇപ്പറഞ്ഞവയിൽ 56 എസ്.സി, ആറ് എസ്.റ്റി-വിദ്യാർത്ഥികൾ എസ്.സി/എസ്.റ്റി വികസന

---

[54] (20 കേസുകൾ x ₹2000 x 7 മാസം) + (26 കേസുകൾ x ₹2000 x 6 മാസം)

[55] ₹36000 (2 കേസുകൾ), ₹48000

[56] കേന്ദ്ര സ്പോൺസർഷിപ്പ് - 531, സംസ്ഥാന സ്പോൺസർഷിപ്പ് - 789

വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിച്ചിരുന്നതിനാൽ ഡബ്ല്യൂ.സി.ഡി.ഡി-യിൽ നിന്നുള്ള സ്പോൺസർഷിപ്പിന് അർഹരല്ലായിരുന്നു. ഇപ്രകാരം, ഡബ്ല്യൂ.സി.ഡി.ഡി-യിൽ നിന്നും ₹20.78 ലക്ഷത്തിന്റെ[57] അർഹമല്ലാത്ത തുക നൽകുകയുണ്ടായി.

രണ്ട് സ്പോൺസർഷിപ്പ് മാർഗ്ഗരേഖകളും സമാനരീതിയിലുള്ള ഇരട്ട സാമ്പത്തിക സഹായം വ്യക്തമായി നിരോധിച്ചിരിക്കുന്നതിനാൽ, സാമ്പത്തിക സഹായം അനുവദിക്കുന്നതിന് സമാനരീതിയിലുള്ള സാമ്പത്തിക സഹായം കുട്ടികൾക്ക് ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്താനായി, കുറഞ്ഞ പക്ഷം സ്കൂളിലോ അല്ലെങ്കിൽ എസ്.സി/എസ്.റ്റി വികസന വകുപ്പുകളിലോ, ഡി.സി.പി.യു-കൾ ആവശ്യമായ അന്വേഷണങ്ങൾ നടത്തേണ്ടതാണ്. ഒരേ ഗുണഭോക്താവിന് അനവധി സാമ്പത്തിക സഹായം നൽകുന്നത്, അർഹതയുള്ള ഒരു കുട്ടിക്ക് അവകാശപ്പെട്ട വിഹിതം നിഷേധിക്കപ്പെടാനുള്ള സാദ്ധ്യത ഉണ്ടാക്കുന്നത് കൂടാതെ, മാർഗ്ഗരേഖകളുടെ ലംഘനവുമാണ്.

ഡി.സി.പി.ഒ-മാരിൽ നിന്ന് സമഗ്രമായ ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). വിശദമായ റിപ്പോർട്ട് ലഭിക്കുമ്പോൾ തുടർനടപടി സ്വീകരിക്കുന്നതാണ്.

### *2.1.8.5. ശിശുക്ഷേമ സമിതിയുടെ ഉത്തരവില്ലാതെ ബാല നീതി ഫണ്ട് അനുവദിച്ചത്*

സംസ്ഥാന സർക്കാർ ഒരു ബാല നീതി ഫണ്ട് ആരംഭിക്കേണ്ടതും ഈ ഫണ്ടിലേയ്ക്ക് ആവശ്യമായ ബഡ്ജറ്റധിഷ്ഠിത വിഹിതം നൽകേണ്ടതുമാണെന്ന് ജെ.ജെ. നിയമത്തിന്റെ വകുപ്പ് 105-ഉം ജെ.ജെ ചട്ടങ്ങളുടെ ചട്ടം 83-ഉം ആവശ്യപ്പെടുന്നു. സംഭാവനകളും സ്വമേധയാലുള്ള സഹായധനവും ഫണ്ടിന് സ്വീകരിക്കാവുന്നതാണ്. തദനുസരണം, ബാലനിധി എന്ന ഒരു നിധി രൂപീകരിക്കുകയും അതിന്റെ ശേഖരണം, വിനിയോഗം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ എന്നിവയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു (2017 നവംബർ). മേൽപ്പറഞ്ഞ മാർഗ്ഗരേഖകളുടെ ഭാഗം IV-ന്റെ ഉപഭാഗം 3-ൽ പറയുന്നത്, സി.ഡബ്ല്യൂ.സി-യുടെയും ഡി.സി.പി.ഒ യുടെയും ശിപാർശയുടെ മേൽ, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ഒരു കുട്ടിക്ക് സാമ്പത്തിക സഹായം അനുവദിക്കാവുന്നതാണെന്നാണ്.

തെരഞ്ഞെടുത്ത ജില്ലകളിലെ 24 കുട്ടികൾ[58] ഉൾപ്പെടെ സംസ്ഥാനത്തെ 84 കുട്ടികൾക്ക് വൈദ്യചികിത്സക്കായിട്ടുള്ള സാമ്പത്തിക സഹായം അനുവദിച്ചതായി ഓഡിറ്റ് ശ്രദ്ധിച്ചു. 24-ൽ 22 കുട്ടികൾക്കും മാർഗ്ഗരേഖകളിൽ നിഷ്കർഷിക്കുന്ന പ്രകാരം സി.ഡബ്ല്യൂ.സി-യുടെ ശിപാർശ ഇല്ലാതെയാണ് സാമ്പത്തിക സഹായം അനുവദിച്ചത്.

മാർഗ്ഗരേഖകളുമായി നടപടിക്രമങ്ങൾ ഒത്ത് പോകുന്നത് വകുപ്പ് ഉറപ്പ് വരുത്തുമെന്നും ഫണ്ടുകൾ സമയത്ത് വിതരണം ചെയ്യുന്നതിലേക്കായി മേൽപ്പറഞ്ഞ ഉപഭാഗം 2023 ഒക്ടോബറിൽ സർക്കാരിന് സമർപ്പിച്ച പുതിയതായി നിർദ്ദേശിക്കപ്പെട്ട മാർഗ്ഗരേഖകളിൽ നിന്ന് ഒഴിവാക്കിയതായും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). സർക്കാരിന്റെ ഉപഭാഗം ഒഴിവാക്കുന്ന നടപടി, യോഗ്യതാ മാനദണ്ഡങ്ങൾ ലംഘിക്കാൻ കാരണമായേക്കാവുന്നതിനാൽ ന്യായീകരിക്കത്തക്കതല്ല.

---

[57] 56 എസ്.സി. കുട്ടികൾക്ക് ₹19.30 ലക്ഷവും ആറ് എസ്.റ്റി കുട്ടികൾക്ക് ₹1.48 ലക്ഷവും

[58] തിരുവനന്തപുരം – 16, ആലപ്പുഴ – 1, എറണാകുളം – 1, വയനാട് – 3, കണ്ണൂർ - 3

## 2.1.9. മേൽനോട്ടം

മേൽനോട്ടം എന്നത് ഒരു പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ തുടർച്ചയായി ശേഖരിക്കുന്നതും വിശകലനം ചെയ്യുന്നതും, ഇടപെടൽ എത്ര നന്നായി നടപ്പിലാക്കിയെന്ന് വിലയിരുത്തുന്നതിനായി ആസൂത്രിതഫലങ്ങളെ യഥാർത്ഥവുമായി താരതമ്യം ചെയ്യുന്നതുമാണ്. ശിശു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ക്ഷമത കൈവരിച്ചോ എന്ന് നിരീക്ഷിക്കാനായി നിയമവും ചട്ടങ്ങളും നിഷ്കർഷിക്കുന്ന വിധത്തിൽ സംവിധാനങ്ങൾ ഉണ്ടായിരുന്നോ എന്ന് ഓഡിറ്റ് വിശകലനം ചെയ്തു.

### *2.1.9.1. പരിശോധന നടത്തുന്നതിലെ കുറവ്*

*സംസ്ഥാന/ജില്ലാ പരിശോധന സമിതികൾ*

ജെ.ജെ നിയമത്തിന്റെ വകുപ്പ് 54 അനുസരിച്ചും ചട്ടങ്ങളിലെ വ്യവസ്ഥകൾ[59] അനുസരിച്ചും, നിയമത്തിന്റെ കീഴിൽ രജിസ്റ്റർ ചെയ്തതോ, യോഗ്യമാണെന്ന് അംഗീകരിച്ചതോ ആയ എല്ലാ സ്ഥാപനങ്ങൾക്കും വേണ്ടി, സംസ്ഥാനത്തിനായും ജില്ലകൾക്കായും സംസ്ഥാന സർക്കാർ പരിശോധന സമിതികളെ നിയമിക്കേണ്ടതാണ്. പരിശോധന സമിതികൾ, പ്രദേശത്തുള്ള കുട്ടികളെ അധിവസിപ്പിക്കുന്ന മന്ദിരങ്ങളിലേയ്ക്ക് നിയമപരമായി കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കൽ സന്ദർശനങ്ങൾ നടത്തേണ്ടതും, കണ്ടെത്തലുകളുടെ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി സന്ദർശനം കഴിഞ്ഞ് ഒരാഴ്ചയ്ക്കകം ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്കോ സംസ്ഥാന സർക്കാരിനോ, സാഹചര്യമനുസരിച്ച് സമർപ്പിക്കേണ്ടതുമാണ്.

സംസ്ഥാന പരിശോധന സമിതിയും (എസ്.ഐ.സി) ജില്ലാ പരിശോധന സമിതികളും (ഡി.ഐ.സി) യഥാക്രമം 2017-ലും 2018-ലും സംസ്ഥാനത്ത് രൂപീകരിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ തെരഞ്ഞെടുത്ത 17 സി.സി.ഐ-കളിൽ, നിർദ്ദിഷ്ട എണ്ണമായ 340 പരിശോധനകളുടെ[60] സ്ഥാനത്ത്, കേവലം രണ്ട് ശതമാനമായ, ആറ് പരിശോധനകൾ മാത്രമേ ഓഡിറ്റ് കാലയളവിൽ എസ്.ഐ.സി നടത്തിയുള്ളൂ. ജില്ലയിൽ ഒരു ഡി.ഐ.സി രൂപീകരിച്ചെങ്കിലും 2020 നവംബർ മുതൽ അത് പുനഃസംഘടിപ്പിച്ചിട്ടില്ലെന്ന് കണ്ണൂർ ഡി.സി.പി.ഒ മറുപടി നൽകി. ഇക്കാരണത്താൽ പരിശോധന റിപ്പോർട്ടുകൾ ഡി.സി.പി.യു-ന് സമർപ്പിക്കുകയോ തിരുത്തൽ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. വയനാട് ജില്ലയിൽ പരിശോധന സമിതി രൂപീകരിച്ചെങ്കിലും, തെരഞ്ഞെടുത്ത സി.സി.ഐ-കളിൽ പരിശോധനകളൊന്നും നടത്തിയില്ല. ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുത്ത ജില്ലകളിൽ നടത്തിയ പരിശോധനകളുടെ എണ്ണം **അനുബന്ധം 2.8**-ൽ കൊടുത്തിരിക്കുന്നു. സി.സി.ഐ-കളിലെ കൃത്യമായ പരിശോധനകളുടെ അഭാവത്തിൽ, കുട്ടികൾ നേരിടുന്ന സൗകര്യങ്ങളുടെ കുറവും പ്രശ്നങ്ങളും ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

ജെ.ജെ. രജിസ്ട്രേഷന്റെ പുതുക്കലിന്റെ ഭാഗമായി പരിശോധനകൾ നടത്തിയെന്നും ശിശു മന്ദിരങ്ങളിൽ ക്രമമായ പരിശോധനകൾ നടത്തുന്നതിനായി വിശദ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). എന്നാൽ, പരിശോധനകളിലെ കുറവും അതിന്റെ വിപരീത ഫലങ്ങളും ഓഡിറ്റിൽ ശ്രദ്ധിച്ചത്, അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്.

---

[59] സ്ഥാപനങ്ങളുടെ ഇടയ്ക്കിടെയുള്ള പരിശോധനകൾ എസ്.ഐ.സി നിർവ്വഹിക്കണമെന്ന് ജെ.ജെ. മാതൃകാ ചട്ടങ്ങളുടെ ചട്ടം 41(4) പറയുന്നു. ജില്ലയിൽ കുട്ടികളെ അധിവസിപ്പിക്കുന്ന മന്ദിരങ്ങളിൽ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ ഡി.ഐ.സി പരിശോധന നിർവ്വഹിക്കണമെന്ന് ചട്ടം 41(10) പറയുന്നു

[60] (17 സി.സി.ഐ-കൾ) x (പ്രതിവർഷം നാല് പരിശോധനകൾ) x (5 വർഷം)

### *ശിശുക്ഷേമ സമിതികൾ പരിശോധന നടത്താത്തത്*

പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ താമസിപ്പിക്കുന്ന പാർപ്പിട മന്ദിരങ്ങളുടെ പരിശോധന സി.ഡബ്ല്യു.സി കുറഞ്ഞത് മാസത്തിൽ രണ്ട് പ്രാവശ്യമെങ്കിലും നടത്തേണ്ടതും, നൽകിയ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ശിപാർശ ഡി.സി.പി.യു-നും സംസ്ഥാന സർക്കാരിനും നൽകേണ്ടതുമാണ്.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എറണാകുളത്തുള്ള കുട്ടികൾക്ക് വേണ്ടിയുള്ള പാർപ്പിട മന്ദിരങ്ങളിലൊന്നിലും, സി.ഡബ്ല്യു.സി പരിശോധന നടത്തിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വയനാട്ടിൽ 2018-19 മുതൽ 2020-21 വരെയുള്ള കാലയളവിൽ പരിശോധനകളുടെ എണ്ണം ഏഴ് മുതൽ 15 വരെ ആയിരുന്നു. തിരുവനന്തപുരം, കണ്ണൂർ ജില്ലകൾ ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഓഡിറ്റിന് നൽകിയില്ല.

സി.ഡബ്ല്യു.സി-കൾ പരിശോധന നടത്താത്തത്, സി.സി.ഐ-കളിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സാദ്ധ്യതകളെ വിപരീതമായി ബാധിക്കും.

പരിശോധന നടത്താൻ എല്ലാ സി.ഡബ്ല്യു.സി-കളെയും നിർദ്ദേശിച്ചതായി സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). കൂടാതെ, സി.സി.ഐ-കളിൽ ഇടയ്ക്കിടെയുള്ള സന്ദർശനങ്ങൾ നടത്തുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ എല്ലാ സി.ഡബ്ല്യു.സി-കൾക്കും നൽകുന്നതാണ് എന്നും പ്രസ്താവിച്ചു.

### *ജില്ലാ ജഡ്ജി ജെ.ജെ.ബി-യിൽ പരിശോധന നടത്താത്തത്*

ചട്ടം നിർദ്ദേശിക്കുന്നത് പോലെ എല്ലാ ത്രൈമാസത്തിലും ഒരു പ്രാവശ്യം ജെ.ജെ.ബി-യുടെ പരിശോധന ജില്ലാ ജഡ്ജി നിർവ്വഹിക്കേണ്ടതും, ജെ.ജെ.ബി അംഗങ്ങളുടെ പ്രകടനം ബോർഡ്, നടപടിക്രമങ്ങളിൽ ഉള്ള അവരുടെ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി, ചട്ടം 87-ന് അനുസൃതമായി രൂപീകരിച്ച തെരഞ്ഞെടുപ്പ് സമിതിക്ക് ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

തിരുവനന്തപുരം, ആലപ്പുഴ, വയനാട്, കണ്ണൂർ എന്നീ തെരഞ്ഞെടുത്ത ജില്ലകളിൽ 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഇത്തരത്തിൽ ഒരു പരിശോധനയും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.

ജില്ലാ ജഡ്ജിയുടെ കാലാനുസൃതമായ പരിശോധനകൾ ഉറപ്പാക്കുന്നതിൽ ഒരു തീരുമാനമെടുക്കാനായി വരാനിരിക്കുന്ന ബാലനീതിസമിതിയിൽ ഇക്കാര്യം ഒരു വിഷയമായി ഉൾപ്പെടുത്തുമെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ഏപ്രിൽ).

### *ജില്ലാ മജിസ്ട്രേറ്റ് സി.ഡബ്ല്യു.സി-യിൽ പരിശോധന നടത്താത്തത്*

ജില്ലാ കളക്ടർ ആയിരിക്കുന്ന ജില്ലാ മജിസ്ട്രേറ്റ് എല്ലാ ത്രൈമാസികത്തിലും സി.ഡബ്ല്യു.സി-യുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും, സി.ഡബ്ല്യു.സി-യുടെ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും പ്രകടനം സി.ഡബ്ല്യു.സി-യിലെ നടപടിക്രമങ്ങളിൽ അവരുടെ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി ഒരു റിപ്പോർട്ട് തെരഞ്ഞെടുപ്പ് സമിതിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട് ജില്ലകളിൽ മേൽപ്പറഞ്ഞ കാര്യത്തിൽ ജില്ലാ മജിസ്ട്രേറ്റ് നിരീക്ഷണമൊന്നും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. കണ്ണൂർ ജില്ലയിൽ, ജൂൺ 2022 മുതൽ ഒരു പരിശോധനയും ജില്ലാ മജിസ്ട്രേറ്റ് നടത്തിയില്ല.

സി.ഡബ്ല്യു.സി-കളിൽ ഇടയ്ക്കിടെയുള്ള നിരീക്ഷണങ്ങൾ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി എല്ലാ ജില്ലാ മജിസ്ട്രേറ്റുമാർക്കും നിർദ്ദേശം നൽകുമെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ).

### *2.1.9.2. ജില്ലാ ഓഫീസുകൾ ജില്ലാ ആസ്ഥാനത്തിനകലെ സ്ഥാപിക്കുന്നത്*

ഐ.സി.പി.എസ് മാർഗ്ഗരേഖ[61] അനുസരിച്ച് ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ മജിസ്ട്രേറ്റിന്റെ സമഗ്രമായ ഭരണ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് ഡി.സി.പി.യു പ്രവർത്തിക്കേണ്ടത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേരള സർക്കാർ ഫയൽ ചെയ്ത (2019 നവംബർ) വിശദമായ എതിർസത്യവാങ്മൂലത്തിൽ[62] (2019 നവംബർ) എല്ലാ ഡി.സി.പി.യു ഓഫീസുകളും ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുമെന്ന് ഉറപ്പാക്കുന്നതിനായി നടപടികൾ എടുത്തു വരികയാണെന്ന് പ്രസ്താവിച്ചിരുന്നു.

തെരഞ്ഞെടുത്ത ജില്ലകളിലെ ഡി.സി.പി.യു-കളിൽ എറണാകുളം ജില്ലയിലെ ഡി.സി.പി.യു മാത്രമാണ്, ജില്ലാ തലത്തിൽ ഐ.സി.പി.എസിന്റെയും മറ്റ് ശിശു സംരക്ഷണ പദ്ധതികളുടെയും ഭരണകേന്ദ്രത്തിന്റെ ഇരിപ്പിടമായ ജില്ലാ ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്നത് എന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. ബാക്കി നാല് ഡി.സി.പി.യു-കളിൽ മൂന്നും ജില്ലാ ആസ്ഥാനത്ത് നിന്ന് അകലെയാണ്[63] സ്ഥിതി ചെയ്യുന്നത്. സത്യവാങ്മൂലം സമർപ്പിച്ച് നാല് വർഷം കഴിഞ്ഞിട്ടും ഡി.സി.പി.യു-കൾ ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കാര്യത്തിൽ, ഹൈക്കോടതിക്ക് നൽകിയ സ്വന്തം ഉറപ്പ് പോലും സംസ്ഥാന സർക്കാർ പാലിച്ചില്ല.

നാല് സ്ഥലങ്ങളിൽ മാത്രമേ ഡി.സി.പി.യു-കൾ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുള്ളൂ എന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ജില്ലാ മജിസ്ട്രേറ്റുമായി ചർച്ച ചെയ്ത്, ജില്ലാ ആസ്ഥാനങ്ങളിലെ സ്ഥലലഭ്യത പരിഗണിച്ചുകൊണ്ട്, ഡി.സി.പി.യു-കളെ ജില്ലാ ആസ്ഥാനത്തേയ്ക്ക് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

### *2.1.9.3. പ്രവർത്തനക്ഷമമല്ലാത്ത ശിശു സംരക്ഷണ മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം*

സ്ഥാപന, സ്ഥാപനേതര പരിപാലനത്തിലുള്ള എല്ലാ കുട്ടികളുടെയും ഒരു സംസ്ഥാനതല ഡാറ്റാബേസ് സൂക്ഷിക്കാനും ത്രൈമാസികാടിസ്ഥാനത്തിൽ അത് നവീകരിക്കാനും എസ്.സി.പി.എസിനോട് ജെ.ജെ ചട്ടങ്ങളുടെ ചട്ടം 84(ix)ആവശ്യപ്പെടുന്നു.

ശിശുപരിപാലന മന്ദിരങ്ങളുടെ ഭരണ നിർവ്വഹണത്തിന് വേണ്ടിയുള്ള വെബ്സൈറ്റും സോഫ്റ്റ്‌വെയറും രൂപകല്പന ചെയ്യാനും, വികസിപ്പിക്കാനും, സാങ്കേതിക പിന്തുണ നൽകാനും, വാർഷിക പരിപാലനത്തിനുമായി വനിതാ ശിശു വികസന വകുപ്പ്, സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജിയുമായി (സി-ഡിറ്റ്) ഒരു കരാറിൽ എർപ്പെട്ടു (2020 മേയ്). അതനുസരിച്ച്, ഐ.സി.പി.എസുമായി ബന്ധപ്പെട്ട ഡാറ്റായുടെ പരിപാലനത്തിനായി സി-ഡിറ്റ് ശിശു സംരക്ഷണ മാനേജ്മെന്റ്

---

[61] അനുബന്ധം 1-ലെ ഇനം 1.1

[62] 2021 നവംബർ 17-ലെ ബച്പൻ ബചാവോ ആന്ദോളൻ, കേരള സർക്കാർ ഉൾപ്പെട്ട റിട്ട് ഹർജി (സിവിൽ) നം. 23669 (എസ്)-ന്റെ എതിർ സത്യവാങ്മൂലത്തിൽ ഉൾപ്പെട്ട റി.ഹ (സി) 473/2005-ൽ ബഹു. പരമോന്നത കോടതിയുടെ വിധിയുടെ ഖണ്ഡിക 95.3-മായി ബന്ധപ്പെട്ട് സമർപ്പിച്ച കാര്യങ്ങൾ

[63] തിരുവനന്തപുരം-10 കി.മി, വയനാട് -10 കി.മീ, കണ്ണൂർ-22 കി.മീ

ഇൻഫോർമേഷൻ സിസ്റ്റം (സി.പി.എം.ഐ.എസ്) സോഫ്റ്റ്‌വെയർ വികസിപ്പിച്ചു[64]. ശിശുപരിപാലന കേന്ദ്രങ്ങളിലേയ്ക്കുള്ള അന്തേവാസികളുടെ പ്രവേശനം, അവരുടെ സ്ഥലംമാറ്റം, വിടുതൽ മുതലായവ ഓൺലൈൻ ആയി സി.പി.എം.ഐ.എസിൽ രേഖപ്പെടുത്തേണ്ടതും ഡബ്ല്യു.സി.ഡി.ഡി അവ നിരീക്ഷിക്കേണ്ടതുമായിരുന്നു. ഇക്കാര്യത്തിനു വേണ്ടി ₹2.67 ലക്ഷം സി-ഡിറ്റിന് കൊടുത്തിട്ടുണ്ട് (2020 സെപ്റ്റംബർ).

യഥാക്രമം 2020 മെയിലും 2020 സെപ്റ്റംബറിലും കരാർ ഒപ്പിടുകയും പണം നൽകുകയും ചെയ്തെങ്കിലും 2024 മാർച്ച് വരെയും സാങ്കേതിക പോർട്ടൽ പ്രവർത്തനക്ഷമമായിട്ടില്ല.

സംസ്ഥാന ശിശു സംരക്ഷണ സമിതി (എസ്.സി.പി.എസ്) എന്നതിന്റെ കുടക്കീഴിലുള്ള എല്ലാ വെബ്സൈറ്റുകളും പോർട്ടലുകളും ഒരൊറ്റ പ്ലാറ്റ്ഫോമിലേയ്ക്ക് സംയോജിപ്പിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). ഇക്കാര്യത്തിലേയ്ക്കായി, സംസ്ഥാനം ₹23 ലക്ഷം അനുവദിക്കുകയും നടപ്പാക്കുന്നതിനായി ഒരു ഏജൻസിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

### 'ട്രാക്ക്' ചൈൽഡ് പോർട്ടൽ ഫലപ്രദമായി ഉപയോഗിക്കുന്നതിലെ വീഴ്ച

ഉപേക്ഷിക്കപ്പെട്ട/ നഷ്ടപ്പെട്ട/ അനാഥമായ ഒരു കുട്ടിയുടെ കാര്യത്തിൽ സി.ഡബ്ല്യു.സി അന്വേഷണ വിധേയമായി കുട്ടിയുടെ ഇടക്കാല സംരക്ഷണത്തിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, കുട്ടിയെ സംബന്ധിച്ച വിവരം പ്രത്യേകമായി നിശ്ചയിച്ച ഒരു പോർട്ടലിൽ അപ്‌ലോഡ് ചെയ്തുവെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്ന് ജെ.ജെ.മാതൃകാ ചട്ടങ്ങളുടെ ചട്ടം 18(7) നിഷ്കർഷിക്കുന്നു. കുട്ടിയുടെ ജീവശാസ്ത്രപരമായ മാതാപിതാക്കളെ, അല്ലെങ്കിൽ നിയമപരമായുള്ള രക്ഷകർത്താക്കളെ കണ്ടുപിടിക്കുന്നതിനായി കുട്ടിയുടെ വിശദാംശങ്ങളും ഫോട്ടോയും, കുട്ടിയെ കിട്ടിയ സമയം മുതൽ മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ വലിയ പ്രചാരമുള്ള ഒരു ദേശീയ ദിനപ്പത്രത്തിൽ പരസ്യപ്പെടുത്താനായി സി.ഡി.പി.യു-ന് സി.ഡബ്ല്യു.സി നിർദ്ദേശം നൽകേണ്ടതാണെന്നും, പ്രത്യേകമായി നിശ്ചയിച്ച പോർട്ടലിൽ (ട്രാക്ക് ചൈൽഡ് പോർട്ടൽ[65] അല്ലെങ്കിൽ ഖോയാ പായാ പോർട്ടൽ)[66] ഡാറ്റായുടെ എൻട്രി ഉറപ്പാക്കേണ്ടതാണെന്നും 2017-ലെ ദത്തെടുക്കൽ റെഗുലേഷനിലെ റെഗുലേഷൻ 6(6) പ്രസ്താവിക്കുന്നു.

തിരുവനന്തപുരത്ത് അനാഥരായ/ഉപേക്ഷിക്കപ്പെട്ട/ കാണാതായ 46 കുട്ടികളുടെ വിശദാംശങ്ങൾ പോർട്ടലിൽ അപ്‌ലോഡ് ചെയ്തില്ലെന്ന് ഓഡിറ്റ് പരിശോധന

---

[64] പ്രോജക്ടിന്റെ പരിധിയിൽ ഉൾപ്പെട്ടത്, ശിശുപരിപാലന മന്ദിരങ്ങളുടെ രജിസ്ട്രേഷനും പുതുക്കലും, ഉടമസ്ഥത,മാനേജർ ഡാറ്റാബേസ്, ശിശുപരിപാലന മന്ദിര ഭരണ നിർവ്വഹണം, അന്തേവാസി രജിസ്ട്രേഷനും അംഗീകാരവും, അന്തേവാസി ഡാറ്റാബേസ് പരിപാലനം, അന്തേവാസികൾക്ക് വേണ്ടിയുള്ള വ്യക്തിഗത ശ്രദ്ധാ പദ്ധതി, ജെ.ജെ.ബി., ഐ.സി.പി.എസ്. ഡാഷ് ബോർഡുകൾ മുതലായവ ആണ്.

[65] 35 സംസ്ഥാനങ്ങളിലും/ കേന്ദ്രഭരണപ്രദേശങ്ങളിലും സെൻട്രൽ പ്രോജക്ക് സപ്പോർട്ട് യൂണിറ്റ് (സി.പി.എസ്.യു), ഡി.സി.പി.യു-കൾ എസ്.സി.പി.എസ്/ യൂണിറ്റുകൾ, സി.സി.ഐ-കൾ, പോലീസ് സ്റ്റേഷനുകൾ, സി.ഡബ്ല്യു.സി-കൾ, ജെ.ജെ.ബി.-കൾ മുതലായവ ഉൾപ്പെട്ട ഐ.സി.പി.എസ് സ്ഥാപനങ്ങൾക്കും, എല്ലാ തത്പര കക്ഷികൾക്കും ട്രാക്ക് ചൈൽഡ് പോർട്ടൽ, സംയോജിത സാങ്കൽപ്പിക ഇടം ലഭ്യമാക്കുന്നു. "ദുരിതത്തിലായ കുട്ടിയെ" ട്രാക്ക് ചെയ്യുന്നതിന് എല്ലാ തത്പര കക്ഷികൾക്കും പൗരന്മാർക്കും ഇടയിൽ ഒരു നെറ്റ്‌വർക്കിംഗ് സംവിധാനവും ഇത് നൽകുന്നു. പോലീസ് സ്റ്റേഷനുകൾ, സിസിഐകൾ/ഹോമുകൾ, ഷെൽട്ടറുകൾ, സിഡബ്ല്യുസികൾ, ജെജെബികൾ എന്നിവിടങ്ങളിലെ ഡാറ്റ എൻട്രിയും അപ്ഡേറ്റും ഇതിന് ആവശ്യമാണ്.

[66] മാതാപിതാക്കൾക്ക് തങ്ങളുടെ നഷ്ടപ്പെട്ട കുട്ടിയുടെ വിശദാംശങ്ങൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഖോയാ പായാ പോർട്ടൽ സഹായിക്കുന്നു. കുട്ടിയെ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് അക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിന് രജിസ്റ്റർ ചെയ്യാവുന്നതും കാണാതായ കുട്ടിയുടെ വിശദാംശങ്ങൾ കൊടുക്കുന്നതിനും കാണാതായ കുട്ടിയുടെ വിശദാംശങ്ങൾ തേടുന്നതിനും സാധിക്കുന്നു.

വെളിപ്പെടുത്തി. ഒരു കുട്ടിയെ കാണ്മാനില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി പോർട്ടലിൽ നിലവിലുള്ള ഡാറ്റയെ ആശ്രയിച്ചിരുന്നില്ല. കൂടാതെ, കുട്ടികളുടെ വിശദാംശങ്ങളും ഫോട്ടോകളും ദേശീയ ദിനപ്പത്രത്തിനു പകരം രണ്ട് പ്രാദേശിക ഭാഷാ പത്രങ്ങളിൽ മാത്രമാണ് പരസ്യപ്പെടുത്തിയിരുന്നത്. ആലപ്പുഴയിൽ, 2022-23-ൽ എസ്.എ.എ രൂപീകരിച്ചതു മുതൽ അഞ്ച് ഉപേക്ഷിക്കപ്പെട്ട/ കാണാതായ/ അനാഥരായ കുട്ടികളെ കിട്ടിയെങ്കിലും, ട്രാക്ക് ചൈൽഡ് പോർട്ടൽ അല്ലെങ്കിൽ ഖോയാ പായ പോർട്ടലിൽ ഡാറ്റാ അപ്‌ലോഡ് ചെയ്തതായി കണ്ടില്ല. അതിലുപരി, കുട്ടികളുടെ വിശദാംശങ്ങളും ഫോട്ടോകളും പ്രാദേശിക ഭാഷാ പത്രങ്ങളിൽ മാത്രമാണ് പരസ്യപ്പെടുത്തിയിരുന്നത്, അതും 19 മുതൽ 79 ദിവസങ്ങൾക്ക് ശേഷം എറണാകുളത്തും കണ്ണൂരും ഡാറ്റാ അപ്‌ലോഡ് ചെയ്യുന്നതിനും തിരികെ കിട്ടിയ കുട്ടികൾ അവരുടെ വീടുകളിൽ നിന്ന് കാണാതായവരാണെന്ന് ഉറപ്പു വരുത്തുന്നതിനുമായി പോർട്ടൽ ഉപയോഗപ്പെടുത്തിയതായി കണ്ടില്ല.

പോർട്ടലിൽ ഡാറ്റാ ഇൻപുട്ട് ചെയ്യാനായി ഡി.സി.പി.യു-കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, പോർട്ടലിന്റെ ഫലവത്തായ വിനിയോഗം ഉറപ്പാക്കുന്നതിനായി ബന്ധപ്പെട്ട വ്യക്തികൾക്ക് പരിശീലനക്ലാസുകൾ കൊടുക്കുമെന്നും സർക്കാർ മറുപടി നൽകി (2024 ഏപ്രിൽ). 2022-ലെ ദത്തെടുക്കൽ റെഗുലേഷനിലെ റെഗുലേഷൻ 6(7) പ്രകാരം അനാഥരായ, അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ വിശദാംശങ്ങൾ, യഥാർത്ഥ മാതാപിതാക്കളെയോ അല്ലെങ്കിൽ നിയമപരമായ രക്ഷകർത്താക്കളെയോ തേടിപ്പിടിക്കുന്നതിനായി, ഏറെ പ്രചാരമുള്ള ഒരു ദേശീയ ദിനപ്പത്രത്തിൽ പരസ്യപ്പെടുത്തുന്നതിന് എല്ലാ ജില്ലാ ശിശുസംരക്ഷണ അധികാരികൾക്കും നിർദ്ദേശം കൊടുക്കുമെന്നും പ്രസ്താവിക്കപ്പെട്ടു.

### *ഡാറ്റാബേസുകൾ സൂക്ഷിക്കാത്തത്*

- വിഷമ സാഹചര്യങ്ങളുള്ള കുട്ടികളുടെ എണ്ണം നിർണ്ണയിക്കാനും അങ്ങനെയുള്ള കുട്ടികളുടെ പ്രവണതകളും രീതികളും നിരീക്ഷിക്കുന്നതിനുമായി ജില്ലാധിഷ്ഠിത ഡാറ്റാബേസുകൾ ഉണ്ടാക്കാൻ 2016-ലെ ജെ.ജെ. മാതൃകാചട്ടങ്ങൾ ചട്ടം 85(viii) ഡി.സി.പി.ഒ-യോട് ആവശ്യപ്പെടുന്നു. വിഷമ സാഹചര്യങ്ങളിലുള്ള കുട്ടികളുടെ പ്രവണതകളും രീതികളും നിരീക്ഷിക്കുന്നതിനായി, തെരഞ്ഞെടുത്ത ജില്ലകളിൽ, ഡി.സി.പി.ഒ-കൾ കുട്ടികളുടെ എണ്ണം നിർണ്ണയിക്കുകയോ ഡാറ്റാബേസ് ഉണ്ടാക്കുകയോ ചെയ്തില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ നിയമവുമായി പൊരുത്തപ്പെടാത്ത ഗണ്യമായ എണ്ണം കുട്ടികൾക്ക് കാവൽ പദ്ധതിയിലൂടെ[67] മാനസിക സാമൂഹിക പിന്തുണ ലഭിച്ചിട്ടുള്ളത് പരിഗണിക്കുമ്പോൾ[68], ഒരു ഡാറ്റാബേസ് രൂപീകരിക്കുന്നതിലുടെ മേൽപ്പറഞ്ഞ ജില്ലകളിൽ ഇടപെടൽ ആവശ്യമുള്ള ഇത്തരത്തിലുള്ള കൂടുതൽ കുട്ടികളെ തിരിച്ചറിയാൻ സഹായിക്കും.

  ഇപ്പറഞ്ഞ കാര്യത്തിൽ സർക്കാർ മറുപടിയൊന്നും നൽകിയില്ല

- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വേണ്ടിയുള്ള മെഡിക്കൽ കൗൺസലിംഗ് സെന്ററുകൾ, ലഹരി വിമുക്തി കേന്ദ്രങ്ങൾ, ആശുപത്രികൾ,

---

67 എറണാകുളത്ത് 54 മുതൽ 96 വരെയും, വയനാട്ടിൽ 17 മുതൽ 119 വരെയും, തിരുവനന്തപുരത്ത് 98 മുതൽ 151 വരെയും, ആലപ്പുഴയിൽ 3 മുതൽ 54 വരെയും, കണ്ണൂരിൽ 36 മുതൽ 64 വരെയും.

68 നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ (ഐസിപിഎസിന് കീഴിൽ) സാമൂഹിക പുനഃസംയോജനവും പുനരധിവാസവും ലക്ഷ്യമിടുന്ന ഒരു സംസ്ഥാന പദ്ധതിയാണ് കാവൽ.

ഓപ്പൺ സ്കൂളുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, അപ്രന്റീസ്ഷിപ്പ്, തൊഴിലധിഷ്ഠിത പരിശീലന പ്രോഗ്രാമുകളും കേന്ദ്രങ്ങളും, വിനോദോപാധികൾ എന്നിവയുടെ ഒരു ഡാറ്റാബേസ് ഡി.സി.പി.ഒ. സൂക്ഷിക്കണമെന്നും ആയത് ജെ.ജെ.ബി-കൾക്കും, സി.ഡബ്ല്യു.സി-കൾക്കും ശിശുകോടതികൾക്കും എസ്.സി.പി.എസിനും നൽകണമെന്നും 2016-ലെ ജെ.ജെ. മാതൃകാ ചട്ടങ്ങളിൽ ചട്ടം 85(xix) ഡി.സി.പി.ഒ-യോട് ആവശ്യപ്പെടുന്നു. തെരഞ്ഞെടുത്ത ജില്ലകളിൽ, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, വയനാട് ജില്ലകൾ ലഹരി വിമുക്തി കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവയുടെ ഒരു ഡാറ്റാബേസ് സൂക്ഷിക്കാതിരിക്കുന്നത് വിഷമസാഹചര്യങ്ങളിൽ നിന്നുള്ള സുരക്ഷിതരല്ലാത്ത കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, മാനസിക രോഗമുള്ള കുട്ടികൾ മുതലായവരുടെ സമയബന്ധിതമായ പുനരധിവാസത്തിന്റെ സാദ്ധ്യതയെ പരിമിതപ്പെടുത്തി.

ഇപ്പറഞ്ഞ കാര്യത്തിൽ സർക്കാർ മറുപടിയൊന്നും നൽകിയില്ല.

### 2.1.10. ഉപസംഹാരം

ആറ് വയസിൽ താഴെയുള്ള ഒരു കുട്ടിയെ ദത്തെടുക്കുന്നത് വരെ എസ്.എ.എ-യിൽ താമസിപ്പിക്കാമെന്ന് ജെ.ജെ. നിയമം നിഷ്കർഷിക്കുമ്പോൾ, അതിലെ നിയമവ്യവസ്ഥകൾക്ക് പൊരുത്തമല്ലാത്ത വിധത്തിൽ, എസ്.എ.എ-യിൽ ഒരു കുട്ടിയുടെ താമസം ഒരു വർഷത്തിൽ കൂടാതിരിക്കാൻ ഐ.സി.പി.എസിന്റെയും മിഷൻ വാൽസല്യയുടെയും മാർഗ്ഗരേഖകൾ വ്യവസ്ഥ ചെയ്യുന്നു. നിയമത്തിന്റെ നടത്തിപ്പ് സുഗമമാക്കുന്നതിനുള്ള ചട്ടങ്ങൾ രൂപീകരിക്കാൻ സംസ്ഥാന സർക്കാരിനോട് നിയമം ആവശ്യപ്പെടുന്നുണ്ട്. ഇത് സംസ്ഥാന സംബന്ധമായ സാഹചര്യങ്ങളിൽ ഫലപ്രദമായ നിർവ്വഹണം സാദ്ധ്യമാക്കുമായിരുന്നെങ്കിലും, സംസ്ഥാന സർക്കാർ അത് നടപ്പിലാക്കിയിട്ടില്ല. ഒരു സി.സി.ഐ ആയി പ്രവർത്തിക്കുന്നതിന് രജിസ്ട്രേഷൻ നിയമപരമായ ഒരു ആവശ്യം ആയിരുന്നെങ്കിലും രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് അത് പുതുക്കാതിരുന്നത് രജിസ്ട്രേഷൻ ഇല്ലാതെ സി.സി.ഐ-കൾ പ്രവർത്തിക്കുന്നതിന് ഇടവരുത്തി. ജെ.ജെ.ബി-യുടെ/ സി.ഡബ്ല്യു.സി-യുടെ സിറ്റിംഗുകളിൽ പങ്കെടുത്ത കുട്ടികൾക്കും കുടുംബങ്ങൾക്കും കാത്തിരിപ്പ് മുറി, കുടിവെള്ളം, ശിശുസൗഹൃദ അന്തരീക്ഷം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയില്ല. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് താമസിക്കാൻ പകരം സംവിധാനങ്ങൾ സ്ഥാപിക്കാതിരുന്നത് കൊണ്ട് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാത്ത സി.സി.ഐ-കളിൽ തുടരാൻ നിർബന്ധിതരാക്കി. ചില തെരഞ്ഞെടുത്ത സി.സി.ഐ-കളിൽ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുവേണ്ട പ്രത്യേക സൗകര്യങ്ങൾ ഇല്ലാതിരുന്നിട്ടും, അത്തരം കുട്ടികളെ കൈകാര്യം ചെയ്യാൻ പരിശീലനം സിദ്ധിച്ച ജീവനക്കാർ ഇല്ലാതിരുന്നിട്ടും, അവരെ സാധാരണ കുട്ടികൾക്കൊപ്പം താമസിപ്പിക്കേണ്ടിവന്നു. മാനസിക രോഗമുള്ള കുട്ടികളെയും മയക്ക് മരുന്ന്, ലഹരി വസ്തുക്കൾ, മദ്യം ഇവയിൽ നിന്ന് വിമുക്തി വേണ്ടിയിരുന്ന കുട്ടികളെയും താമസിപ്പിക്കാനുള്ള സൗകര്യങ്ങൾ അപര്യാപ്തമായിരുന്നു. അവധിക്ക് വീട്ടിൽ പോകാൻ അനുവദിക്കപ്പെട്ടവരും സി.ഡബ്ല്യു.സി-യുടെ ഉത്തരവ് കൂടാതെ അധികനാൾ വീട്ടിൽ തങ്ങുന്നവരുമായ കുട്ടികൾക്ക് അക്കാലയളവിൽ എന്തെങ്കിലും അനിഷ്ട സംഭവം ഉണ്ടായാൽ, സർക്കാരിന് നിയമപരമായി സങ്കോചമുളവാക്കുന്ന സാഹചര്യം ഉണ്ടായേക്കാം.

കുട്ടിയുടെ ക്ഷേമം അറിയാനായി ഫോസ്റ്റർ കുടുംബങ്ങളുടെയും ഫോസ്റ്റർ കെയർ ദാതാക്കളുടെയും പ്രതിമാസ പരിശോധന വേണ്ടവണ്ണം ചെയ്തിരുന്നില്ല. കുട്ടികളെ സുരക്ഷിതമായി ഉപേക്ഷിക്കുന്നതിനായി ആവശ്യത്തിനുള്ള ശിശു തൊട്ടിൽ ഇടങ്ങൾ സ്ഥാപിച്ചതായി കണ്ടില്ല. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും സ്പോൺസർഷിപ്പ് പദ്ധതികളുടെ മാർഗ്ഗരേഖകൾ ലംഘിച്ചുകൊണ്ട് തുക നൽകിയതായി കണ്ടു. തെരഞ്ഞെടുത്ത രണ്ട് ജില്ലകളിലെ എസ്.എ.എ-കളിലുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഡി.എം.ഒ പരിശോധിച്ചതിലെ കാലതാമസം 49 മുതൽ 275 ദിവസം വരെ ആയിരുന്നു. നിയമത്തിൽ ആവശ്യപ്പെടുന്ന പ്രകാരം ഉചിതമായ പരിശീലനം കൊടുത്തത് കുറച്ച് സി.ഡബ്ല്യു.പി.ഒ-മാർക്ക് മാത്രമാണ്. 25 കുട്ടികളിൽ 22 പേർക്ക് നിർദ്ദിഷ്ട അധികാരികളുടെ ശിപാർശ കൂടാതെ ബാലനീതി ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. രണ്ട് എസ്.എ.എ-കളിൽ, ശേഖരിച്ച ദത്തെടുക്കൽ ഫീസ് നിർദ്ദിഷ്ടമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടി ചെലവഴിച്ചു. കുട്ടികൾ അധിവസിക്കുന്ന മന്ദിരങ്ങളിൽ സംസ്ഥാന, ജില്ലാ പരിശോധന സമിതികൾ, സി.ഡബ്ല്യു.സി-കൾ മുതലായവ നടത്തിയ പരിശോധനകളിൽ കുറവുണ്ടായി. ഐ.സി.പി.എസിന്റെ ഡാറ്റയുടെ സൂക്ഷിക്കലുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറിന്റെ പ്രവർത്തനം തുടർച്ചയായുള്ള സാങ്കേതിക തടസ്സങ്ങൾ മൂലം വൈകി.

### 2.1.11. ശിപാർശകൾ

- ജെ.ജെ.ബി-കളിലും സി.ഡബ്ല്യു.സി-കളിലും എത്തുന്ന കുട്ടികൾക്കും കുടുംബങ്ങൾക്കും ഉചിതമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വേണ്ടതായ സൗകര്യങ്ങളോടെ സുരക്ഷിത താമസസൗകര്യം ലഭിക്കുന്നുവെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സാധാരണ കുട്ടികളോടൊപ്പം മാനസിക രോഗമുള്ള കുട്ടികളെയും, മയക്ക് മരുന്ന്, മദ്യം മുതലായവയിൽ നിന്ന് വിമുക്തി വേണ്ടുന്ന കുട്ടികളെയും ഒരുമിച്ച് താമസിപ്പിക്കുന്നത് അനുവദിക്കുന്നില്ലെന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- സി.സി.ഐ.-കളിൽ ക്രമമായ സന്ദർശനങ്ങൾ സി.ഡബ്ല്യു.സി നടത്തുകയും ഫോസ്റ്റർ കെയറിൽ ഉള്ള കുട്ടികൾ സുരക്ഷിതവും സുഖകരവുമായ ജീവിതം നയിക്കുന്നു എന്ന് ഉറപ്പ് വരുത്താനായി ഫലപ്രദമായ തുടർനടപടികൾ എടുക്കേണ്ടതുമാണ്.
- കുഞ്ഞുങ്ങളുടെ സുരക്ഷിതമായ ഉപേക്ഷിക്കലിനായി, ചട്ടത്തിൽ നിഷ്കർഷിക്കുന്നത് പോലെ ശിശു തൊട്ടിൽ ഇടങ്ങൾ സ്ഥാപിക്കണം.
- ഐ.സി.പി.എസിൽ നിന്ന് സ്പോൺസർഷിപ്പ് കിട്ടുന്ന കുട്ടികൾക്ക് എസ്.സി./എസ്.റ്റി. വികസന വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്ന് വകുപ്പ് ഉറപ്പ് വരുത്തണം.